2020 ഫിബ്രവരി, മാർച്ച്, ഏപ്രിൽ
ത്രൈമാസിക ₹ 10

# നക്ഷത്രരാജ്യം

ത്രൈമാസിക

The National, State, District, Village star news Kerala & India

Cinema Sports Arts & Literature



അർജന്റീന താരം ലൂയിസ്ബ്രൗൺ
ഫുട്ബോൾ ഉയർത്തിപ്പിടിച്ചപ്പോൾ



യു.എ. ഖാദർ (കഥ)
മലയത്ത് അപ്പുണ്ണി (കവിത)
പി. ആർ.നാഥൻ (ലോകവിചാരം)
ശ്രീധരനുണ്ണി (കവിത)
രാജൻ ചിന്നങ്ങത്ത് (കഥ)
ഭാസി മലാപ്പറമ്പ് (സ്പോർട്സ്)
മഞ്ചേരി ബാലചന്ദ്രൻ (ഗാനം)
നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ (നോവലറ്റ്)
രജികുമാർ പുലാക്കാട് (കവിത)
എ.കെ.എ. റഹ്മാൻ കൊടുങ്ങല്ലൂർ (ലേഖനം)
പ്രഭാകരൻ നറുകര (കവിത)
വിനോദ്കുമാർ ദാമോദർ (ലേഖനം)
എം. കെ. രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി (കവിത)

# MS KRISHNA

## METER SERVICE




13/585 - B4, Near Apsara Theatre,
Calicut - 673 002
Ph: 2702760, Mob: 9447337908




**We are undertaking Repair & Servicing of all kinds of Speed Meter and Electronic fare Meters**

**Dealers in Smart Electronic fare meter for Auto & Call Taxi**

















മുഖചിത്രം
റോമാ
(ഫിലിം സ്റ്റാർ)


Nakshatra Rajyam
TRI Monthly (QUARTERLY) Magazine
2020 Feb, March, April
RNI Title Code: KERMAL 16195 Dt: 22-06-2018
issue 7 - volume 3
Managing Editor, Publisher & Owned by
Nakshthrarajyam E. Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007, Kerala



Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com
WEB
www.nakshathrarajyameradhakrishnan.in



**LAYOUT**
Nakshthrarajyam E. Radhakrishnan

**Cover**
**Ideal Graphics - Calicut**
**Price 10.00**


## എഡിറ്റോറിയൽ

### ഭരണഘടന



**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

ഭാരതത്തിലൊട്ടുക്കും, പ്രത്യേകിച്ച് കേരളത്തിലും മന്ത്രങ്ങളും ജപങ്ങളുമായി ദിവസേനയെന്നോണം കേട്ടുകൊണ്ടിരിക്കുകയാണ് ഭാരതത്തിലെ ഭരണഘടനയെകുറിച്ച്. ഇന്ത്യൻ ഭരണഘടനയെ നിന്ദിക്കുന്നവരും, വന്ദിക്കുന്നവരും-പ്രാർത്ഥിക്കുന്നവരും രണ്ടു വിഭാഗക്കാരുടേയും നാവിൻ തുമ്പിലൂടെ മലിനമാകുകയാണിന്ന് പാവനമായ ഇന്ത്യൻ ഭരണഘടന. ഡോ. അംബേദ്ക്കർ ഉൾപ്പെടെയുള്ള ധിഷണശാലികളായ ദേശസ്നേഹികളും മഹാരഥന്മാരായ ജനനേതാക്കളും ചേർന്ന് രാജ്യത്തിന്റെ കെട്ടുറപ്പിനു വേണ്ടി ഭരണഘടന എഴുതിയുണ്ടാക്കി. ഭാരതത്തിന്റെ ഭരണസാരഥികളും, ദേശീയ നേതാക്കളും ദേശീയ പ്രസ്ഥാനങ്ങളും ഭരണകൂടവും നിത്യേനെയെന്നോണം ഓർത്തുകൊണ്ടിരിക്കുന്നതിനും ഭാരത-സംസ്ഥാന ഭരണ സാരഥികൾ അവഗണിക്കുന്ന തങ്ങളുടെ ആവശ്യങ്ങൾ പൗരന് രാജ്യത്ത് നീതിന്യായ കോടതികളിൽ കൂടി തീർപ്പാക്കി കിട്ടാനും, രാജ്യകെട്ടുറപ്പിനും വേണ്ടിയാണ് ഭാരതത്തിന്റെ ഭരണഘടന ലോകത്തിന്റെ തന്നെ നെറ്റിയിലെ പൊൻതൂവലായി രാജ്യപുരോഗതിക്കും നന്മക്കും വേണ്ടി എഴുതി ഉണ്ടാക്കപ്പെട്ടത്.

ഭരണഘടന വിഭാവനം ചെയ്യുന്ന സാർവ്വത്രീക ജനങ്ങൾക്കും സൗജന്യ വിദ്യാഭ്യാസവും, തൊഴിലും ഉൾപ്പെടെ പല ജനകീയ പദ്ധതികളും രാജ്യത്ത് വർഷാവർഷങ്ങളിലായി അട്ടിമറിക്കപ്പെടുന്നുണ്ട് എന്നത് ഒരു അരമന രഹസ്യമൊന്നുമല്ല. അങ്ങാടിപാട്ടുകൂടിയാണ്. ജനങ്ങളുടെ ക്ഷേമത്തിനു വേണ്ടിയും നന്മക്കു വേണ്ടിയും, ഇത്തരം ഭരണഘടനാ വിരുദ്ധരായ ഛിദ്രശക്തികൾക്കെതിരെ രാജ്യത്ത് ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ആത്മാർത്ഥമായി സമരം ചെയ്യുന്നതായി ആർക്കും മനസ്സിൽ തോന്നിയിരിക്കാറില്ല. ഇന്നത്തെ പരിതാപകരമായ സ്ഥിതി എല്ലാപ്രസ്ഥാനങ്ങളും വികസനമെന്ന മന്ത്രജപത്തിന്റെ മറവിൽ ധനവാന്മാരായ വിദ്യാഭ്യാസ കച്ചവടക്കാരുടെയും കോർപ്പറേറ്റു മുതലാളിമാരുടെ കൂടെ ചേരുകയാണ് എന്നതുകൂടിയാണ്. ഭരണഘടന പ്രകാരം രാജ്യത്തിലെ ജനങ്ങൾ അനുഭവിക്കേണ്ടിയിരുന്ന എന്തെല്ലാം തുല്യതകളാണിന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. ജീവിക്കാനും സമ്പാദിക്കാനും പണം നേടാനുമുള്ള അവസരം ഏതെങ്കിലും ഒരു ചെറിയ വിഭാഗത്തിനു മാത്രമായി ചുരുങ്ങുന്ന വിധത്തിൽ ഭരണസാരഥ്യം വഹിക്കുന്നവർ, ജനകീയരാണെങ്കിലും-ഏത് രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ മാത്രം ചുരുങ്ങി പ്രവർത്തിക്കുന്നവരാണെങ്കിലും അവർ ജനവിരുദ്ധർ തന്നെയാണ്. ഭരണഘടനയെ പ്രാർത്ഥിക്കുകയും പ്രകീർത്തിക്കുകയും ചെയ്യേണ്ടിയിരിക്കുന്നത് സാർവ്വത്രീകമായ ജനങ്ങൾക്കും പണം സമ്പാദിക്കുവാനും ദിനവും വേതനം ഏറ്റവും അധികം ലഭിക്കുന്ന എല്ലാവരേയുംപോലെ മാന്യമായി എല്ലാവർക്കും ധനസമ്പാദന മാർഗ്ഗങ്ങളും ജീവിതവേതന പുരൊഗതിയും ഉണ്ടാകത്തക്ക പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതിനു വേണ്ടിയാകണം. ഏതെങ്കിലും മതവിഭാഗങ്ങളെ അത് ഹിന്ദുവായിരുന്നാലും മുസ്ലീമായിരുന്നാലും കൃസ്ത്യാനിയായിരുന്നാലും അവരുടെ വോട്ട് ബാങ്ക് കൈക്കലാക്കാനായി മാത്രം ഭരണഘടനയെക്കുറിച്ച് ഘോരംഘോരം പറയുന്ന പ്രസ്താനങ്ങളെല്ലാം മഹത്തായ ഇന്ത്യാരാജ്യത്തിലെ ഭരണഘടനയെ നിന്ദിക്കുകയാണ് ചെയ്യുന്നത് എന്നോർക്കേണ്ടിയിരിക്കുന്ന കാലം അതിക്രമിച്ചിരിക്കുന്നു. ഇതാണ് സാധാരണ ജനങ്ങൾ ധരിച്ചു വെച്ചിരിക്കുന്നത് എന്ന കാര്യം മറവിയുടെ മാറാല പിടിക്കാതിരിക്കാൻ ഭരണകൂടങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഓർക്കുന്നത് ജനക്ഷമത്തിന് ഉത്തമമാണ്.

കഥ



യു.എ. ഖാദർ

# വിളിപ്പുറത്തെ ദേവി



കുന്നുമ്മൽ പൊന്മാടത്ത് കുഞ്ഞബ്ദുള്ള ഹാജിയെ കണ്ടിട്ടുള്ളവർക്ക് ഇപ്പറയും പെണ്ണിന്റെ, കുറ്റിയും കൊളുത്തും വേറെ എവിടെയാണ് എന്ന് ചിന്തിക്കേണ്ടതില്ല. അതേ തങ്കനിറം. നേരെ നിവർന്നു നിന്നാൽ ഹാജ്യാരുടെ ആ തലയെടുപ്പും എന്തിനും പോന്നവൾ എന്ന് ആ പെരുമാറ്റവും ഒരച്ചിൽ വാർത്തു വെച്ചപോലെ.

ചിനാന്തോടിക്കൽ കുഞ്ഞപ്പന്റെ ചാളയിൽ തിണ്ടിന്റെ താഴത്തുകൂടി ഒഴുകുന്ന കന്നിതോട്ടിന്റെ നടവഴിചാർത്തിൽ മുറ്റിപടർന്ന കൈതോലക്കാടിലെ മൂപ്പെത്തിയ മഞ്ഞകൈത ഓല അരിഞ്ഞ് തോട്ടും കരയിൽ ചായ്ച്ച് വെയ്ക്കുന്ന പെണ്ണിന്റെ നിറവും കോലവും നോക്കിയങ്ങനെ നിന്നാൽ അതാര് കുഞ്ഞബ്ദുള്ള ഹാജിയുടെ മോളോ എന്നാരെങ്കിലും ചോദിച്ചാൽ കേൾക്കുന്ന ചെറുമിപ്പെണ്ണിന് ചേപ്പറ തോന്നുകയില്ലായിരിക്കാം. അങ്ങനെയെങ്കിൽ അങ്ങനെ എന്ന ഭാവത്തിൽ ചാളയിറയത്ത് ചാരിയിരുന്നു കൺമുമ്പിൽ കാണുന്ന ആരോടായാലും പെണ്ണ് പറയും "അങ്ങനെ നോക്കി ആരായാലും എന്നെകണ്ട് തുപ്പലിറക്കണ്ട. എന്റെ നിറവും മണവും നോക്കി ഏളിതം കൊള്ളണ്ട... ആരായാലും എന്റെ മുമ്പാകെ വന്നു നിക്കട്ടെ. ഞാനോലെ ഒന്ന് കാണട്ടെ. എന്നിട്ട് പറയാം ബാക്കിയൊക്കെ."

പെണ്ണിന്റെ തന്തപ്പിടി അരിയനാണ്. തലയിൽ ചരിച്ചുവെച്ച ഗാന്ധി തൊപ്പി ഖദറിന്റെ ജുബ്ബ. ചാളയിൽ ചെറുമിയും പൈതലുമുണ്ടെന്നറിഞ്ഞു കൊണ്ടുതന്നെയാണല്ലോ അക്കാലത്ത് സ്വയ രാജ്യം നേടാനും ഉപ്പു കുറുക്കാനും കടപ്പുറത്തേക്ക് ഇറങ്ങി പുറപ്പെട്ടത്. മൂടാടി നായരുടെ വഴി വാലായി ജന്മം ചെലവഴിച്ച അരിയന് തിര്യാദയുടേയും മോളുടേയും കാര്യം നോക്കാൻ നേരം കിട്ടിയിട്ടുണ്ടാവില്ല.

കാലം കുറച്ചു കഴിഞ്ഞപ്പോൾ ആരോ ഒരിക്കൽ അരിയനോട് ചോദിച്ചു. അങ്ങാടി സാമാനം വാങ്ങാൻ മോളെതന്നെ പറഞ്ഞയക്കണതെന്തിനാ എന്ന്. കേട്ട നിൽക്കുകയായിരുന്ന തിര്യാതയാണ് അതിന് മറുപടി പറഞ്ഞത്. "ഓള് എന്റെ മോളായതുകൊണ്ടാ"

"നെന്റെ മോളായാലും അരിയന്റെ മോളായാലും അതല്ല പുലയൻ കണ്ണ് ചരിച്ചിട്ട നേരം അതല്ലെങ്കിൽ ഓൻ ജയിലിൽ പോയ കാലം കഥയൊന്നും എന്നെക്കൊണ്ട് പറയിക്കണ്ട."

## 1

അരിയന്റേയും തിര്യാതയുടേയും മകൾ കല്യാണി വളർന്നതും വലുതായതുമൊക്കെ ഓരോരുത്തർക്ക് ഇഷ്ടാനുസരണം കഥ മെനഞ്ഞുണ്ടാക്കാൻ പാകത്തിലാണെങ്കിലും കല്യാണിയെ അവൻ കാണുന്നത് എവിടെ വച്ചാണ്?

കല്യാണി ഇഞ്ചി ചുണങ്ങുകയായിരുന്നു. കാരണവരുടെ പീടികയിൽ മലഞ്ചരക്കുകൾ വാങ്ങി ചേളാട്ടിയിൽ ചൊരിയുന്നതിനിടയിൽ കിഴക്കു നിന്നും കാവോടി ഏറ്റി വരുന്ന ആൾക്കാരുടെ കൈയിൽ നിന്നും വിലകൊടുത്ത് ഇഞ്ചി സിമന്റിട്ട മുറ്റത്ത് പലയിടത്തായി കൂട്ടിയിട്ട ഇഞ്ചി ചാക്കുകൾ തുറന്ന് ജോലി ചെയ്യുന്ന പെണ്ണുങ്ങൾ. ചുണങ്ങ് ചുരണ്ടിക്കളഞ്ഞ് അവ വെയിലത്തിട്ടുണക്കണം പണിക്കാരത്തികൾ.

പിന്നീട് കാരണവർ പീടികയിൽനിന്ന് വീട്ടിലേക്ക് കൊടുത്തയക്കുന്ന ഇഞ്ചിചാക്കുകൾ തുറന്ന് ചുണങ്ങ് കളയുന്ന ജോലിക്ക് വന്നുകൂടിയ നാട്ടുകാരി പെണ്ണുങ്ങളുടെ കൂട്ടത്തിൽ കല്യാണിക്കായിരുന്നു മുൻതൂക്കം... കാരണവർ അറിഞ്ഞുകൊണ്ടു തന്നെയാണ് അവളെ പണിക്കു നിർത്തിയത്

പീടികയിൽ സാധനം വാങ്ങാൻ വന്ന തിര്യാതയോട് അവളുടെ തലയിൽ വെളിച്ചെണ്ണ കോരിയൊഴിച്ച് കൊടുക്കുന്നതിനിടയിൽ കാരണവർ പറഞ്ഞിരുന്നു.

"നീ നെന്റെ മോളെ എന്റെ പൊരയിലേക്ക് പറഞ്ഞയക്കണം. ചാളയിൽ വെറുതെയിരിക്കണ്ട. പായ നെയ്യാനിരുന്ന് ഊരയുടെ എല്ലും പൊട്ടിക്കണ്ട. ഓള് എന്റോടെയിരുന്ന് ഇഞ്ചി ചുണങ്ങിക്കോട്ടെ. ഓള് ഒറ്റക്കല്ല ഓള പോലെ നല്ല മാറും മോറുമൊത്ത വേറെയും പണിക്കാരത്തികൾ എന്റെ പാണ്ട്യാലയിലുണ്ട്. നീ ഓളെ പറഞ്ഞയക്ക്."

പീടികയിലിരുന്ന് ഈ പറച്ചിലൊക്കെ അവനും കേട്ടിരുന്നു. ഇഞ്ചി ചുണങ്ങുന്ന അവൾ ജോലി ചെയ്യുന്നത് കണ്ടപ്പോൾ രസം തോന്നി. കാണാൻ ചന്തമുള്ള ചെറുമിപെണ്ണുങ്ങൾക്കിടയിൽ വെളുത്ത് കൊലുന്നനെയുള്ള പെണ്ണ്...

മുമ്പിൽ കൂട്ടിയിട്ട ഇഞ്ചിയുടെ ചേളാട്ടികൊട്ടക്കരികെയിരുന്ന് ഓരോന്നുമെടുത്ത് നന്നായി ചുരണ്ടി ചുണങ്ങ് നീക്കി അവൾ കൊട്ടയിലിടുന്നത് ആരായാലും ആ ചന്തക്കാഴ്ച നോക്കി നിന്നു പോവും. അത്രയും പെട്ടെന്നാണ് അവൾ കൈയ്യും മെയ്യും മറന്ന് പണിയെടുക്കുന്നത്. ചുണങ്ങിയ ഇഞ്ചികൂമ്പാരത്തിനരികെ ചെന്ന് നിന്നപ്പോൾ മുകളിലേക്ക് തലയുയർത്തി അവളെന്നെയൊന്ന് അവൻ നോക്കി. എന്തോ അവൾ ചിരിച്ചു. ആ ചിരിക്ക് വല്ലാത്ത ഒരു കാന്തകൂട്ടുണ്ടായിരുന്നു. വരാന്തയിൽ കയറി ഇരുന്നിട്ടും അവന്റെ നോട്ടം അവളിൽ തന്നെയായിരുന്നു.

വീട്ടിൽ വെറുതെ ഇരിക്കുന്ന കാലമായിരുന്നു അത്.

കാൺമാൻ നല്ല ചന്തമുള്ള പെണ്ണുങ്ങൾ മുറ്റത്ത് പണിയെടുക്കുന്നത് കണ്ടപ്പോൾ നോക്കിയിരിക്കാൻ ചെറുപ്പക്കാരന് കമ്പമേറി. അടുപ്പുഴിഞ്ഞിട്ട കോഴിയെപ്പോലെ വീട്ടുമുറ്റത്ത് ചുറ്റിപറ്റി നിന്നു.

കാരണവർ കണ്ടപ്പോൾ അവന് ഒരു പണിയായി.

കാരണവർ പറഞ്ഞു;

ഇഞ്ചി ചുണങ്ങിയതിന്റെ കൂലി കൊടുക്കുമ്പോൾ ഓരോരുത്തരും ചെയ്ത പണിയുടെ മതിപ്പുനോക്കി ഇനിയിവർക്ക് കൂലി എണ്ണി കൊടുക്കണം. അവർക്കുള്ള പ്രതിഫല തുക കാരണവർ അവനെ ഏല്പിച്ചു.

ഓരോരുത്തർക്കുള്ള കൂലി എണ്ണി കണക്കാക്കി കൊടുക്കുന്നതും കല്യാണിയായിരുന്നു. ചിലപ്പോഴെല്ലാം പണിസ്ഥലത്തു നിന്നും കല്യാണി വേറെയെവിടെയെല്ലാമോ പോകുന്നതും അവൻ ശ്രദ്ധിച്ചു. അതെവിടേക്കാണെന്ന് അവൻ അന്വേഷിച്ചു. അവൾ മറുപടിയൊന്നും പറഞ്ഞില്ല. ഒരു ദിവസം അല്പം പരിഭവത്തിൽ ചോദിച്ചപ്പോൾ അവളൊന്നു ചിരിച്ചു. കൂട്ടത്തിലുള്ള മറ്റു ചെറുമിപ്പെണ്ണുങ്ങളും ചിരിച്ചു.

"ഞാൻ വിളിക്കുമ്പം വരുങ്കി" അവളുടെ ചിരിയും നിറഞ്ഞ മാർവ്വിടവും അരക്കെട്ടും എല്ലാം ചേർന്നുള്ള ചിരിയും അവൻ ശ്രദ്ധിച്ചു.

അന്നൊരു ദിവസം അവൾ പതിവിലും ഉത്സാഹവതിയായിട്ടായിരുന്നു വന്നത്. മുമ്പിൽ കൂമ്പാരം കൂട്ടിയ ഇഞ്ചിയിൽനിന്നും ഓരോന്നുമെടുത്ത് ചുരണ്ടുന്നതിനിടയിൽ അവൾ ചോദിച്ചു. "ഞാൻ വിളിച്ചാ ഒരിടത്ത് വരുവോ"

അവൻ തലകുലുക്കി. അവൾ എന്തിനായിരിക്കും വിളിക്കുക. അറിയാത്ത മട്ടിൽ പറഞ്ഞു."വിളിച്ചേടത്ത് വന്നാൽ നീ എനിക്കെന്താ തര്വാ." അതൊരനാവശ്യ ചോദ്യമായിരുന്നോ?

പാണ്ടികശാല വരാന്തയിലിരുന്ന് ജോലി ചെയ്യുന്ന പെണ്ണുങ്ങളെല്ലാവരും ചിരിച്ചു. അവരിൽ അല്പം പ്രായം കൂടിയ സ്ത്രീ കല്യാണിയോട് പറയുന്നതു കേട്ടു. ചെല്ലുണ്ണേ ചെല്ലുണ്ണേ നീ വിളിക്കുമ്പം ഓറ് വരും

അനുവാദം കിട്ടിയ മട്ടിൽ അവളെഴുന്നേറ്റു.

മാറിലെ തോർത്തെടുത്തു മുഖം തുടച്ചു. അവൾ മുന്നിൽ നടന്നു. അല്പം മാറിനിന്നുകൊണ്ട് എന്തോ ചെയ്യാനരുതാത്തത് ചെയ്യും പോലെ അവൻ അവളെ പിന്തുടർന്നു. ഇടവഴിയുടെ അറ്റത്തെത്തിയപ്പോൾ അവൾ നിന്നു. അവൾ കൈകൊണ്ട് ആംഗ്യം കാണിച്ചുവോ എന്ന് സംശയം. എന്താണെന്നറിയില്ല. അവന്റെ നെഞ്ചിടിപ്പ് കൂടി. ഇടവഴിയിലൂടെ അറ്റത്തെ മുള്ളുവേലിക്കരികെ അനുഗമിക്കുന്നവനെ കാണേത്തന്നെ അല്പനേരം നിന്ന് മുള്ള് വേലിയുടെ വാതിൽ തുറന്ന് അവൾ ആ പുരയിടത്തിലേക്ക് കടന്നു. ആ വീട്-ഇടവഴിയുടെ കിഴക്ക് ഭാഗത്ത് തെരുവാണ്. ചാലിയരുടെ തെരുവ്. മുൾവേലി വിടവിലെ അവൾ തുറന്നു വെച്ച വാതിൽ വിടവിലൂടെ അവനും ആ പറമ്പിലേക്ക് കയറി. മുൾവേലി അടച്ചു. അവൾ ആ വീട്ടിനകത്തേക്ക് കയറിയപ്പോൾ അവനും. അവിടെ ഒരു വൃദ്ധ സ്ത്രീ മാത്രമേ ഉണ്ടായിരുന്നുള്ളു. അവർക്ക് അവനെ അറിയാമായിരുന്നു. കണ്ട ഉടനെ വളരെ കാലമായി പരിചിത എന്ന ഭാവത്തിൽ അവന്റെ കീശയിൽ അവൾ കൈയിട്ടു. വൈകുന്നേരം പണിക്കാരികൾക്ക് കൂലി കൊടുക്കാനേല്പിച്ച പണമാണ്. അതിൽനിന്ന് ചില്ലറയെടുത്ത് ബാക്കി അവന്റെ കീശയിലിട്ടു. അവർ പറഞ്ഞു "വെത്തിലടക്ക തിന്നാനാ. മോനങ്ങോട്ട് ചെല്ല്" വൃദ്ധ സ്ത്രീ ആംഗ്യം കാണിച്ച മുറിയുടെ വാതിൽ തുറന്ന് അകത്ത് കയറിയപ്പോൾ ഇഞ്ചി ചുണങ്ങിയതിന്റെ ഗന്ധം... ഒരു അത്ഭുത കാഴ്ച പോലെ അവനെ കണ്ണും മിഴിച്ച് നോക്കുന്ന കല്യാണി. എപ്പോഴും കണ്ടിരിക്കാൻ അവനിൽ കൊതിപടർത്തിയ അവളുടെ നഗ്നമേനി... അവളുടെ ശരീരം തുളുമ്പിയ നല്ലണ്ണയുടേയും ഇഞ്ചിചുണങ്ങിന്റേയും ഗന്ധം. അതേ ഓർമ്മയുണ്ടായിരുന്നുള്ളു. മറ്റെല്ലാം തികച്ചും അപരിചിതമായ ആ മുറിയുടെ ചുമരുകൾക്കുള്ളിലെ അമർത്തി പിടിച്ച ഞരങ്ങലുകളായി ശ്വാസോച്ഛ്വാസങ്ങളായി കിതപ്പുകളായി മാത്രം മനസ്സിൽ തങ്ങി നിന്നു. അവളായിരുന്നു എല്ലാറ്റിനും മുൻകൈ എടുത്തത്. ആ കട്ടിലിന്റെ ഞരുക്കം പിളർന്ന ചുണ്ടുകളും ആർത്തി നാവും ഒപ്പിയെടുക്കുകയായിരുന്നു. അവളുടെ ശരീരം തുളുമ്പിയ വിയർപ്പു നിമിഷങ്ങളായി അലി

ഞ്ഞു. ഉരുകിയൊലിച്ച സംഗീത മുഴക്കങ്ങളിൽ കുഴഞ്ഞു. മുറിക്ക് പുറത്തേ വരാന്തയിലിരുന്ന് മുറുക്കാൻ ചവയ്ക്കുന്ന സ്ത്രീ പതുക്കെ കല്യാണി എന്ന് വിളിച്ചപ്പോൾ അവൾ അവനോട് പറഞ്ഞു. "പോയ്ക്കോ പോയ്ക്കോ."

അവൻ ധൃതിപിടിച്ച് പുറത്തേക്കിറങ്ങി. ശരീരം വിയർത്ത് കുതിർന്നിരുന്നു. അവൾ മാറത്തിട്ട തുണികൊണ്ട് അവൻ മുഖം തുടച്ചു. നല്ലെണ്ണയുടേയും ഇഞ്ചിചുണങ്ങിന്റേയും ഗന്ധം അവന്റെ ശരീരത്തിൽ ഒട്ടിപിടിച്ചു. "ആരും ഇല്ല പോയ്ക്കോ എന്നവൾ പതുക്കെ പറഞ്ഞു." മുൾവേലികടന്ന് വിജനമായ ആ ഇടവഴിയിലൂടെ തെക്കോട്ടോ വടക്കോട്ടോ എന്ന നിശ്ചയമില്ലാതെ അവൻ നടന്നു.

എങ്ങോട്ട് നടന്നാലും എത്തുക അങ്ങാടിയിലേക്കാണ്. പാണ്ടികശാലയിൽ തിരിച്ചെത്തുമ്പോൾ നേരം നന്നേ വൈകിയിരുന്നു. വീട്ടിൽ കയറി അല്പം വിശ്രമിച്ച ശേഷമാണ് അവൻ പാണ്ടിക ശാലയിലെത്തിയത്. ഒന്നും സംഭവിക്കാത്തതുപോലെ അല്ലെങ്കിൽ എന്തെല്ലാമോ സംഭവിച്ചതുപോലെ അവനെ കണ്ടപ്പോൾ അവളുടെ കൂട്ടുകാരികൾ ചിരിച്ചു. അവൾ തലതാഴ്ത്തി ഇഞ്ചിചുണങ്ങകയായിരുന്നു. അവന്റെ ശരീരത്തിൽ ഒട്ടിപ്പിടിച്ച നല്ലെണ്ണയുടേയും ഇഞ്ചിചുണങ്ങിന്റേയുംഗന്ധം അപ്പോഴും ശരീരത്തിൽ നിന്ന് ഇളം ചൂടോടെ വമിക്കുന്നുണ്ടായിരുന്നു.

രാത്രിയിൽ കിടക്കപായയിൽ ഇരുൾ നിമിഷങ്ങളിൽ ശരീരത്തിലൊട്ടി നിന്ന ആ ഗന്ധം പേർത്തും പേർത്തും ആസ്വദിക്കാൻ അവൻ കൈതണ്ടയിൽ ഉമ്മവെച്ചു. കഴുത്തിൽ വിരലുകൾ ചേർത്ത് കഴുത്തിൽ പറ്റിപിടിച്ച ഗന്ധം വീണ്ടും ശ്വസിക്കാൻ ശ്രമിച്ചു. ആ രാത്രി മുഴുക്കെയും യുവാവ് ശരീരത്തിലൊട്ടിപിടിച്ച ഗന്ധം പേർത്തും പേർത്തും ആസ്വദിച്ചാണ് അവനന്നുറങ്ങിയത്.

രാത്രിയുടെ ഏതോ നിമിഷത്തിൽ കല്യാണിയുടെ മുഖത്ത് പ്രസരിച്ച ആ മന്ദഹാസം അവനെ സ്വപ്നങ്ങളുടെ താഴ്വരയിൽ അലയാൻ വിട്ടു.

അവൻ കല്യാണിയുടെ വീട്ടുപടിക്കൽ അന്നൊരുനാൾ ചെന്നു. അവിടെ ചെറ്റ ഇറയത്ത് ഗാന്ധിതൊപ്പിയുടെ കീറിയ ഭാഗങ്ങൾ തുന്നി കൂട്ടുന്ന പഴയ കിഴവനുണ്ട്. അടുക്കളയിൽ അവശയായി കിടക്കുന്ന തിര്യാതയുണ്ട്. കല്യാണിയെ അവിടെ കണ്ടില്ല. റെയിൽപാളത്തിന് തൊട്ട് താഴെ പടിഞ്ഞാറ് വശത്താണ് ആ ചാളയുണ്ടായിരുന്നത്. ആ വഴിയും തണ്ടാം വയലും കല്യാണിയും അവന്റെ അന്വേഷണത്തിന്റെ വട്ടം ചുറ്റിപറക്കലിന്റെ യൗവനത്തിന്റെ മന്ത്രകുടീരമായി. കല്യാണി ഒരിക്കൽ പറഞ്ഞിരുന്നു. എപ്പം വിളിച്ചാലും ഞാനവിടെ എത്തും. എന്നെ മനസ്സിൽ നിരീച്ചാൽ മതി. ഞാനവിടെ എത്തും. പരസ്പരാലിംഗനത്തിന്റെ ചുടുശ്വാസം ഉറവയായൊഴുകുന്ന യൗവ്വനത്തിന്റെ പൂർണ്ണനിറവിൽ വിളിപ്പുറത്ത് ഞാനെത്തും.


അന്നവളങ്ങിനെയാണ് പറഞ്ഞത്. അതിന്റെ വ്യംഗ്യാർത്ഥവും തേടിയായിരുന്നു തുടർന്നുള്ള അവന്റെ മറുകണ്ടം ചാടലുകൾ. ■

**കവിത**



മലയത്ത് അപ്പുണ്ണി

# സ്ക്കൂൾ അന്ന്



പൊട്ടിപ്പൊളിഞ്ഞ നിലം
കരി പുരണ്ട ചുമർ
ചോർന്നൊലിക്കുന്ന മേൽക്കൂര
മേൽക്കൂരയില്ലാത്ത മൂത്രപ്പുര.
ബെല്ലടിച്ചാൽ ഓടി വന്നു
ബെഞ്ചിലിരിക്കും കുട്ടികൾ
കടന്നു വരും ചൂരൽ-
വീശിയയദ്ധ്യാപകൻ!
കീറിയ മുറിയൻ ഷർട്ട്
ചളിപുരണ്ട ട്രൗസർ
കഞ്ഞിയൂറ്റിയ വറ്റും
ചമ്മന്തിയും ചോറ്റുപാത്രത്തിൽ.
തുണിസ്സഞ്ചിയിൽ പുസ്തകം
പൊട്ടിയ സ്ലേറ്റ്
കുറ്റി പെൻസിൽ
മായ്ക്കാൻ വെള്ളത്തണ്ട്
പഠിപ്പിച്ചു പുസ്തകത്തിലെ
പാഠങ്ങളദ്ധ്യാപകൻ
പഠിച്ചു ഞങ്ങൾ ജീവിത-
പാഠ പുസ്തകം സ്വയം...!



കഥ

# കയം





രാജൻ ചിന്നങ്ങത്ത്

അവസാനം ജ്വലിച്ചു നിൽക്കുകയായിരുന്ന വെയിൽ നാളങ്ങൾ ക്ഷയിക്കുകയും, പകൽ ഒരു പക്ഷിയെപ്പോലെ ചിറകറ്റു വീഴുകയും ചെയ്തപ്പോൾ അവൾ അക്ഷരാർത്ഥത്തിൽ നടുങ്ങുക തന്നെ ചെയ്തു.

അന്നും പതിവുപോലെ, പ്രതീക്ഷകളുടെ കിരണങ്ങളെ കെടാതെ സൂക്ഷിച്ച്, ഏറെ നേരമായുള്ള കാത്തിരിപ്പ് തുടരുകയായിരുന്നു അവൾ.

പൊടുന്നനെ ദിക്കുകൾക്കപ്പുറത്തു നിന്ന് വേഗതയിലിഴഞ്ഞുവരുന്ന ഇരുട്ടുപോലെ, കറുത്ത ഒരാവരണം മനസ്സിനുമീതെ വന്നുവീണു. നിരാശയുടെ സംഹാരസമർത്ഥമായ താഡനത്താൽ മനസ്സ് ഞെരിഞ്ഞമരുമ്പോഴും അവൾ യഥാർത്ഥ്യബോധത്തോടെ പിടിച്ചു നിൽക്കാനും, പുലരാനിരിക്കുന്ന പ്രഭാതത്തിലേക്ക് മറ്റൊരു പ്രതീക്ഷയുടെ സ്ഫുലിംഗം കരുതിവയ്ക്കാൻ ശ്രമപ്പെടുകയും ചെയ്തു. കാത്തിരിപ്പിന്റെ അന്ത്യം... അവൾ ഞെട്ടലോടെ ഓർത്തു. ഇന്നിന്റെ ആവർത്തനമായി നാളെയും നിശബ്ദം കടന്നുപോവുകയാണെങ്കിൽ...?

ഇതികർത്തവ്യതാമൂഢയായി പിന്നേയും. വിജനമായ ഇടവഴിയിൽ സ്വയം കറുപ്പാർജ്ജിക്കുന്ന മൂവന്തിയെ തുറിച്ചു നോക്കി ഇരിക്കുമ്പോൾ, കടിച്ചമർത്തിയിട്ടും അടങ്ങാത്ത ഒരു തേങ്ങൽ തൊണ്ടയിൽ വന്നു തടഞ്ഞു.

ഇന്നും രൂപാ വന്നില്ല. കത്തും. അവൾ ദുഃഖത്തോടും കടുത്ത പരിഭ്രമത്തോടും കൂടി ഉള്ളിൽ മന്ത്രിച്ചു. എത്രദിവസമായി അതും നോക്കി കണ്ണും കഴച്ചിരിക്കുന്നു! എത്ര ആശകളാണ് ഓരോ ദിവസവും നാമ്പിട്ടു കരിയുന്നത്. എത്ര രാപ്പലുകളായി ഇല്ലായ്മയുടെ കനത്ത കാലടി ശബ്ദം ഈ കൂരപ്പുരയ്ക്കകത്ത് മുഴങ്ങുന്നു! എത്ര ദിവസങ്ങളായി...

നിയന്ത്രണങ്ങളുടെ ഇഴകൾ തകർന്ന്, അവൾ തേങ്ങിക്കരഞ്ഞുപോയി. ഇതൊന്നും അയാൾക്കറിയാതെയല്ലല്ലോ. ഓർമ്മയില്ലാഞ്ഞിട്ടല്ലല്ലോ... എന്നിട്ടുമെന്തിനാണിങ്ങനെ താമസമുണ്ടാവാൻ.. അവഗണന ജനിക്കാൻ...

പണം ലഭിക്കാൻ വൈകുന്ന ആദ്യദിവസത്തെത്തന്നെ ഉത്കണ്ഠയോടും ആഹ്ലാദത്തോടും കൂടി ഉറ്റുനോക്കികൊണ്ട്, വേട്ടപ്പട്ടിയെപ്പോലെ മുറ്റത്തു വന്നു നിൽക്കുന്ന പട്ടിണിയെ കുറിച്ച് ബോധവാനല്ലാഞ്ഞിട്ടല്ലല്ലോ...

കഴിഞ്ഞ ദിവസങ്ങളിലെല്ലാം പോസ്റ്റുമാന്റെ നിഴൽ വീഥിയുടെ അങ്ങേയറ്റത്ത് ഒരു ബിന്ദുപോലെ പൊട്ടിവീഴുമ്പോഴേക്കും അവൾ മുറ്റത്തേക്കോടിയിറങ്ങിച്ചെന്നിരുന്നു. പരിചയക്കാരനായ അയാൾ എപ്പോഴുമുള്ള പുഞ്ചിരിയുമായി കടന്നുപോകും. ഒടുക്കം സഹികെട്ട്, അവൾ വിളിച്ചു ചോദിക്കുക പോലും ചെയ്തു.

“ ഇന്നും ഒന്നൂല്യേ മാഷേ?”

“ഇല്ലല്ലോ– അയാൾ പറയും: അയയ്ക്കാൻ വയ്യിട്ടാവ്ല്യാ. പോസ്റ്റിലെ തകരാറാവാനും മതി.”

നേരായിരിക്കാം. അവൾക്കു തോന്നും. കണിശക്കാരനാണ്. പണമയക്കുന്ന കാര്യത്തിൽ ഒരിക്കലും വീഴ്ച വരുത്തുന്ന ആളല്ല.

ഇപ്രാവശ്യം മാത്രം...

കത്തോ മണിയോഡറോ വരാൻ അല്പം താമസിച്ചാൽ മതി, പിന്നെ അവളുടെ മനസ്സമാധാനം നശിക്കുകയായി. പരിഭ്രമം പാഞ്ഞു കയറുകയായി. ദുഷ് ചിന്തകളും വികൃതഭാവനകളും അവിടം മുതൽക്കവളെ ഭരിക്കാൻ തുടങ്ങുകയായി. ഖിന്നചിത്തയായി, നിമിഷങ്ങളുടെ രുദ്രാക്ഷവുമെണ്ണി ഇരിപ്പായി, തൊഴിൽ.

ഇതൊരു വല്ലാത്ത സ്വാഭാവവിശേഷമാണല്ലോ. എന്നവൾ ഇടക്കിടെ ആലോചിക്കുകയും അല്പമായി ആശ്ചര്യപ്പെടുകയും ചെയ്യാറുണ്ട്.

എപ്പോഴും ഭർത്താവിന്റെ വിവരങ്ങളറിഞ്ഞു കൊണ്ടിരിക്കണം. അയാൾ തന്നെപ്പറ്റി സദാസമയവും ഓർക്കുന്നുണ്ട് എന്ന് വായിച്ചറിയണം. തനിക്കും മക്കൾക്കും വേണ്ടിയാണ്, ദൂരെ ഹൈദരാബാദിലെ ഏതോ ഹോട്ടലിന്റെ പിറകുവശത്തെ ഇരുണ്ട മുറിയിലിരുന്ന് മാവരച്ചും, പലഹാരങ്ങളുണ്ടാക്കിയും, എണ്ണയിലും കരിയിലും മുങ്ങി ജീവിക്കുന്നത് എന്ന് കേൾക്കണം.

അതവളുടെ ഒരു സ്വഭാവമായി കഴിഞ്ഞിരുന്നു.

അവളോർക്കും: മനസ്സിന്റെ സഞ്ചാരപഥങ്ങൾ ഊഹാദീതമാണ്. എത്ര നിഷ്പ്രയാസവും സ്വയം അറിയാതെയുമാണ് ഓരോ ശീലത്തിന് അടിമപ്പെട്ടുപോവുന്നത്!...

ചിലപ്പോൾ, ഭീതിജന്യമായ സംഭ്രമത്തോടെ അവൾ ചിന്തിച്ചു പോകാറുണ്ട്. എന്തെങ്കിലും അസുഖം ബാധിച്ച് അയാളോ താനോ മക്കളോ കിടപ്പിലായിപ്പോയാൽ?

പ്രതിമാസം വന്നുചേരുന്ന ഇരുന്നൂറു രൂപയുടെ മണിയോഡർ ഒരു പ്രാവശ്യമെങ്കിലും മുടങ്ങിയാൽ...

പിന്നെത്തെ അവസ്ഥയെപ്പറ്റി സങ്കൽപ്പിക്കാൻ പോലും അവളശക്തയാണ്. ഇരുന്നൂറു രൂപയിൽ നിന്നു ഒറ്റ പൈസപോലും മിച്ചം വയ്ക്കുവാൻ ഒരിക്കലും സാധിച്ചിട്ടില്ല.

ജീവിതാവശ്യങ്ങളുടെ മേൽ നിരന്തരമുണ്ടായിക്കൊണ്ടിരിക്കുന്ന വില വർധന അവളുടെയും മക്കളുടെയും പ്രതിദിന ജീവിതത്തെ കൂടുതൽ ദുർവ്വഹവും ദുഷ്ക്കരവുമാക്കിക്കൊണ്ടിരിക്കുകയാണ്.

വർഷങ്ങളായി തുച്ഛമായ ആവരുമാനത്തിലൊതുങ്ങാൻ പാടുപെടുന്നു.



അവൾക്കു വേറെ തൊഴിലുകളൊന്നുമില്ല. സമ്പാദ്യവുമില്ല.

വെറുതെയിരിക്കുന്ന അലസവേളകളാണ് ദുസ്സഹം. അനാവശ്യമായ ചിന്തകളും കല്പ്പനകളും അന്യദേശത്തെത്തിയ അപരിചിതരെപ്പോലെ വലിഞ്ഞുകേറി വരും. അകാരണമായി എന്തെങ്കിലുമൊക്കെ ഓർക്കുക. ആ ഓർമ്മകളുളവാക്കുന്ന ഭയദമായ പ്രളയത്തിൽ വീണു കിടന്നു വീർപ്പുമുട്ടുക, തുടങ്ങിയവയെല്ലാം അവളുടെ ശല്യങ്ങളായി തീർന്നിരുന്നു.

അയാളടുത്തില്ലാത്ത ഒരു നിമിഷവും തനിക്കു സ്വസ്ഥതയുണ്ടാവില്ല. ആ സത്യം ഒരിക്കൽ കൂടി അവൾ മനസ്സിലാക്കും. സ്വന്തം ജീവിതവുമായി അത്രമേലിഴുകിച്ചേർന്നിരിക്കുന്നു അയാൾ.

നല്ലവനാണ്, സ്നേഹ സമ്പന്നനാണ്, പട്ടുപോലുള്ള സ്വഭാവമുള്ള ആളാണ്. അവളെന്നു വച്ചാൽ ജീവനുമാണ്.

സമപ്രായക്കാർക്കുണ്ടാകുന്ന ദുശ്ശീലങ്ങളൊന്നുതന്നെ അയാൾക്കില്ല.

എന്നിട്ടും തങ്ങളുടെ ജീവിതം അവസാനമറ്റ ഒരു ദുരന്തം പോലെ നീണ്ടുപോകാൻ കാരണമെന്താണ്?

അവൾ സ്വന്തം ആത്മാവിനെ തൃപ്തപ്പെടുത്താനായി ഉള്ളിൽ മന്ത്രിക്കും; എന്തില്ലാത്തപ്പോഴും ഒന്നിനുമാത്രം കുറവില്ലല്ലോ. ആ സ്നേഹത്തിന് വിശ്വാസത്തിന്. ആ നിഷ്കളങ്കതയും തന്നോടുള്ള ആവേശഭരിതമായ അഭിനിവേശവും അവളിൽ സന്തോഷാശ്രു പൊടിക്കുന്ന ഓർമ്മയായി എപ്പോഴും ജീവിക്കുന്നു.

അയാളില്ലാത്ത കാലം അവളെ സംബന്ധിച്ചിടത്തോളം മൃതമാണ്. ഒരു നിഴലുപോലെ, അല്ലെങ്കിൽ വികാര ശൂന്യമായ ഒരു പ്രേതം പോലെ, ഋതുഭേദങ്ങളറിയാതെ കഴിയുന്ന മാസങ്ങൾ. പക്ഷെ, അയാൾ നാട്ടിലെത്തുമ്പോൾ അവൾ തന്റെ ഇന്നലകളെ ഒരു നിമിഷം കൊണ്ട് മറക്കും. വരണ്ടു ചങ്കുണങ്ങികിടക്കുന്ന ഭൂതലത്തിൽ ആദ്യ വർഷമുണർത്തുന്ന രോമാഞ്ചം പോലെ അവൾ കോരിത്തരിക്കും. ജീവിതത്തിൽ സന്തോഷത്തിനും ആഹ്ലാദത്തിനും ഇത്ര പ്രചണ്ഡമായ വേലിയേറ്റം സൃഷ്ടിക്കാൻ കഴിയുമെന്ന് അപ്പോഴാണറിയുക.

തികച്ചും ഒരു സ്വപ്ന ജീവിയായി അവൾ രൂപാന്തരപ്പെടും.

രാത്രി, വിരുന്നുകാർക്കു വേണ്ടി പ്രത്യേകം സൂക്ഷിക്കുന്ന മെത്തപായിൽ അയാളുടെ ബലിഷ്ഠമായ കൈത്തണ്ടയിൽ തല വച്ച് അവൾ നിർവൃതിയാലാണ്ടു കിടക്കും. ചെറിയ ചുമരുവിളക്കിന്റെ അരണ്ടപ്രകാശത്തിൽ, കെട്ടിപ്പിടച്ചു കിടന്നുകൊണ്ട് അയാൾ കണ്ണീരു ഉമ്മകൾ കൊണ്ട് വീർപ്പുമുട്ടിക്കും.

കല്ല്യാണം കഴിഞ്ഞ ആദ്യദിവസത്തെപ്പോലെ, ആദ്യരാത്രിയിലെപ്പോലെ നാണത്തിന്റെ പര്യായമായി, അവൾ ഇക്കിളികൊണ്ട് പുളയും.

പിന്നീടുള്ള രാത്രികളിൽ അരിയും ഉഴുന്നും പരിപ്പും അരച്ചു തഴമ്പുവന്ന കൈവെള്ള കാണിച്ചുകൊണ്ടുള്ള കഥകളുടെ ആവർത്തനമാണ്. കഷ്ടപ്പാടുകളുടെ കഥകൾ. ഹോട്ടൽ ജോലിയോളം വെറുക്കപ്പെട്ട, ശപിക്കപ്പെട്ട, മറ്റൊരു തൊഴിൽ ഇല്ല, അയാൾ പറയും. ആട്ടും തെറിയും, ശകാരവും അട്ടഹാസവും. നിർദ്ദാക്ഷിണ്യമുള്ള പെരുമാറ്റം. വെളിച്ചം കടന്നു വരാൻ മടിക്കുന്ന, നാറുന്ന മുറിയിലെ കാരാഗ്രഹവാസം.

ഒടുവിലൊടുവിൽ ദീനമായ ഒരു വിലാപം പോലയാണ് അലൾക്കതു തോന്നുക.

അതീവ ശ്രദ്ധയോടെ, അത്യന്തം വേദനയോടെ അതൊക്കെ ശ്രവിച്ചു കൊണ്ട് കിടക്കുമ്പോൾ ഹൃദയം ചോര വാർന്നു പിടയുകയായിരിക്കും.

എന്തിനുവേണ്ടി?

ഇത്രയേറെ പ്രയാസപ്പെട്ട് ഭർത്താവ് പാടുപെടുന്നതിനെന്തു വേണ്ടിയാണ്? ആർക്കുവേണ്ടിയാണ്?

തന്റെ ഓമന മക്കൾക്കുവേണ്ടിയാണ്, താൻ സംരക്ഷിച്ചുകൊള്ളാമെന്ന് എതിർപ്പുകാരുടെ മുഖത്തു നോക്കി തലയുയർത്തി പറഞ്ഞു, ധീരതയോടെ പിടിച്ചിറക്കി കൊണ്ടുവന്ന പെണ്ണിനുവേണ്ടി.

അതിനപ്പുറം അയാൾക്കു മറ്റൊരു താൽപര്യമില്ല. മറ്റൊരു ലോകമില്ല.

തീഷ്ണാനുഭവങ്ങളുടെ ഓരോ ചുരുളുമഴിക്കുമ്പോൾ, ഉള്ളു നീറുക അവൾക്കാണ്. പ്രേമം തുളുമ്പുന്ന അയാളുടെ നെഞ്ചോടൊട്ടിക്കൊണ്ട്, പാരാവശ്യം തളർത്തിയ മേനിയുമായി അവൾ കിടക്കുകയായിരിക്കും.

തങ്ങളെ വേർപിരിക്കാനും അകറ്റാനും ഇനിയൊരാൾക്കും, ഇനിയൊരു പ്രലോഭനത്തിനും ഭീഷണിക്കും സാധ്യമല്ല- അഭിമാനത്തോടെ അവളോർക്കും.

അയാൾ വന്നു കഴിഞ്ഞാൽ പിന്നെ പോകുന്നതുവരെ കൊഴിഞ്ഞു വീഴുന്ന ദിവസങ്ങൾ അവളുടെ മറവിയായിത്തീരും.

കഷ്ടപ്പാടുകളുടെ എത്ര ഭാരമേറിയ കുരിശും പാവം സസന്തോഷം ചുമക്കുന്നു. എത്ര ലാഘവത്തോടെയാണോരൊന്നും

പറയുന്നത്. ഇപ്പോഴിപ്പൾ അതൊരു സ്വഭാവമായിക്കഴിഞ്ഞിരിക്കുന്നു! അവൾക്കതിശയം തോന്നാറുണ്ട്.

ഒരിക്കലവൾ ചോദിച്ചു:

"ഞാനും എന്തെങ്കിലുമൊക്കെ വേലയ്ക്ക് പൊയ്ക്കോട്ടെ? ഒരു പാട് പെണ്ണുങ്ങളൊക്കെ മണ്ണ് പണിയ്ക്ക് പോണുണ്ട്. ഇവിടെങ്ങനെ വെറുതെ കുത്തിയിരുന്നാൽ– "

എന്തും സഹിഷ്ണതയോടെ കേൾക്കുന്ന അയാൾ അതു കേൾക്കുമ്പോൾ പൊട്ടിത്തെറിക്കും.

"നിനക്കിങ്ങനെ ജീവിയ്ക്കാൻ വയ്യായിരിക്കും. സുഖം പോരായിരിക്കും. അല്ലെ?" അവൾ ചൂളിപ്പോകും.

താൻ മറ്റുള്ളവരുടെ പരിഹാസ പാത്രമാകുമെന്നും ക്രൂരമായി പുച്ഛിക്കപ്പെടുമെന്നും അയാൾ ഭയപ്പെടുന്നു.

ആത്മാഭിമാനിയായ അയാളതു സഹിക്കില്ല. തള്ളിപ്പറഞ്ഞവരുടെ മുൻപിൽ മുട്ടുമടക്കില്ല. തല കുനിയ്ക്കുകയുമില്ല.

എല്ലാ എതിർപ്പുകളും നില നില്ക്കെ, സ്വന്തം കൈക്കരുത്തു മാത്രം മൂലധനമുള്ള അയാൾ തന്നെ പിടിച്ചിറക്കിക്കൊണ്ടു പോന്നത് സംരക്ഷിച്ചു കൊള്ളാമെന്ന ദൃഢപ്രക്യാപനത്തോടെയാണ്. പിന്നെ മയമില്ലാത്ത സ്വരത്തിൽ അയാൾ കൂട്ടിച്ചേർത്തു: "ഇനി പിന്നെ ഞാൻ എണീക്കാൻ വയ്യാണ്ടാവുമ്പോഴത്തെ കാര്യമല്ലെ? അതപ്പോ നോക്കാം. ഈ കയ്യിന്റെ ബലം നശിക്കണവരെ ഞാനതൊന്നും സമ്മതിക്കില്ല."

അയാൾ ധീരനാണ്.

പാവപ്പെട്ടവനെങ്കിലും പൗരഷമുള്ളവനാണ്.

ആരെയും ആശ്രയിക്കാതെ, മാനം നഷ്പ്പെടുത്താതെ ജീവിക്കണമെന്നാണ് ഏറ്റവും വലിയ ആഗ്രഹം. ആ ആഗ്രഹ സാഫല്യത്തിനാണ് മരിച്ചു ജീവിക്കുന്നത്.

കുറേ നാളായി ഏതോ ഒരു ഉറക്കത്തിൽ വാർന്നു വീണ ഒരു ഭീകര സ്വപ്നം അവളെ നടുക്കനാരംഭിച്ചിട്ട്. അതിനെക്കുറിച്ചുള്ള ഓർമ്മപോലും ദഹിപ്പിക്കുന്ന അഗ്നിയാണ്. ഭർത്താവിനെ ഏതോ ഒരപകടം അനുഗമിക്കുന്നു. താൻ നാളെ പെരുവഴിയിലാകുന്നു. തന്റെ ഓമനകുഞ്ഞുങ്ങൾ തെരുവുതെണ്ടികളായി തീരുന്നു. ഈ പേകിനാവ് പല രാത്രികളിലും ഉറക്കത്തെ ആട്ടിയകറ്റി നിർത്തി. അവളെ നീറ്റി തളർത്തി.

അങ്ങനെ എന്തെങ്കിലും സംഭവിച്ചാൽ ...

ഉടനെതന്നെ ആശ്വസിക്കാനുള്ള കരുക്കൾ തിരക്കും: എല്ലാം മനസ്സിന്റെ ഭ്രാന്തമായ വികലഭാവനകളാണ്. വിഭ്രാന്തികളാണ്.

ഇപ്രാവശ്യം... എന്തുപറ്റി എന്റെ ഭഗവതി..

ഇത്ര വൈകാൻ ഒരു കാരണവുമില്ല.

എന്തങ്കിലും അസുഖമായി കിടപ്പിലായിരിക്കുമോ?

ഉറങ്ങിക്കിടക്കുകയായിരുന്ന, എപ്പോഴും വിട്ടുപിരിയാത്ത പരിഭ്രമം മനസ്സിൽ വീണ്ടും പിടഞ്ഞുണർന്നു.

അസുഖം വന്നാൽ അറീക്കയില്ല. കാരണം അയാൾ പറഞ്ഞിട്ടുണ്ട്:

" നീ പേടിക്കും. ബഹളം കൂട്ടും. അതാ ഞാനൊന്നും എഴുതാത്തെ. തീരെ മനസ്സിനുറപ്പില്ലാത്ത ഒരു പൊട്ടിയല്ലെ നീ?"

ശരിയാണ്, തനിക്ക് തീരെ മനക്കട്ടിയില്ല. അവൾ മനസ്സിൽ പറയും. നിസ്സാരസംഭവങ്ങൾ പോലും തന്നിൽ വലിയ ചലനങ്ങളുണ്ടാക്കുന്നു.

നേരം ഇരുട്ടിയിരുന്നു.

തീപ്പെട്ടി തപ്പിയപ്പോഴാണ് ചുമരുവിളക്കിലെ മണ്ണെണ്ണ തീർന്നിരിക്കുകയാണല്ലോ എന്നോർത്തത്.

അരിയും മണ്ണെണ്ണയും മറ്റു പലതും തീർന്നിട്ട് ദിവസങ്ങളാകുന്നു.

എത്രയാണ് വായ്പ വാങ്ങുന്നത്?

അയൽപക്കക്കാരോടെല്ലാം കടമാണ്.

കട്ടിലപ്പടിയുടെ മുകളിൽ, സാക്ഷപ്പൊത്തിൽ, വച്ചിരുന്ന തീപ്പെട്ടിയെടുത്തുരസി.

മഞ്ഞുകാരണം തണുത്തുപോയ തീപ്പെട്ടി. ഒന്നുരണ്ടു കമ്പുകൾ കത്താതെ പോയി.

അയയിൽ, പായത്തെരുപ്പിൽ തപ്പി, അയാൾ അവാസനമയച്ച മുഷിഞ്ഞ ഇല്ലന്റ് കവർ എടുത്തു. തീപ്പെട്ടുക്കൊള്ളിയുടെ നേർത്ത വെളിച്ചത്തിൽ ചരിച്ചു പിടിച്ച വീണ്ടും ആ കത്തവൾ വായിച്ചു.

പൊങ്ങിയും താണും വളഞ്ഞു ചരിഞ്ഞുമുള്ള ആ വരികൾക്കിയിൽ കണ്ടു. കറുത്ത മുഖത്തെ കരുണയും സ്നേഹവും നിറഞ്ഞ കണ്ണുകൾ. ബീഡി വലിച്ചു കരുവാളിച്ച ചുണ്ടിലെ കരി.

അയാൾ എഴുതിയ കത്ത്. അയാൾ സ്പർശിച്ച, അയാളുടെ ഹൃദയത്തുടിപ്പുകൾ പോലെ ജീവനുള്ള വാക്കുകൾ നിറഞ്ഞ കത്ത്.

ദൂരെദൂരെ മയ്ലുകൾക്കുപ്പുറത്തുനിന്നു, വൃത്തിഹീനമായ ഹോട്ടലിന്റെ പുറകുവശത്തെ ഇരുട്ടുമുറിയിൽനിന്ന് അധ്വാനത്തിന്റെ വിയർപ്പലിഞ്ഞു ചേർന്ന അയാളുടെ ശരീരത്തിന്റെ സുഗന്ധം ഒഴുകിവന്ന് തന്നെ പൊതിയുന്നതുപോലെ അവൾക്ക് തോന്നി.

കയ്യിലിരുന്ന മുഷിഞ്ഞ കടലാസു കീറ് മാറോടടക്കിപ്പിടിച്ച് നിൽക്കുമ്പോൾ തന്റെ കണ്ണുകൾ ജലസമ്പൂർമാണെന്നവൾ അറിഞ്ഞു.

നല്ല തണുപ്പ്.

പുറത്ത് നേരിയ നിലാവിന്റെ മങ്ങിയ ഭംഗി.

ഉള്ള് കിടുകിടുത്തു.

പായിൽ വിരിച്ചിരുന്ന ഈരേഴതോർത്ത് വലിച്ചെടുത്ത്, നഗ്നയായി തളർന്നുറങ്ങുന്ന ഇളയമോളെ പുതപ്പിച്ചു.

മക്കൾക്കിടയിൽ അല്പം സ്ഥലമുണ്ടാക്കി നിരാശയുടെ രൂപം പോലെ തല ചായ്ക്കുമ്പോൾ പുലരാനിരിക്കുന്ന പ്രഭാതമായിരുന്നു ഏറ്റവും ഭയാനകമായ ചിന്ത.

എങ്ങനെ മക്കളെ നേരിടും?

എങ്ങനെ വന്യമായ ആർത്തിപടരുന്ന കണ്ണുകളിലേക്കൊന്നു നോക്കും?

എന്തു വാക്കുകൾ പറഞ്ഞാണവരെ ആശ്വസിപ്പിക്കുക?

അല്ലെങ്കിൽ വാക്കുകൽ വിശപ്പകറ്റുമെന്നാശിക്കുന്നതല്ലെ വിഢ്ഢിത്തം.

അവൾ എണ്ണയും അഴുക്കും കട്ട പിടിച്ച തലയണയിൽ മുഖമണച്ചു കിടന്നു തേങ്ങി. നാളെത്തന്നെ കത്തിടണം. അവൾ നിശ്ചയിച്ചു. കുഞ്ഞിനു സുഖമില്ല. ഉടനെ വരണം. അങ്ങനെ എഴുതിയാൽ വരാതിരിക്കില്ല.

ഈ കാത്തിരിപ്പും ഈ ദുഃഖവും

ഇനിയും വയ്യ.

കഴിഞ്ഞ മഴക്കാലത്താണ് വന്നു പോയത്. കർക്കിടകത്തിൽ. കണ്ട പാടെ ഒരത്ഭുത ദൃശ്യം പോലെ അയാൾ ചോദിച്ചു:

"നിനക്കെന്താ പറ്റിയത്? നീ ചാവാറായല്ലോ!"

അവൾ വെറുതെ ചിരിച്ചു.

മൺ ചുമരിൽ അയാൾ കൊണ്ടു വന്ന കണ്ണാടി ആണിയടിച്ചു ഉറപ്പിക്കുമ്പോൾ, സ്വന്തം പ്രതിബിംബം അവളെയും അതു ബോധ്യപ്പെടുത്തി.


താൻ തീരെ അവശയായിരിക്കുന്നു. കവിൾ ഒട്ടി, മുടി കുറഞ്ഞു. അവയവങ്ങൾ അമരുകയും, ഭംഗിയും മിനുപ്പും അപ്രത്യക്ഷമാവുകയും ചെയ്തിരിക്കുന്നു.

അയാളോ? എണ്ണയിൽ വറുക്കുന്ന പലഹാരങ്ങൾ തിന്ന് തടിച്ചു കൊഴുത്ത ദേഹം.

രാത്രിയിൽ അനങ്ങാതെ കിടന്ന അവളുടെ കാതിൽ മക്കൾ കേൾക്കാതെ അയാൾ പറഞ്ഞു. "നിന്റെ ശക്തിയൊക്കെ പോയി. നീയ് പഴന്തുണി മാതിരിയായി. ഇങ്ങനെ ദേഹം നോക്കാതെ കഴിയാനാഭാവന്നുണ്ടെങ്കിൽ ഞാനിനി ഇങ്ങട് വരില്ല."

അയാളുടെ മാറത്ത് മുഖം ചേർത്തു വച്ച് അവൾ കരയുക മാത്രം ചെയ്തു.

ഇത്തവണ വരുമ്പോഴും ആ പരിഭവം അയാൾ ആവർത്തിച്ചേക്കുമെന്നവളോർത്തു. പിന്നെ അയാളുടെ വരവ് സ്വപ്നം കണ്ടു കൊണ്ട് കിടന്നു. കത്ത് കിട്ടിയാലുടനെ പുറപ്പെടും. ബസ്സിറങ്ങി, പെട്ടിയുമായി, ചിരിച്ചുകൊണ്ടുള്ള വരവ്. ആ സങ്കൽപ്പം പോലും അവളിൽ ലഹരിയുണർത്തി.



അതവളെ ഉന്മദിനിയാക്കി.

അയാളുടെ സാമിപ്യമോ സ്പർശമോ മാത്രമല്ല, അയാളെക്കുറിച്ചുള്ള ഓർമ്മ പോലും തന്നിൽ വികാരങ്ങളുടെ കാടിളക്കുന്നു. അവളറിഞ്ഞു.

ആ കിനാവിൽ വീണുകിടക്കുകയായിരുന്ന അവൾ, രാത്രിയിലെപ്പോഴോ ഉണർന്നു. പുറത്താരോ വിളിക്കുന്നു.

ആരാണ്?

ഭയത്തോടെ, പരിഭ്രാന്തിയോടെ, എഴുന്നേറ്റ് കതകു തുറന്നു. മുറ്റത്ത് നിൽക്കുന്ന കാക്കിയുടുപ്പിട്ട ആളെ നിലാവിൽ തിരിച്ചറിഞ്ഞു.

ആരാണ്? എന്താണ്? ഈ രാത്രിയിൽ...

"ഒരു കമ്പിയുണ്ട്."

കമ്പി! ഈശ്വരാ

വീണു പോകാതിരിക്കാൻ മുളം തൂണിൽ പിടി മുറുക്കുമ്പോൾ, മുറ്റത്തു നിന്ന ആൾ സങ്കോചത്തോടെ അറീയിച്ചു. " മരണവാർത്തയാണ്. രാമകൃഷ്ണൻ എന്നു പറയുന്നയാൾ..."

മിണ്ടാതെ, ഒരു സ്വരചീളു പോലും പുറപ്പെടുവിക്കാതെ, അനങ്ങാതെ, ഒരു പ്രതിമയെപ്പോലെ അവൾ നിന്നു. ഭൂമിയുടെ ഏറ്റവും അടിത്തട്ടിലെ ഏതോ അറയിലേക്കു താൻ വീണതായും, ഘോരമായ ഇരുട്ടു വന്ന് തന്നെ വിഴുങ്ങിയതായും അവൾക്കോർമ്മയുണ്ട്.

പിന്നെ, എപ്പോഴോ, ഞെട്ടിയുണർന്ന അവൾ കയ്യിലിരുന്ന കടലാസിലേക്കും അത് കൊണ്ടുവന്ന ആൾ പോയി മറിഞ്ഞ വഴിയിലെ ശൂന്യതയിലേക്കു മാറി മാറി നോക്കി കുറേ നേരം നിന്നു.

എന്നിട്ട് മെല്ലെ നടന്ന് മക്കളുടെ ഇടയിൽ ചെന്നു വീണു.

ഇല്ല, ഞാൻ കരയില്ല.

തിളച്ചൊഴുകിയ കണ്ണുനീർ ഒരു പ്രവാഹമായിത്തുടരുമ്പോഴും അവൾ പറഞ്ഞുകൊണ്ടിരുന്നു.

ഞാൻ കരയില്ല.

അദ്ദേഹം തോൽക്കുവാൻ ഒരിക്കലും ഞാൻ സമ്മതിക്കില്ല.

ഒരിക്കലും. ■

ലേഖനം

# സൈക്കിൾ ട്രാക്കുകൾ പ്രാവർത്തികമാകുമോ?



വിനോദ്കുമാർ ദാമോദർ



**സൈക്കിൾപൂളിംഗ് യാത്രക്കാർക്ക് ഗുണം ചെയ്യുന്നു.**

**ഓ**ട്ടോപോലെയുള്ള സംരംഭങ്ങൾക്ക് പ്രസക്തി വർദ്ധിക്കുമ്പോൾ ഉയർന്നു വരുന്ന പുതിയ ഒരു ആശയമാണ് സൈക്കിളുകൾക്ക് കൂടുതൽ പ്രചാരം കൊടുക്കുകയെന്നത്.

പൊതുവേ കുറേ യുവാക്കൾക്കെങ്കിലും ഇതിൽ നല്ല താല്പര്യം വർദ്ധിച്ചിട്ടുണ്ട്. അവർ പറയുന്നത് മലിനീകരണം കുറയ്ക്കാൻ വാഹന രൂപത്തിൽ ഏറ്റവും നല്ല മാർഗ്ഗം സൈക്കിളുകളാണെന്നാണ്.

ഇന്ന് നമ്മുടെ നാട്ടിലെ റോഡുകളിലെ വളരെ അപകടകരമായ സ്ഥിതി വിശേഷത്തിന്റെ മുഖഛായ സൈക്കിളുകൾക്ക് മാറ്റാൻ കഴിയും.

ഇതിനായി സൈക്കിൾ ലൈൻയെന്ന പ്രത്യേകയിടം റോഡുകളിൽ, പ്രത്യേകിച്ച് ഹൈവേകളിൽ വേണം.

ഇതിന്റെ വേറെയൊരു ഗുണം തിരക്കുപിടിച്ച വാഹനയോട്ടത്തിനിടയിൽ ഓടിയ്ക്കുന്നവർക്ക് മനസ്സിനേകാഗ്രതലഭിയ്ക്കണമെങ്കിൽ സൈക്കിൾ സവാരി തന്നെ വേണമെന്നുള്ളതാണ്.

കൊച്ചിൻ ബൈക്കേഴ്സ് ക്ലബ്ബ് പ്രസിഡണ്ട് ഷഗ്സിൽ പറയുന്നത് നിശ്ശബ്ദമായി റോഡിൽ സൈക്കിൽ ഓടിയ്ക്കുന്നത് യുവാക്കൾക്ക് നല്ലശീലവും മറ്റും വർദ്ധിപ്പിക്കാനുതകുമെന്നാണ്.


അറുപതുകളിൽ മൊത്തം യാത്രക്കാരുടെ അമ്പതു ശതമാനം സൈക്കിൾ യാത്രക്കാരായിരുന്നു. എന്നാൽ ഇന്നത് ഒരു ശതമാനത്തിന് താഴെയാണ് സൈക്കിൾ യാത്രക്കാരുടെ എണ്ണം.

കേരളാ റോഡ് സേഫ്റ്റി അതോറിറ്റി ചെയർമാൻ പറയുന്നത് ഹൈവേകളിൽ ചുരുങ്ങിയത് 2.5 മീറ്ററും ഉൾനാടൻ റോഡുകളിൽ 1.5 മീറ്റർ നീളത്തിലും സൈക്കിൾ പാതകളുണ്ടായാൽ അത് മലിനീകരണത്തെ നല്ല രീതിയിൽ നിയന്ത്രിക്കാൻ കഴിയുമെന്നാണ്.

ഇപ്പോൾതന്ന കൊച്ചിയിൽ നോൺമോട്ടറൈസ്ഡ് ട്രാൻസ്പോർട്ട് സിസ്റ്റം എന്ന നിലയിൽ സൈക്കിൾ പൂളിങ്ങ് ഒരു കൊല്ലമായി നടപ്പാക്കി വരന്നുണ്ട്. ഈ പദ്ധതിയനുസരിച്ച് 1000 സൈക്കിളുകൾ പാർക്ക് ചെയ്യുവാൻ സൗകര്യമൊരുക്കിയിട്ടുണ്ട്.

സൈക്കിൾ ട്രാക്കുകൾ, വളരെയധികം സുരക്ഷ സൈക്കിൾ യാത്രക്കാർക്ക് നൽകുന്നു. ഇപ്പോഴത്തെ സ്ഥിതിയിൽ നമ്മുടെ റോഡുകളിൽ ട്രാക്കുകളിൽ അല്ലാതെ ഇന്ന് സൈക്കിളുകൾ ഓടിക്കാൻ പറ്റാത്ത സ്ഥിതിവിശേഷമാണ്. യാതൊരു നിയന്ത്രണവുമി

കവിത



# ഒന്നുറങ്ങീടട്ടെ!

പി.വി. പോൾരാജൻ

എവിടെയോ പോയൊളിച്ചിന്നു നീ ഓമനേ,
എൻ കണ്ണിൽ ഒരിക്കലും കാണാതിരിക്കുവാൻ–
എത്രയോ ദൂരം എന്നിൽ നിന്നകലുവാൻ
ഇത്രമാത്രം ഞാൻ നിനെക്കെന്തു ചെയ്തു?
എന്നെങ്കിലും ഒന്നു കാണുവാൻ മോഹമായ്–
പദയാത്ര ചെയ്തു ഞാൻ കാലം കടന്നുപോയ്.
ചാരത്തണയുവാൻ വെമ്പുന്നെൻ മാനസം–
നഷ്ടസ്വപ്നത്തിന്റെ ചാരമായ് തീർന്നുപോയ്.
മനക്കോട്ട കെട്ടി ഞാൻ നടക്കുന്ന കാലത്തും നീ–
എന്നരികിലെത്തുവാൻ ഏറെ മോഹിച്ചവൾ.
ആലിംഗനത്തിൻ നിർവൃതിയിലന്നു നീ
ആനന്ദകണ്ണീരിൽ മന്ദഹസിച്ചതും.
വിശ്വസൗന്ദര്യ പ്രതീകമായെൻ മുന്നിൽ–
നമ്രശിരസ്കയായ് വന്നു മൊഴിഞ്ഞതും.
നിന്നധരത്തിൽനിന്ന് ഉതിരുന്ന വാക്കുകൾ
കേൾക്കുവാൻ കാതോർത്തു ഞാനിരുന്നപ്പോഴും.
വേദനിയ്ക്കുന്ന ഓർമ്മകൾ നല്കി നീ





കൂസലില്ലാതെ പിൻതിരിഞ്ഞു നടന്നതും
കേണപേക്ഷിച്ചു ഞാൻ തിരികെ വിളിച്ചതും
ഞൊടിയിടക്കുള്ളിൽ നീ ഓടി മറഞ്ഞതും.
കെട്ടിപ്പടുത്തയെൻ പ്രേമ സാമ്രാജ്യത്തെ–
തച്ചുതകർത്തു തരിപ്പണമാക്കി നീ
ദുഃഖസാഗരത്തിൻ തിരമാലകൾക്കിപ്പുറം
അർദ്ധപ്രജ്ഞനായ് അലയുന്നു ഞാനിന്നും.
വേർപ്പെട്ടുപോകുമീ ജീവിതബന്ധമെന്ന്–
സ്വപ്നത്തിൽ പോലും നിനച്ചിരുന്നില്ല ഞാൻ.
എന്നോടുചെയ്ത തെറ്റെല്ലാം ക്ഷമിക്ക ഞാൻ–
പുതിയൊരു ജീവിതമെനിയ്ക്കു നല്കീടുകിൽ
ഇന്നും നുണയുന്നു ഞാൻ മധുരമാം സ്മരണയായ്
നീയെനിക്കേകിയ ധന്യ മുഹൂർത്തങ്ങൾ.
വന്നണയൂ സഖീയെൻ സ്വപ്നത്തിലെങ്കിലും
തളർന്നുപോകുന്നു ഞാൻ, ഒന്നുറങ്ങീടട്ടെ!

## സെൻഗുപ്ത പബ്ലിക്ക് ലൈബ്രറി

പറയഞ്ചേരി കോഴിക്കോട് 673016, ഫോൺ: 9446717380

### ചലച്ചിത്രോത്സവം 2019

സെൻഗുപ്ത പബ്ലിക്ക് ലൈബ്രറി സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ സഹകരണത്തോടെ 2019 ഡിസംബർ 26,27,28 തിയ്യതികളിൽ ചലച്ചിത്രോത്സവം സംഘടിപ്പിച്ചു. പ്രശസ്ത കവിയും സാഹിത്യകാരനുമായ ശ്രീ. പൂനൂർ കരുണാകരൻ ഉദ്ഘാടനം ചെയ്തു.

ഷട്ടർ സംവിധാനം (ജോയ് മാത്യൂ ) 26.12.2019 വ്യാഴാഴ്ചയും, കമ്മട്ടിപ്പാടം സംവിധാനം (രാജീവ് രവി) 27.12. 2019 വെള്ളിയാഴ്ചയും, നിർമ്മാല്യം സംവിധാനം (എം.ടി. വാസുദേവൻ നായർ) 28.12.2019 ശനിയാഴ്ചയുമാണ് സെൻഗുപ്ത പബ്ലിക്ക് ലൈബ്രറി ഹാളിൽ പ്രദർശിപ്പിച്ചത്.

പ്രസിഡണ്ട് ടി.വി. ഹരി സെക്രട്ടറി പി.എം. നാരായണൻ



പല രാജ്യങ്ങളിലും സൈക്കിൾ ട്രാക്കുകൾ നിർബന്ധമാണ്.





ല്ലാതെ ഓടുന്ന വാഹനങ്ങളും യാത്രാക്കുരുക്കുകളും തുടർച്ചയായ മഴയും സൈക്കിളുകളേ ഈ വാഹനങ്ങളിൽ നിന്നും തികച്ചും വേറിട്ട യാത്രാനുഭവങ്ങൾ നൽകുകയുള്ളുവെന്നതാണ് പൊതുവേയുള്ള നിഗമനം.

കേരളത്തിൽ തീരദേശറോഡ് 657 കിലോമീറ്റർ നിർമ്മാണം നടക്കുമ്പോൾ 657 കിലോമീറ്റർ ദൂരവും സൈക്കിൾ ട്രാക്കുകൾ ഉണ്ടാകുമെന്നാണ് ഇപ്പോൾ കരുതുന്നത്. കൂടാതെ കൊച്ചിയിലെ പ്രധാന റോഡുകളായ പതിനൊന്നെണ്ണത്തിലും, 1.8 കിലോമീറ്ററ് വരുന്ന തിരുവനന്തപുരത്തെ സി.വി. രാമൻപിള്ള റോഡിലും ഇവ നടപ്പാക്കാനാണ് തീരുമാനം. ഇവിടങ്ങളിൽ സൈക്കിൾ യാത്രക്കാർക്ക് സുഖമായി സവാരി ചെയ്യുവാനുള്ള സൗകര്യമുണ്ടാകുമെന്നാണ് പറയുന്നത്. എന്നാൽ നാനാതുറകളിൽ നിന്നും ഉയർന്നു വരുന്ന പ്രധാന ചോദ്യം കേരളത്തിൽ ഉടനീളം ഈ സമ്പ്രദായം, നിലവിലുള്ള ഇപ്പോഴത്തെ റോഡുകളിൽ ഒരുക്കുവാൻ കഴിയമോയെന്നുള്ളതാണ്. ഫുട്പാത്തുകൾ പോലും കൈയടക്കിക്കൊണ്ടാണ് ഇപ്പോൾ വാഹനങ്ങൾ പരക്കം പായുന്നത്. അതുകൊണ്ട്തന്നെ സൈക്കിൾ ട്രാക്കുകൾക്കെങ്ങിനെ നിലനിൽക്കാനാകുമെന്നാണ് സൈക്കിൾ ട്രാക്കുകൾ സ്ഥിരമായി ഉപയോഗിക്കുന്നവർ ചോദിക്കുന്നത്.

എന്നാൽ അതിശയകരമായ മറ്റൊരു കാര്യമാണ് ഇപ്പോൾ മുംബെയ് നഗരത്തിൽ നടക്കുന്നത്. നഗരത്തിലെ വൻ തിരക്കു കാരണം ട്രെയിനുകളിലും ബസ്സുകളിലും ബുദ്ധിമുട്ടുന്ന ജനം നടന്നു ജോലി സ്ഥലത്തേക്കു പോകുന്നു. ഇത് വർഷം കൂടും തോറും വർദ്ധിച്ചു വരുന്നുമുണ്ട്. അവിടെ പ്രധാന റോഡുകളിൽ നടപ്പാത വളരെ സുരക്ഷിതവുമാണ്. എന്നാൽ മുംബെയിൽ സൈക്കിളിംഗ് അത്ര സുരക്ഷിതവുമല്ല. ■

കവിത



ചമ്പയിൽ ബാബുരാജ്

# എന്റെ നാട്



പിറന്ന നാടിൻ
പിറന്നനാടിൻ കുളിർക്കാറ്റാൽ മനം കുളിർത്തല്ലോ
ഞാൻ വളർന്ന നാടിൻ പരിസരമെത്ര നീജം
പിറന്നനാടിൻ
ഓർമ്മവെച്ചനാൾ മുതലെ മനമടുത്തി
മതവികാരികൾ മർത്ത്യരെ തമ്മിൽ അകറ്റി നിർത്തുന്നു
അടിമത്വത്തിൻ ചങ്ങലകൾ തല്ലിത്തകർത്തവരെ
മോചനത്തിൽ പുതിയ ലോകം ലഭിച്ചതാർക്കാണീ
ഇവിടെ ലഭിച്ചതാർക്കെന്നുറക്കെ ചിന്തിക്കൂ
പിറന്നനാടിൻ കുളിർക്കാറ്റാൽനമം കുളിർത്തല്ലോ
ഞാൻ വളർന്ന നാടിൻ പരിസരമെത്ര നീജം
പാവപ്പെട്ടവനെന്നും മെന്നും നരകമാണിവിടെ
ഇവിടെ നരകമാണിവിടെ
ഒരു വശത്തതാ രാഷ്ട്രീയക്കാർ ബഹളം വെക്കുന്നു.
അവർ കലഹം കൂട്ടുന്നു
സ്വാർത്തമാകും കാര്യങ്ങൾക്കായ് ബഹളം വെക്കുന്നു
അവർ കലഹം കൂട്ടുന്നു
അഖണ്ഡമാണീ ഭാരതമെന്നുച്ചൊല്ലും ചിലരൊക്കെ
ഇവിടെ ച്ചൊല്ലും ചിലരൊക്കെ
പാവപ്പെട്ടവനെന്നുമിന്നും മോചനമില്ലാ ഇവിടെ
നരകമാണിവിടെ ഇവിടെ നരകമാണിവിടെ
പിറന്നനാടിൻ കുളിർക്കാറ്റാൽ മനം കുളിർത്തല്ലോ

കവിത

# പൂനിലാവിൽ പാടുന്ന കുയിൽ



എം.കെ.രവീന്ദ്രൻ
വൈദ്യർ കൊടാപ്പള്ളി




പൂനിലാവിൽ പാടുന്ന കുയിലേ
മാമ്പൂ വിരിഞ്ഞില്ല കുയിലേ!
നാടുചുറ്റിവരും തെന്നലേ പാടുമോ
കാടിന്റെ വേറിട്ട ഗാനം
പാടുമോ കാടിന്റെ വേറിട്ട ഗാനം
നാളിതുവരെ ഓരോരോ തട്ടിലായ്
ഊരുചുറ്റുന്നൊരു പൊൻ കിനാവേ
എന്റെ പൊന്നാരമുത്തേ കവിതേ
തുള്ളി വിറക്കും തണുപ്പുള്ള രാത്രിയിൽ
ചൂടുപകരുന്ന സ്വപ്നങ്ങളേ
മാനസവീണയിൽ മോഹം പകരുവാൻ
വീണ്ടും നീയെത്തുമോ കവിതേ!

കവിത

# നിലച്ച വാച്ചുകൾ



പ്രഭാകരൻ നറുകര





നിലച്ചവാച്ചുകൾ ചലിക്കുന്നതെപ്പോൾ
നിലയ്ക്കാ പ്രവാഹം ജനംമടുക്കവെ
നിനച്ചിരിക്കും സംഭവ നിമിഷങ്ങൾ
നിശബ്ദം ലംഘിച്ചു വിനാശ ധൂമമായ്
മരടു കുടിലുകൾ തീ പിടിക്കുമ്പോൾ
മനസ്സു തുറന്നു ചിരിക്കുന്നു ചുറ്റും
കത്തുന്ന പുകയേറ്റു ശ്വാസ പ്രയാസം
കുത്തുന്ന ഗന്ധത്തിൽ
നശിക്കാം ബോധവും

എന്തിന് പണിയാനീവിധമനുമതി
പൊന്തും വികാരങ്ങൾ അറിയാതെ തുള്ളി
ഒടുവിലീ യന്ത്രം ഫലിക്കാതെയായി
ചടുല സത്യങ്ങൾ തുടിക്കുന്ന ചിത്രം
അവസാനകോടതി തള്ളിയ കേസിന്റെ
ബലത്തിൽ ബലക്ഷയമാകും ദിനങ്ങൾ.

# ശ്രീ. സുകുമാർ അഴീക്കോട് അനുസ്മരണ സമ്മേളനം





നക്ഷത്രരാജ്യം ലേഖകൻ

ം
മലയാളത്തിലെ സമഗ്ര വിമർശനസരണിയുടെ ഉപജ്ഞാതാവായ അദ്വിതീയനായ വിമർശകൻ, ഊർജ്ജസ്വലമായ ഭാഷാശൈലിയുടെ ഉടമ, ധിഷണശാലിയായ പണ്ഡിതൻ, അർത്ഥപൂർണ്ണമായ വാഗധീശത്വംകൊണ്ട് ആരേയും കീഴ്പ്പെടുത്തുന്ന അത്യുജ്ജ്വലനായ വാഗ്മി, ഗാന്ധിയൻ സംസ്ക്കാരത്തിൽ അടിയുറച്ച സ്വഭാവശുദ്ധിയുള്ള സാംസ്ക്കാരിക നായകൻ, ഏതു വിഷയത്തെക്കുറിച്ചും ആധികാരികമായി ചിന്തിക്കാൻ കഴിവുള്ള സമുജ്ജ്വലനായ പ്രഭാഷകൻ, ഉന്നതനായ വിദ്യാഭ്യാസ വിചക്ഷണൻ, തത്ത്വവേദിയായ ഗുരുഭൂതൻ, വേദവേദാന്തങ്ങളിൽ പരിജ്ഞാനമുള്ള ജ്ഞാനയോഗി എന്നിങ്ങനെ സർവ്വസമാശ്ലേഷകമായ വ്യക്തിവൈശിഷ്ട്യങ്ങളുടെ ഉടമ ഡോ. സുകുമാർ അഴീക്കോട് നമുക്ക് നഷ്ടമായിട്ട് 8 വർഷം തികയുന്നു. ആ ധന്യാത്മാവിന്റെ പാവന സ്മരണ പുതുക്കുവാൻ സുകുമാർ അഴീക്കോട് മെമ്മോറിയൽ ട്രസ്റ്റിന്റെ ആഭിമഖ്യത്തിൽ 2020 ജനുവരി 28 ചൊവ്വ രാവിലെ 10 മണിക്ക് കോഴിക്കോട് ടൗൺഹാളിൽ സുകുമാർ അഴീക്കോട് അനുസ്മരണ സമ്മേളനം നടന്നു. സമ്മേളനത്തിൽ, പ്രാർത്ഥന ശ്രീമതി മീരാ പ്രതാപ് നിർവ്വഹിച്ചു.ആമുഖ പ്രഭാഷണം ശ്രീ. ആറ്റകോയ പള്ളിക്കണ്ടി, അദ്ധ്യക്ഷൻ: ആചാര്യ ശ്രീ. എ.കെ.ബി. നായർ (ചെ. ട്രസ്റ്റ്), ഉദ്ഘാടനം ശ്രീമതി. പി. വത്സല, അനുസ്മരണ പ്രഭാഷണം: ശ്രീ. പുരുഷൻ കടലുണ്ടി എം.എൽ.എ., ശ്രീ. പി. ഗംഗാധരൻ നായർ (വ. ചെയർമാൻ ട്രസ്റ്റ്), ഡോ. കെ. മൊയ്തു (വൈസ് ചെയർമാൻ ട്രസ്റ്റ്), ശ്രീ. പി.ആർ. നാഥൻ, ശ്രീ. ജി. നാരായണൻകുട്ടി, ശ്രീമതി പി.എൻ. ശാന്തകുമാരി (റിട്ട. ജില്ലാ ജഡ്ജി), അഡ്വ. മഞ്ചേരി സുന്ദർരാജ്, ശ്രീ. കെ. എഫ്. ജോർജജ്ജ് (വൈസ് ചെയർമാൻ ട്രസ്റ്റ്), വിശിഷ്ട സാന്നിദ്ധ്യം: ഡോ. എ.വി. പ്രകാശ്, ശ്രീ. പി.വി. ഗംഗാധരൻ, ശ്രീ. രമേശൻ പാലേരി, ശ്രീ. ആന്റണി പുലിക്കോട്ടിൽ, ശ്രീമതി. സ്നേഹപ്രഭ, ശ്രീമതി. രേഖ തയ്യിൽ, നന്ദി: ശ്രീ. അനിൽ ബാബുവും നിർവ്വഹിച്ചു.

ചെറുകഥ



വക്കച്ചൻ എടക്കാട്

# ബന്യാമിന്റെ ആട്



റിയാദിലേക്ക് ഒരു ടൂറ്! മകൻ തയ്യാറാക്കിയ പ്രോഗ്രാം! അതറിഞ്ഞപ്പോൾ വലിയ സന്തോഷം! വരണ്ട മണ്ണിൽ പുതുമഴ പെയ്യുന്ന പ്രതീതി. സൗദിയിലെ കൊടും ചൂടിൽ വിരസമായി കൊഴിയുന്ന ദിനങ്ങൾ. ആകെയുള്ള നേരമ്പോക്ക് വൈകുന്നേരങ്ങളിലെ നടപ്പാണ്. ഹാഫ്മൂൺ ബീച്ചും കോർണിഷും, റാഷിദ്മാരും, ലുലുപാർക്കും പലവട്ടം ചുറ്റിത്തിരിഞ്ഞിട്ടുണ്ട്. ആ സമയങ്ങളിൽ മനസ്സിന്റെ തീരങ്ങളിൽ കുളിർമഴയുടെ അലയൊലികൾ പെയ്തിറങ്ങിയിട്ടുണ്ട്. പലപ്പോഴും കഥയുടേയും, കവിതയുടേയും കതിർമണികൾ കോർത്തിണക്കുന്നത് അവിടെ വെച്ചാണ് ഇനിയൊരു ദൂരയാത്ര.! വളരെ നല്ലത്. അപൂർവ്വമായി കിട്ടുന്ന അസുലഭാവസ്ഥ. മറ്റൊരു രാജ്യത്ത് കണ്ണും കാതും തുറന്നുവെച്ചുള്ള യാത്ര. കേട്ടിട്ടുള്ള കാര്യങ്ങളെ സത്യത്തിന്റെ ഉലയിലിട്ട് വേവിച്ചെടുക്കാനുള്ള സുവർണ്ണാവസരം!

കാറ് ദമാം സിറ്റിയും കഴിഞ്ഞ് കുതിച്ചു സ്പീഡോ മീറ്ററിൽ സൂചി നൂറ്റിഇരുപതും കഴിഞ്ഞ് നൂറ്റമ്പതിലേക്ക് ചാഞ്ചാടിക്കൊണ്ടിരുന്നു. എന്റെ മിഴികൾ പുറത്തെ കാഴ്ചകളിൽ അഭിരമിച്ചു. തുടക്ക് ചില സ്ഥലങ്ങളിൽ പോറ്റി വളർത്തുന്ന തണൽ മരങ്ങൾ! ഭംഗിയായി പെയിന്റടിച്ച വില്ലകൾ. അവയിൽ ചിലത് മതിലുകൾ കെട്ടി മറച്ചിട്ടുണ്ട്.! സൗദി പൗരന്മാരുടെ വീടുകളാണത് പലതും ശില്പചാതുര്യം നിറഞ്ഞവ. പൊടുന്നനെ ഇരുവശങ്ങളിലും മണലാരണ്യത്തിന്റെ വന്യത രൂപം കൊണ്ടു. വീശിയടിക്കുന്ന കാറ്റിൽ തുല്ലാതാകുകയും ചിലയിടങ്ങളിൽ കുന്നുക്കൂടുകയും ചെയ്യുന്ന മണൽക്കൂനകൾ! വീതിയേറിയ വിജനമായ റോഡിന്റെ ഇരുവശങ്ങളിലും കമ്പിവേലികൾ. അത് എന്തിനെന്നു ചോദിച്ചപ്പോൾ ഡ്രൈവർ ദൂരേക്ക് വിരൽ ചൂണ്ടി.

“അതു കണ്ടോ...”

മിഴികൾ പാഞ്ഞ് ചെന്നത് ദൂരെ വീശിയടിക്കുന്ന കാറ്റിൽ ചിതറിത്തെറിക്കുന്ന മണൽപ്പരപ്പിൽ! അവിടെ ചലിക്കുന്ന കുറേ നിഴലുകൾ!

“ഒട്ടകങ്ങളാ... ചിലപ്പോ റോഡിലേക്കിറങ്ങും. അതു തടയാനാ...”

“ഇറങ്ങിയാ ആക്സിഡന്റ് ഉറപ്പാ.”

മകന്റെ കമന്റ്! എന്റെ മനസ്സിൽ വീഥിയുടെ വിളയാട്ടം! മരണവും മനുഷ്യനും തമ്മിലുള്ള ദൂരം എത്ര ചെറതാണ്.? ഒറ്റ നിമിഷം മതി എല്ലാം തീരാൻ. ആ ചിന്തയിൽ മിഴികൾ ഇറുകയടിച്ചു. അൽപനേരം കഴിഞ്ഞ് മനസ്സ് ശാന്തമായപ്പോഴാണ് കണ്ണു തുറന്നത്. അപ്പോൾ കമ്പിവേലിക്കരികിൽ ഒട്ടകങ്ങൾ മേയുന്നു. ഒരിടത്ത് ഏതോ യാത്രക്കാർ വേലിയ്ക്കരികിൽ നിന്ന് ഒട്ടകങ്ങൾക്ക് ഭക്ഷണം കൊടുക്കുന്നു. ഞങ്ങളും തെല്ലകലെ വണ്ടി നിർത്തി. ഉത്സാഹത്തോടെ വേലിക്കരികിലെത്തി. ഒട്ടകങ്ങൾ അവിടവിടെയായി കാണുന്ന പച്ചപ്പുല്ലുകൾ കടിച്ചു പറിക്കുന്നു. പിന്നെ തലനീട്ടി നടന്നു നീങ്ങുന്നു. എന്റെ കണ്ണുകൾ തെല്ലകലെയുള്ള മണൽക്കൂനയുടെ സമീപത്തെ നിഴലനക്കത്തിൽ പതിഞ്ഞു. അതാ തലയിൽ മുഷിഞ്ഞ വെള്ളത്തുണി കെട്ടിയ ഒരു മനുഷ്യരൂപം പ്രത്യക്ഷപ്പെടുന്നു. കണ്ണിമവെട്ടാതെ ഞാൻ നോക്കി നിന്നു. അയാൾ ഒട്ടകപ്പുറത്ത് ഇരിയ്ക്കയാണ്. അടുക്കുന്തോറും രൂപം വ്യക്തമായി. കരിമുട്ടിപോലൊരു മനുഷ്യൻ.! വൃത്തികെട്ട നീണ്ട കുപ്പായവും പാന്റും! നീണ്ടുചെമ്പിച്ച താടിയും ഒട്ടിയ കവിൾത്തടവും.

കുണ്ടിലാണ്ട മിഴികളിൽ പരമ ദൈന്യതയുടെ തേരോട്ടം! അയാൾ ഒട്ടകപ്പുറത്തുനിന്നും ചാടിയിറങ്ങി! വേച്ചുവേച്ച് ഞങ്ങളുടെ നേരെ നടന്നടുത്തു.

അയാളുടെ കയ്യിൽ കാലിയായ വെള്ളക്കുപ്പി. അത് ഞങ്ങളുടെ നേരെ നീട്ടി അയാൾ കെഞ്ചി! പാനി... പാനീ... ഡ്രൈവർ വേഗം കാറിനടുത്തേക്കോടി. തിരിച്ചു വന്ന് ഒരു ലിറ്ററിന്റെ വെള്ളക്കുപ്പി അയാളുടെ ചുണ്ടുകൾ വിറയലോടെ മന്ത്രിച്ചു. "ശൂക്രാൻ ... ശുക്രാൻ..."

പിന്നെ വെള്ളം ഒറ്റവലിക്ക് പകുതി അകത്താക്കി. ഡ്രൈവറും മകനും അയാളോട് ഹിന്ദിയിൽ എന്തൊക്കെയോ സംസാരിച്ചു.

"അയാൾ വിശന്നു വലഞ്ഞ .." മകൻ എന്നെ നോക്കി.

"നമ്മൾ നാലാൾക്കുള്ള കപ്സ വാങ്ങിയിട്ടില്ലേ? ഒരാൾക്കുള്ളത് കൊടുക്ക് "

അത് കൈനീട്ടി വാങ്ങുമ്പോൾ നന്ദിയോടെ അയാളുടെ മിഴികൾ തിളങ്ങുന്നതും പിന്നെയത് നിറഞ്ഞൊഴുകുന്നതും കണ്ടു. മണൽക്കൂനയിൽ കുത്തിയിരുന്ന് അയാളത് വാരി വാരി വിഴുങ്ങി. എന്റെ മിഴികൾ നിറയാതിരിക്കാൻ നന്നേ പണിപ്പെട്ടു. പെട്ടെന്ന് ശക്തിയായ പൊടിക്കാറ്റ് വീശിയടിച്ചു. ഞങ്ങൾ ഓടി കാറഫിൽ കയറി.

"ബീഹാരുകാരനാ... കൃഷിപ്പണിക്കെന്നും പറഞ്ഞ് കൊണ്ടുവന്നതാ. ഒട്ടകത്തെ മേക്കലാ കിട്ടിയ പണി."!

"അയാൾക്ക് തിരിച്ച് പൊയ്ക്കൂടേ? " എന്റെ സംശയം!

"അതെങ്ങിനാ... പാസപോർട്ടും ഇക്കാമേം .. അറബീടെ കയ്യിലാ..."

വണ്ടി സ്റ്റാർട്ട് ചെയ്യുമ്പോൾ ഡ്രൈവർ അമർഷത്തോടെ പുലമ്പുന്നതു കേട്ടു.

അപ്പോൾ മനസ്സ് വിങ്ങി വിഴുങ്ങിയ വാക്കുകൾ എന്റെ ചുണ്ടുകൾ പുറത്തുവിട്ടു.

"ബന്യാമിന്റെ ആട് " ■

കവിത



എ.എസ്സ്. പ്രസാദ്
അമരാഴിയിൽ

# എന്റെ...

മണ്ണിൽ പിറന്നു ഞാൻ–
മെല്ലെ വളർന്നു ഞാൻ
ബന്ധമറ്റെങ്കിലും തുടർബന്ധനമായിടും
അമ്മയും അച്ഛനും കൂടപ്പിറപ്പുകൾ
എല്ലാം എനിക്കെന്റെ സ്വന്തം
മണ്ണെന്റെ സ്വന്തം
ഈ വിണ്ണെന്റെ സ്വന്തം
മലരിൻ മണം പേറി എന്നേ–
തഴുകുമീ കാറ്റെന്റെ സ്വന്തം
കടലെന്റെ സ്വന്തം കനവിൻ–
കളിത്തട്ടുമെന്റെ സ്വന്തം
വിശപ്പിന്റെ സ്വന്തം
വിയർപ്പെന്റെ സ്വന്തം
വിതുമ്പും മഴക്കാറും–
എന്റെ സ്വന്തം
വ്യഥയെന്റെ സ്വന്തം



വിതയന്റെ സ്വന്തം
വിളവെടുത്താൽ വിളവെന്റെ സ്വന്തം
നൂറ്റാണ്ടുകൾ മാറി മാറി തുടരവെ
മാറ്റങ്ങളൊത്തിരി മണ്ണിലെത്തി
എല്ലാം നിനക്കെന്നും
അന്യമെന്നോതിടാൻ
ഐ ഫോണിൽ ആപ്പുകൾ–
പൊങ്ങി വന്നു
വാട്സാപ്പും ഫേസ്ബുക്കും–
വിരലിനാൽ മിണ്ടവെ
വാതം പിടിച്ചൊരു വാർദ്ധക്യവും–
രോഗം മറന്നു ചലിക്കയായി
യാമങ്ങൾ ഏതെന്ന് പോലും തിരക്കാതെ
കാമിനി മുല്ലകൾ പൂത്തു നിന്നു
രാവിന്ന് നിദ്രയില്ലാത്തൊരീ കാലത്ത്
രാക്കിളിപ്പാട്ടും നിലച്ചുപോയി
സ്വന്തമല്ലിന്നൊന്നും എന്നറിഞ്ഞീടുകിൽ
എന്റെ സ്വന്തം എന്ന വാക്കിനെ ഞാനെൻ
നിഘണ്ടുവിൽനിന്നും അടർത്തിക്കളഞ്ഞു
പലർക്കും പകുത്തെന്ന മറ്റൊരു വാക്കിനെ
പകരമൊരുതാളിൽ പകർത്തിവെച്ചു ഞാൻ
പകരമൊരു താളിൽ പകർത്തിവെച്ചു.

ലോകവിചാരം



പി.ആർ നാഥൻ

# തിരുനെൽവേലി അലുവ

പലതും പറയുന്ന കൂട്ടത്തിൽ ഭഗ്യനാഥ് എന്ന സുഹൃത്ത് പറഞ്ഞ ഒരു അനുഭവം മനസ്സിൽ ചിന്തയുടെ തരംഗങ്ങൾ ഉണ്ടാക്കി. സൂക്ഷ്മമായ തത്വങ്ങൾ ധാരാളമായി പഠിച്ചുവെച്ച ഒരു വ്യക്തിയാണ് ഭാഗ്യനാഥ്. ഞാൻ ഒന്നും തന്നെ വായിക്കാറില്ല എന്ന് അദ്ദേഹം ഇടക്കിടെ പറയാറുണ്ടെങ്കിലും വർത്തമാനം കേട്ടാൽ അത് ശരിയാണെന്ന് തോന്നുകയില്ല. ഗൗരവമായ വിശകലനത്തിൽ നിന്നും കിട്ടുന്നതായിരിക്കാം അദ്ദേഹത്തിന്റെ ജ്ഞാനം. ചിലരെ നോക്കി അദ്ദേഹം ഫലങ്ങൾ പ്രവചിക്കും. അത് ഏറെക്കുറെ ശരിയാകാറുമുണ്ട്. വാസ്തുവിനെക്കുറിച്ച് ഭംഗിയായി പ്രഭഷണങ്ങൾ നടത്തും. വായിക്കാറില്ല എന്ന് അടിവരയിട്ടു പറയുന്ന ഭാഗ്യനാഥിന്റെ പ്രഭാഷണങ്ങൾ വായിക്കുന്ന പണ്ഡിതന്മാരെപ്പോലും അത്ഭുതപ്പെടുത്തുന്നവയാണ് ഈയിടെ അദ്ദേഹം ഒരു സിനിമാപാട്ടിനെക്കുറിച്ച് യാദൃശ്ചികമായി പറയുന്നതിനിടയിൽ ഒരു അനുഭവം വിസ്തരിച്ചു. തിരുനൽവേലി അലുവാതാൻ ഇരുട്ടുക്കടൈ അലുവാതാൻ എന്നൊരു പാട്ട് ഞാനും കേട്ടിട്ടുണ്ട്.

തിരുനൽവേലിയിലെ ഇരുട്ടുക്കടൈ അലുവ പ്രശസ്തമാണത്രെ. എന്തുകൊണ്ടോ ഞാൻ അതേക്കുറിച്ച് അധികം മനസ്സിലാക്കിയിട്ടില്ല. ഇരുട്ടുക്കടൈ അലുവയ്ക്ക് അസാധാരണമായ സ്വാദ് ഉണ്ടെന്നാണ് പറയുന്നത്. ചില സ്ഥലങ്ങളിൽ ഉണ്ടാക്കുന്ന ചില വസ്തുക്കൾക്ക് അസാധാരണമായ സ്വാദ് ഉണ്ടാകാറുണ്ട്. അമ്പലപ്പുഴ പാൽപ്പായസത്തിന്റെ രുചി ഒന്നു വേറെ ത്തന്നെയാണ്. കോഴിക്കോട്ടെ കായ വറുത്തത് പ്രശസ്തമാണ്. മറ്റൊരിടത്തും കായ വറുത്തതിന് ഈ രുചി കിട്ടുന്നില്ല. രാമശ്ശേരി ഇഡ്ഡലി ഞാൻ തിന്നു നോക്കിയിട്ടുണ്ട്. ചില ഹോട്ടലിലെ ഭക്ഷ്യവസ്തുക്കൾക്ക് സ്വാദ് കൂടും. ഈ സ്വാദിനെക്കുറിച്ചോർത്ത് നാം ആ ഹോട്ടലിലേക്കുതന്നെ വീണ്ടും കയറിച്ചെല്ലും. അത് നിർമ്മിക്കുന്നവന്റെ കൈപ്പുണ്യമാണോ എന്നറിഞ്ഞുകൂട.

കൈപ്പുണ്യം എന്ന പദത്തിനെ ശാസ്ത്രീയമായി വിശദീകരിക്കാൻ നമുക്ക് കഴിയുകയില്ല. ചിലർ പാട്ടുപാടുമ്പോൾ അത് കേൾക്കാൻ സുഖമുണ്ട്. പത്തുപേർ നൃത്തം ചെയ്യുമ്പോൾ കൂട്ടത്തിലുള്ള ഒരാളിന്റെ നൃത്തം നമുക്ക് മികച്ചതായി തോന്നുന്നു. സിനിമയിലും മറ്റും സൂപ്പർതാരങ്ങൾ ഉണ്ടാകുന്നത് അങ്ങിനെയാണല്ലോ.

ഇരുട്ടുക്കടൈ അലുവയുടെ സ്വാദിന് എന്തൊ രഹസ്യമുണ്ട്. വൈകുന്നേരങ്ങളിലാണ് കട തുറക്കുക. പ്രകാശം കുറഞ്ഞ ഒരു ബൾബ് ആ മുറിയിൽ കത്തുന്നുണ്ടാകും. അലുവ വാങ്ങാൻ ആളുകൾ തിങ്ങിക്കൂടുന്നു. ഇത് അലുവയുടെ മാത്രം രഹസ്യമല്ല. ചില വ്യക്തികൾ എഴുതുന്നതെന്തും ഞാൻ വായിക്കാറുണ്ട്. അത് മോശമായി എനിക്ക് അനുഭവപ്പെടാറില്ല. ചിലർ എഴുതിയത് വായിക്കാറേയില്ല. വലിയ അംഗീകാരങ്ങൾ നേടിയ അവരുടെ പുസ്തകങ്ങൾ ഞാൻ മറിച്ചു നോക്കാറുമില്ല. അഞ്ച് പേജ് പോലും വായിക്കാൻ ക്ഷമ കിട്ടിയില്ല എന്ന് അത്തരം പുസ്തകങ്ങളെക്കുറിച്ച് മറ്റുള്ളവർ പറയാറുണ്ട്. വിജയത്തിന്റെ രഹസ്യം എന്താണെന്ന് കണ്ടെത്താൻ നമുക്ക് കഴിയുന്നില്ല.

ഇരുട്ടക്കടൈ അലുവയ്ക്ക് ഇത്രയേറെ ആവശ്യക്കാരുണ്ടെ



ങ്കിൽ എന്തു കൊണ്ട് അതിന്റെ ശാഖ മറ്റു രാജ്യങ്ങളിൽ തുടങ്ങിക്കൂട എന്ന് ചിലർക്ക് തോന്നി. അലുവയുടെ ചേരുവ എല്ലാവർക്കും അറിയാവുന്നതാണല്ലോ. അങ്ങനെ വേറെ ചില സ്ഥലങ്ങളിൽ അലുവയുടെ കട തുറന്നു. വൈകുന്നേരങ്ങളിൽ മാത്രമാണ് കച്ചവടം. പക്ഷെ അലുവ നിർമ്മാണം വിജയിച്ചിട്ടില്ല. ഇരുട്ടുക്കടൈ അലുവയുടെ സ്വാദ് അതിന് കിട്ടിയില്ല എന്ന് ചുരുക്കം.

എന്താണ് പരാജയകാരാണമെന്ന് ചിലർ നിരിക്ഷിച്ചു. നദിയിൽ നിന്നെടുക്കുന്ന വെള്ളത്തിന് എന്തോ പ്രത്യേകതയുണ്ട്. ആ നദീജലത്തിന്റെ ലോഹാംശമാണത്രേ അലുവയ്ക്ക് സ്വാദ് ഉണ്ടാക്കുന്നത്. മറ്റൊരു രാജ്യത്തുവച്ച് അലുവയുണ്ടാക്കുമ്പോൾ ഈ സ്വാദ് കിട്ടുകയില്ല.

ഇതിൽ നിന്നും നാം പഠിക്കേണ്ടുന്ന ഗുണപാഠത്തെക്കുറിച്ച് ഭാഗ്യനാഥ് ഇങ്ങനെ പറയുന്നു. നമുക്ക് കണ്ടുപിടിക്കാൻ കഴിയാത്ത ഒരു ഘടകമാണ് ഒരു കാര്യത്തെ വിജയിപ്പിക്കുന്നത്. നദീജലത്തിന്റെ പ്രത്യേകത എന്ന് പറഞ്ഞതുപോലും ഊഹമാണ്. അത് ശരിയാകണമെന്നില്ല. ഒരു ഔഷധത്തിലെ ഏത് ചേരുവയാണ് രോഗത്തെ മാറ്റുന്നതെന്ന് ആർക്കാണ് പറയാൻ കഴിയുക? പത്തോ ഇരുപതോ വേരുകൾ പല അളവിൽ ചേർത്താണ് കഷായം ഉണ്ടാക്കുന്നത്. ഈ കഷായത്തിന്റെ രുചിയെ നിയന്ത്രിക്കുന്നത് കൂട്ടത്തിൽ നാം ചെറിയത് എന്ന് വിചാരിക്കുന്ന ഏതോ ഒരു വേരിന്റെ അംശമാണ്. ഈ അംശം നഷ്ടപ്പെടുമ്പോൾ ഔഷധത്തിന്റെ ഗുണം നഷ്ടപ്പെടുന്നു.

നമ്മുടെ ജീവിതത്തേയും വിജയിപ്പിക്കുന്നത് നമുക്കറിയാത്ത ഏതോ ഒരു എലിമെന്റാണ്. സ്വരമാകാം. ശരീരഭാഷയാകാം. താമസിക്കുന്ന സ്ഥലമാകാം. വീടാകാം. ഭാഗ്യനിർഭാഗ്യങ്ങളുടെ ഗതി നിശ്ചയിക്കുന്നത് ഏതു ഘടകമാണെന്ന് കണ്ടുപിടിക്കാൻ കഴിയുകയില്ല. വീട് മാറുന്നതോടെ ജീവിതത്തിൽ പരാജയപ്പെടുന്നവരുണ്ട്. വീടിന്റെ മാറ്റത്തോടെ വിജയിക്കുന്നവരുമുണ്ട്. നാലുപേർ ഒരു കാറിൽ യാത്ര ചെയ്യുമ്പോൾ കൂട്ടത്തിലൊരുവന്റെ ഭാഗ്യം കാറപകടം ഉണ്ടാക്കുന്നില്ല. സുഹൃത്തുക്കളെ മാറ്റുക വഴി പരാജയത്തിൽ ചെന്നുപെടുന്നവരുണ്ട്. ചിലരുമായുള്ള ബന്ധം ഒഴിവാക്കുമ്പോൾ നമുക്ക് ഉയർച്ച ഉണ്ടാകുകയും ചെയ്യുന്നു.

മണ്ടൻമാരായ ചിലർ വീട്‌വിട്ട് മറ്റൊരിടത്തേക്ക് താമസം മാറ്റുന്നതോടെ മഹാന്മാരായി മാറാറുണ്ട്. ഏത് ഘടകമാണ് നമ്മെ വിജയത്തിൽ എത്തിക്കുന്നത് എന്ന് നിരീക്ഷിക്കുന്നത് നല്ലതാണ്. ചില പശ്ചാത്തലങ്ങളിൽ ചെല്ലുമ്പോൾ മനസ്സിന് ഉന്മേഷം കിട്ടുന്നു. സ്ഥലം മാറുന്നതോടെ സ്ഥിരമായി രോഗിയാകുകയും ചെയ്യുന്നു. നമുക്ക് കണ്ടുപിടിക്കാൻ കഴിയാത്ത ഈ ഘടകത്തെ പല പേരിലും ആളുകൾ വിളിക്കും. ആർക്കും എന്തും അലർജിയാകാം.

ഇരുട്ടുക്കടൈ അലുവയുടെ കഥ പോലെത്തന്നെയാണ് അന്ധമായ അനുകരണവും വിജയിക്കുന്ന ഒരാളിനെ അതേ മാതിരി അനുകരിച്ചാൽ ആ വ്യക്തി പരാജയപ്പെട്ടു എന്നു വരാം. ചിലർ വിഡ്ഢിത്തം പറഞ്ഞാലും നാം ഇഷ്ടപ്പെടും. മറ്റു ചിലരുടെ പണ്ഡിതോചിതമായ ഭാഷണത്തെ വെറുക്കുകയും ചെയ്യും. ഭാഗ്യനാഥ് പറഞ്ഞ ഈ കഥ എന്നെ ആകർഷിച്ചു. ആകർഷണത്തിന്റെ പിറകിലുള്ള ആ എലിമെന്റ് എന്താണെന്ന് എനിക്ക് പറയാൻ കഴിയുകയില്ല. ■

# വിവാഹിതരായി



**ജിത്തു പിന്റു**

**പ്രശസ്ത കവിയും സാഹിത്യകാരനുമായ ശ്രീ. മുണ്ട്യാടി ദാമോദരന്റേയും ദേവി ദാമോദരന്റേയും (B.S.N.L.) മകൻ ജിത്തുവും, ശ്രീ തേക്കിൽ ബാലൻ (റെയിൽവേ ഗാർഡ്, റിട്ട) ശ്രീമതി ഷൈലജ (എരവട്ടൂർ, പേരാമ്പ്ര) എന്നവരുടെ മകൾ പിന്റുവും 2020 ജനുവരി 27 (1195 മകം 13) തിങ്കളാഴ്ച പകൽ 11 നും 12 നും മദ്ധ്യേ വധു ഗൃഹത്തിൽ വെച്ച് വിവാഹിതരായി. അന്നേദിവസം പ്രശസ്ത സാഹിത്യകാരും രാഷ്ട്രീയ സാമൂഹിക പ്രവർത്തകരും വിവാഹത്തിലും സൗഹൃദവിരുന്നിലും പങ്കെടുത്തു വധു വരന്മാരെ ആശിർവദിച്ചു.**

സ്പോർട്സ്



ഭാസി മലാപ്പറമ്പ്

# ഫുട്ബോൾ ലോകകപ്പ് ജേതാവിന്റെ വിട പറയൽ



**മെക്സിക്കോ ലോകകപ്പിൽ (1986) അർജന്റീന താരം ലൂയിസ് ബ്രൌൺ (നമ്പർ 5 ജഴ്സി) ജർമ്മനിക്കെതിരെ ഹെഡ്ഡറിലൂടെ ഗോൾ നേടുന്നു.**



**ലൂയിസ് ബ്രൌൺ ഫുട്ബോൾ ഉയർത്തിപ്പിടിച്ചപ്പോൾ**

2020 ന്റെ പ്രഥമ പ്രഭാതം പൂവിരിഞ്ഞപ്പോൾ ഹൃദയത്തിൽ പാദമൂന്നി എത്തിയ ആദ്യ ചോദ്യം 2019ൽ വിടപറഞ്ഞുപോയ ലോകപ്രശസ്ത പ്രതിഭകൾ ആരെല്ലാം? ; അവരിൽ ഫ്ട്ബോൾ താരങ്ങൾ ആരെല്ലാം എന്നായിരുന്നു. കടന്നു പോയ വർഷത്തിലെ ചരമ വാർത്തകൾ ഓർത്തെടുത്തപ്പോൾ ഹൃദയത്തിൽ കളിയുടെ കാഹളവുമായി ഉയരെ നിന്നത് അർജന്റീനയുടെ ലോകകപ്പ് ജേതാവ് ജോസ് ലൂയിസ് ബ്രൌൺ എന്ന സ്വർണ്ണത്തിളക്കമുള്ള ഫുട്ബോളർ. ബ്രൌൺ ലോകത്തിനോട് വിടപറഞ്ഞത് അറുപത്തി രണ്ടാം വയസ്സിൽ!

ഫ്രീലാൻസ് ഫുട്ബോൾ ലേഖകൻ എന്ന നിലയിൽ ഫിഫ അനുവദിച്ച പ്രസ്സ് അക്രഡിറ്റേഷനുമായി ഫുട്ബോൾ ലോകകപ്പ് മത്സരവേദികളിലെത്തി ഏഴ് ലോക കപ്പ് ചാമ്പ്യൻ ഷിപ്പുകൾ (1982, 1986, 1990, 1998, 2002, 2006, 2010) മലയാളമനോരമ പത്രത്തിന്നും 2014 ലോകകപ്പ് ജനയുഗം പത്രത്തിന്നും ഏഷ്യാനെറ്റ് ടെലിവിഷൻ ചാനലിന്നും വേണ്ടി ഞാൻ റിപ്പോർട്ടുകൾ നൽകിയത് ഓർമ്മയിൽ നിറഞ്ഞുനിന്നു. അതിൽ ഏറ്റവും അധികം ആവേശമുണ്ടാക്കിയ കളിക്കാർ അണിനിരന്ന ടീമുകളിൽ ഒന്നായിരുന്നു 1986 ഡിയേഗോ മറഡോണയുടെ നായകത്വത്തിൽ ലോകകപ്പ് ജേതാക്കളായ അർജന്റീന.


ക്യാപ്റ്റൻ ഡിയേഗോ മറഡോണയുടെ കൈകൊണ്ടുള്ള ഗോളിന്റെ ബലത്തിൽ ലോക കപ്പ് സ്വന്തമാക്കിയ അർജന്റീന

ദേശീയ ടീം ലോക ഫുട്ബോളിൽ ഏറ്റവും നാൾനീണ്ട ചർച്ചകൾക്ക് വിധേയമായതും അർജന്റീനയുടെ "കൈകൊണ്ടുള്ള ഗോൾ" വർഷങ്ങളോളം, ഇപ്പോൾ പോലും, വാദ പ്രതിവാദങ്ങൾക്ക് വഴിവെച്ചതുമെല്ലാം ബുദ്ധിയിൽ കൂടി ഒരു പുസ്തകത്തിലെ പേജുകൾ മറിച്ചു നോക്കുമ്പോൾ ഉണ്ടാകുന്ന അതിബോധത്തോടെ ഒന്നിനു പിന്നാലെ മറ്റൊന്നായി ചലിച്ചു കൊണ്ടിരിക്കുന്നു. അതിൽ ഏറ്റവും പ്രാധാന്യമേറിയ ഒരു ഗോളാണ് 1986 ലെ ലോകകപ്പിൽ അർജന്റീന-ജർമ്മനി ഫൈനൽ മത്സരത്തിൽ ലൂയിസ് ബ്രൌൺ അർജന്റീനക്കു വേണ്ടി കളിയുടെ ഇരുപത്തിമൂന്നാം മിനുട്ടിൽ നെറ്റിലെത്തിച്ച ആദ്യഗോൾ! അമ്പത്തിആറാം മിനുട്ടിൽ വൾഡാനോ ഒരു ഗോൾ സ്ക്കോർചെയ്തപ്പോൾ അർജന്റീന രണ്ട് (2-0) ഗോൾ ലീഡിലെത്തി. എഴുപത്തി നാലാം മിനുട്ടിൽ റൂമിനെഗ്ഗും എൺപതാം മിനുട്ടിൽ വോളറും അർജന്റീനയുടെ നെറ്റ് ചലിപ്പിച്ചപ്പോൾ ജർമ്മനി 2-2 ന്ന് സമനിലയിലെത്തി. പക്ഷേ 83-ാം മിനുട്ടിൽ അർജന്റീനക്കുവേണ്ടി ബുറുഷാഗ ഗോൾ നേടിയപ്പോൾ ലോകകപ്പ് ജേതാക്കൾ അർജന്റീനതന്നെ! മറഡോണ കപ്പ് ഏറ്റുവാങ്ങുകയും ചെയ്തു!

ജോസ് ലൂയിസ് ബ്രൌൺ എന്ന അതിബുദ്ധിമാനായ ഫുട്ബോളറാണ് ജർമ്മനിയുടെ എല്ലാ മുന്നേറ്റങ്ങളുടേയും ശില്പിയായി മൈതാനം നിറഞ്ഞുനിന്നതെന്ന് ഇപ്പോഴും ബുദ്ധിമണ്ഡലത്തിൽ തിളങ്ങി നിൽക്കുന്നുണ്ട്. ബ്രൌണിന്റെ പാദചലനങ്ങളും ഹെഡ്ഡറുകളും ഫുട്ബോൾകളി സൌന്ദര്യമുള്ള കായികമേഖലകൂടിയാണ് എന്ന് തെളിയിക്കുന്നതാണെന്ന് ലോകഫുട്ബോൾ മേഖല മുഴുവൻ രേഖപ്പെടുത്തിയിട്ടുണ്ട്.

ലൂയിസ് ബ്രൌൺ എന്ന അർജന്റീന താരത്തെ അറുപത്തിരണ്ടാം വയസ്സിൽതന്നെ ലോകത്തോട് വിട ചൊല്ലിച്ചത് ദൈവത്തിന്റെ ക്രൂരകൃത്യമായി എന്ന് ലോകത്തിലെ എല്ലാ ഫുട്ബോൾ പ്രേമികളും മനുഷ്യസ്നേഹികളും ചിന്തിക്കുന്നു എന്നതും സത്യം തന്നെ! ■

കവിത



# പുത്രധർമ്മം


ചിത്രാപ്പാട്ട് നീലകണ്ഠൻ

ലീവൊക്കെയുംതീർന്നു
രണ്ടാഴ്ചയായിട്ടും അച്ഛൻ മരിച്ചില്ല
മക്കൾക്ക്മൺഡേയിൽ
കോൺവെന്റിലെത്തണം
ശാരിക്കുശ്വാസനപ്രദർശനം
ഞാൻ കൂടിയെത്തുകിൽ
പ്രൈസുംസുനിശ്ചിതം
അച്ഛൻ പൊറുക്കുക
വായ്ക്കരിഇപ്പൊഴേവെക്കുന്നു
സൽപുത്രധർമ്മം
മറക്കവതോനാം

6-ാം ചരമ വാർഷികം | 1-ാം ചരമ വാർഷികം | 2-ാം ചരമ വാർഷികം

എടോളി ബാലൻ | എടോളി യശോദ | എടോളി ബാബു

എടോളി ഹൗസ്, കൊമ്മേരി, കോഴിക്കോട് 673 007





ജീവിക്കുന്ന ഓർമ്മകളുമായി....
ഇ.ഗീത, ഇ.രാധാകൃഷ്ണൻ, ഇ. രത്നകുമാരി, സുജാത എം., സുന്ദർ രാജ് കെ, ഇ. അതുല്യ, ഇ. അമൃത, നിജേഷ് കെ., സുനോജ് കെ., മനേഷ് കെ., രമ്യ നിതിൽ, അൽന മെൽവിൻ, സാൻവി സുനോജ്, നിതാര നിതിൽ
മറ്റു കുടുംബാംഗങ്ങൾ, ബന്ധു മിത്രാദികൾ...

ആത്മപ്രഭാലയ
ബനാന ചിപ്സ് സെന്റർ

കളിപൊയ്ക
പി.ഒ. കോട്ടൂളി
കോഴിക്കോട്-16

ഫോൺ: 9744960052, 9744741865

നോവലറ്റ്

4





നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

# നിലാവ് പൂക്കും താഴ്‌വാരം

രൂപ ടെന്നീസ് കോർട്ടിനടുത്തേക്ക് ദൂരെ നിന്നു നടന്നുവരുന്ന ബോസിനെ കണ്ടു.

അവൾക്കറിയാമായിരുന്നു പ്രണയാഭ്യർത്ഥനയുമായാണ് ബോസ് തന്റെയടുത്തേക്ക് വരുന്നതെന്ന്.

സ്ക്കൂൾ പഠനകാലം മുതൽ തുടങ്ങിയതാണ് ബോസിന്റെ നിരന്തരമുള്ള പ്രണയാഭ്യർത്ഥന. അത് അവഗണിക്കാനോ പൊറുക്കുവാനോ സാധിക്കാത്തവിധം പലപ്പോഴും ശല്യമായിതന്നെ, ബോസ് തന്നെ വേട്ടയാടുകയാണ്.

അയാൾക്കും അറിയാം തനിക്ക് ഘോഷിനോടുള്ള പ്രണയവും, അയാളെ വിവാഹം ചെയ്യാനുള്ള താല്പര്യവും. എന്നിട്ടും പിൻമാറാതെ ബോസ് ശല്യം ചെയ്യുകയാണ്. ഇന്നെന്തായാലും അയാളുടെ പ്രണയാഭ്യർത്ഥന നിർത്തിക്കാൻ തക്ക രീതിയിൽ അയാളോടു പെരുമാറണം.

രൂപ മനസ്സിൽ ഉറച്ചു.

സാധാരണ വിവാഹഭ്യർത്ഥനയുമായി വരുന്ന ദിനങ്ങളിൽ അയാൽക്കുണ്ടാകുന്ന സങ്കോചമോ ആത്മവിശ്വാസ കുറവോ ഇന്നയാൾക്കില്ല. ആഹ്ലാദം നുരഞ്ഞു പൊന്തുന്ന ചടുലഭാവമാണയാളുടെ പ്രസന്നമായ മുഖത്തിനിന്നുള്ളത്. അവൾ ആശ്ചര്യപ്പെട്ടുപ്പോയി.

അയാളെ എങ്ങിനെയെങ്കിലും തന്നിൽനിന്നകറ്റിയാലേ ഘോഷുമായി തനിക്കടുക്കുവാനാകൂ.

"രൂപാ..."

അയാൾ വിളിച്ചു.

അയാൾ പറഞ്ഞു.

"എൽ.പി. സ്ക്കൂൾ വിദ്യാഭ്യാസകാലം മുതൽ നമ്മൾ സഹപാഠികളാണ്. ഒരിക്കലും ഞാൻ നിന്നെയോ മറ്റുള്ളവരെയോ ദ്രോഹിച്ചിട്ടില്ല. മറ്റെന്തെങ്കിലും തെറ്റായവിധത്തിൽ സമീപിച്ചിട്ടുമില്ല. ആം ഏ റൈറ്റ്?. എനിക്ക് നിന്നെ ഇഷ്ടമാണ്. അത് മറ്റേതെങ്കിലും തെറ്റായ അർത്ഥത്തിൽ വ്യാഖ്യാനിച്ചു നീ എന്നെ ഒരു അയോഗ്യനായി വിചാരിക്കരുത്. ഇത്രയും കാലമുള്ള സഹപാഠി ജീവിതത്തിലോ രാഷ്ട്രീയപ്രവർത്തനത്തിലോ നിന്നെ ഞാൻ ഉപദ്രവിച്ചതായി നിനക്കു പറയാനാവുമോ?"

അയാളുടെ സംസാരത്തിനു വിപരീതമായി എന്തെങ്കിലും പറയത്തക്കവണ്ണം അയാൾ തന്നോടു പ്രവർത്തിച്ചിട്ടില്ല.. അയാൾ പറയുന്നത് യാഥാർത്ഥ്യമാണ്.

പക്ഷേ മറ്റൊരാളെ പ്രണയി



ക്കുന്ന തന്നെ നിരന്തരം പ്രണയാഭ്യർത്ഥനയുമായി ശല്യം ചെയ്യുക എന്നുവെച്ചാൽ...

രൂപ പറഞ്ഞു.

"ഞാൻ ഒരു വിവാഹം കഴിക്കുകയാണെങ്കിൽ, അത് നമ്മുടെയെല്ലാം സഹപാഠിയും സുഹൃത്തുമായ ഘോഷിനെ മാത്രമായിരിക്കും. കൂടുതൽ ഒന്നും എനിക്ക് ബോസിനോടു സംസാരിക്കാനില്ല. നീ നല്ലവനല്ലാത്തതുകൊണ്ടോ അയോഗ്യനായതുകൊണ്ടോ അല്ല അത്. എന്റെ മനസ്സിൽ വിവാഹത്തിനെക്കുറിച്ചുള്ള സങ്കല്പത്തിൽ നായകനായി അത് ഘോഷ്മാത്രമാണ്. സോറി ബോസ്. കൂടുതലൊന്നും എന്നോട് ചോദിക്കുകയോ പറയുകയോ ചെയ്യരുത്. നമ്മൾ തമ്മിൽ അകന്നു നില്ക്കുന്നതായിരിക്കും ശരിക്കും ബെറ്റർ."

ബോസിന്റെ മനസ്സൊന്ന് ഉലഞ്ഞു. കഴുത്തിലേയും മുഖത്തേയും ഞരമ്പുകൾ ഒന്നു വലിഞ്ഞുമുറുകി. മുഖവും കണ്ണുകളും രക്തപ്രവാഹത്താൽ ചെറുതായി ഒന്നു ചുകന്നു. നിമിഷങ്ങളോളം തന്നെ തുറിച്ചു നോക്കി. അന്നേരം അയാളുടെ മുഖത്തെ വികാരങ്ങളുടെ വേലിയേറ്റം തീരുമാനങ്ങൾ തിരിച്ചറിയാൻ സാധിക്കാത്ത വിധത്തിലുള്ള ഭാവത്തിലായിരുന്നു.

പിന്നീട് അയാൾ പറഞ്ഞു.

"സോറി. ഇനി ഒരിക്കലും രൂപാ തന്നെ ഞാൻ ശല്യം ചെയ്യുകയില്ല.

റ്റാറ്റാ..."

അയാൾ ഉറച്ച കാൽവെപ്പോടെ മനസ്സിലുറച്ച അജ്ഞാത തീരുമാനങ്ങളുമായി മുന്നോട്ടു നടന്നു.

പിറ്റേ ദിവസം കോളേജ് അവധിയായിരുന്നു.

ഭക്ഷ്യക്ഷാമത്തിന്നെതിരെ നാടു നീളെ ജനകീയ പ്രക്ഷോഭങ്ങളും പ്രകടനങ്ങളും പൊതുയോഗങ്ങളും നടക്കുന്ന കാലം.

കേളേജ് കാമ്പസിലും അതിന്റെ അലയൊലിയുയർന്നു.

ഭക്ഷ്യക്ഷാമത്തിനെതിരെ വിദ്യാർത്ഥികൾ ഘോഷിന്റെ നേതൃത്വത്തിൽ സമരമുഖത്തിറങ്ങി.

ജനകീയ പ്രക്ഷോഭത്തിനെതിരെ രാജ്യമൊട്ടുക്ക് അറസ്റ്റും മർദ്ദനങ്ങളും അരങ്ങേറി.

കോളേജ് കാമ്പസ് വിട്ട് വിദ്യാർത്ഥികൾ തെരുവിലിറങ്ങി.

പല സംസ്ഥാനങ്ങളിൽ നിന്നും മാർക്കറ്റിലേക്ക് വന്നു കൊണ്ടിരുന്ന ലോറികളിലെ അരിയും



**കഥ ഇതുവരെ**

**ഒരു പത്രപ്രവർത്തകയാണ് രൂപാസെൻ. തന്റെ കോളേജ് സഹപാഠിയും ഭാവിവരനായി സ്വപ്നത്തിൽ കുറിച്ചിട്ട തന്റെ എല്ലാമായ, നക്സൽ തടവുകാരൻ ഘോഷിനെ കാണാൻ രൂപാസെൻ ജയിലിലെത്തി. ജയിലറുടെ അനുവാദം വാങ്ങി രൂപ ഘോഷിന്റെ മുറിയിലെത്തി. ഘോഷ് രൂപയെ കണ്ടു. ഘോഷിന്റെ മനസിൽ തന്റെ കോളേജ് പഠന കാലം ഓർമ്മയിലെത്തി. കോളേജിലെ മറ്റൊരു വിദ്യാർത്ഥിയായ ബോസും ഘോഷും തമ്മിൽ നിരന്തരം ബദ്ധവൈരികളായി. അതിനു കാരണം ബോസിനു രൂപയോടുള്ള പ്രണയമായിരുന്നു. (തുടർന്നു വായിക്കുക)**

പലവ്യഞ്ജനങ്ങളും പച്ചക്കറികളും വിദ്യാർത്ഥികൾ വണ്ടി തടഞ്ഞു നിർത്തി ജനങ്ങൾക്ക് പങ്കിട്ടു കൊടുത്തു.

പോസ്റ്റോഫിസ് പിക്കറ്റിംങ്ങ് സമരത്തിൽ പങ്കെടുത്ത പ്രവർത്തകരേയും വിദ്യാർത്ഥികളേയും പോലീസ് അതി ക്രൂരമായി മർദ്ദിച്ചു.

മാർക്കറ്റിലും മറ്റുയിടങ്ങളിലും സമരത്തിനു നേതൃത്വം കൊടുത്ത ജനനേതാക്കൾ പോലീസ് ലത്തിചാർജ്ജിൽ തല പൊട്ടിയും എല്ലുപൊട്ടിയും ആശുപത്രയിലായി. ബാക്കിയുള്ളവർ അറസ്റ്റിലും.

സംസ്ഥാനത്തൊട്ടാകെയുള്ള വിദ്യാർത്ഥികളുടെ സമരത്തിനു മുന്നിൽ നിന്നു നേതൃത്വംകൊടുത്തുകൊണ്ടിരുന്ന ഘോഷും പോലീസ് ലാത്തി ചാർജ്ജിൽ പരിക്കേറ്റ് ആശുപത്രിയിലായി.

സമരത്തിൽ അതിശക്തമായി ജനങ്ങൾ പങ്കെടുത്തുകൊണ്ടിരുന്നു. നാൾക്ക്നാൾ അത് അധികരിക്കുകയുമുണ്ടായി.

ഭരണകൂടം നിശ്ചലമായി.

മന്ത്രിമാർക്കാർക്കും പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥ.

സമരം തേയില തോട്ടങ്ങളിലെ തൊഴിലാളികളിലേക്കും വ്യാപിച്ചു.

(തുടരും)

വ്യക്തിമുദ്ര

# ആനന്ദ നടമാടുന്ന പ്രശസ്ത കലാകാരൻ ടി.എസ്. അനിയൻ

നക്ഷത്രരാജ്യം ലേഖകൻ




ടി.എസ്. അനിയൻ

സ്വർണ്ണ ലിപികളിൽ തിളക്കമാർന്ന രാജകീയമായ 12 വർഷം. നടന ശ്രീ കലാക്ക്ഷേത്ര സെക്രട്ടറിയും പ്രശസ്ത നർത്തകനുമായ ശ്രീ ടി.എസ്. അനിയൻ എന്ന നൃത്തഗുരു ആനന്ദനടനമാടിയ ഇതിഹാസ വിസ്മയമായ രാവണന്റെ അനശ്വരമായ വേഷപ്പകർച്ചകൾ "രാവണൻ നൃത്തശില്പം" അവസാന ഭാഗം കണ്ടാസ്വദിക്കാൻ കോഴിക്കോട് ടൗൺഹാളിൽ എത്തിയ ആസ്വാദകരുടെ മനസ്സിൽ വിസ്മയങ്ങൾ ഉണർത്തി അരങ്ങുത്തകർത്തു ഈ കലാകാരൻ. കോട്ടയം ജില്ലയിലെ കുമരകം ഗ്രാമത്തിൽ നിന്ന് നാലുവയസ്സു മുതൽ ചിലങ്കകെട്ടി ടി.എസ്. അനിയൻ നൃത്തയാത്ര തിരിച്ചു. ഇന്ത്യയിലെ 2200 ഓളം വേദികളിൽ നടനം ചെയ്ത ഈ ബിരുദധാരി നൃത്തസപര്യ സ്വാഭിമാനം തുടരുന്നു.

ഈ അനുഗ്രഹീത നൃത്തോപാസകൻ ഇന്ത്യൻ ദേശീയ ക്ലാസിക്കൽ നൃത്തമായി വിശേഷിപ്പിക്കപ്പെടുന്ന ഭരതനാട്യത്തിലും(തമിഴ്നാട്), മറ്റ് ദേശീയ ശാസ്ത്രീയനൃത്തമായ മോഹിനിയാട്ടത്തിലും(കേരളം), കുച്ച്പ്പുഡി(ആന്ധ്രപ്രദേശ്) എന്നിവയിലും, കേരളത്തിന്റെ പൈതൃക കലയായ കഥകളിയും, മോഹിനിയാടം എന്നിവയിൽനിന്ന് രൂപംകൊണ്ട കേരള നടനത്തിലും 16 വർഷത്തെ പ്രവർത്തന പാരമ്പര്യമുണ്ട്. ഇപ്പോഴും പഠനവും ഗവേഷണവും നടത്തുകയും ചെയ്യുന്നു. അഞ്ച് ഭാഗങ്ങളായാണ് രാവണൻ നൃത്തശില്പം അരങ്ങേറിയത്.

വിശ്രയസ്സിന് കൈകസിയിൽ ജനിച്ച പുത്രനാണ് രാവണൻ. രാവണൻ ബ്രഹ്മാവിനെ തപസ്സു ചെയ്ത് പ്രത്യക്ഷനാക്കി വരം വാങ്ങി. പിന്നീട് വരഗർവ്വിതനായി കുബേരനെ ലങ്കയിൽനിന്നോടിച്ച് അവിടെ രാക്ഷസ രാജാവായി വാണു. പിന്നീട് ഭൂമി, സ്വർഗ്ഗം, പാതാളം ഇവ



ജയിച്ച് കീഴടക്കി. കൈലാസം പിടിച്ചിളക്കി.

പരമശിവനിൽനിന്നും മഹാപണ്ഡിതനും ശിവഭക്തനുമായ രാവണൻ ചന്ദ്രഹാസം എന്ന വാള് സമ്മാനമായി വാങ്ങി. മയ പുത്രിയായ മണ്ഡോതരിയാണ് രാവണന്റെ പത്നി.

സഹോദരി ശൂർപ്പണേഖയുടെ സങ്കടനിവാരണാർത്ഥം ശ്രീരാമപത്നിയായ സീതയെ അപ



ഹരിക്കയാൽ ശ്രരാമനുമായി യുദ്ധം ചെയ്തു. ശ്രീരാമൻ രാവണന്റെ നാഭിക്ക് താഴെ മഹേന്ദ്ര ബാണം പ്രയോഗിച്ച് അദ്ദേഹത്തെ വധിച്ചു.



ടി.എസ്. അനിയൻ രാവണനെ തന്റെ ജന്മ സിദ്ധമായ നടനവൈഭവത്തിൽ രംഗത്ത് നിറ ഞ്ഞാടി.



2010-ൽ സംസ്ഥാന സർക്കാറും കലാക്ഷേ ത്രയും സംയുക്തമായി കോഴിക്കോട് സംഘടി പ്പിച്ച നൃത്തക്ഷേമ പദ്ധതിയിൽ 42 മണിക്കൂർ തുടർച്ചയായി നൃത്തമവതരിപ്പിച്ച് സ്റ്റേറ്റ് ഗവർമെന്റിന്റെ "നൃത്തപുരസ്ക്കാരം" വും, നട നഭൂഷണം ബഹുമതും കരസ്ഥമാക്കിയിട്ടുണ്ട്



പ്രശസ്തനായ ഈ നൃത്താദ്ധ്യാപകൻ.

2017-ൽ "നൃത്തോന്നതി" പുരസ്ക്കാരം(മികച്ച നർത്തകനുള്ള അവാർഡ്), 2019-ൽ കേരളസ്റ്റേറ്റ്



എക്സലന്റ് അവാർഡ് (മികച്ച കോറിയോഗ്രാ ഫർക്കുള്ള അവാർഡ്), 5 വർഷത്തെ ഭരതനാട്യം ഡിപ്ലോമാ കോഴ്സ് പൂർത്തിയാക്കി. ചെന്നെ കലാക്ഷേത്രം പ്രൊഫ. സൂര്യനാരായണ മൂർത്തി്യിൽ നിന്നും ഭരതനാട്യം, കുച്ച്പ്പുഡി, എന്നിവയിൽ പ്രാവിണ്യം നേടി.

കമലദളം, അവൻ അനന്ത പത്മനാഭൻ എന്നി ചലച്ചിത്രങ്ങളിൽ നൃത്തസംവിധാന സഹായി യായും പ്രവർത്തിച്ചിട്ടുണ്ട്. ■

India's No - 1

AKSHAYA WATER PROOFING

**29 - 851, Kottooli,Mavoor Road, Kozhikode - 673016**

**Mob : P.P. PRADEEP - 9447312616, 9037940457**

**E-Mail : aakshayawaterproof@gmail.com**





ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം
ഗ്യാരിയോടുകൂടി ചെയ്തുകൊടുക്കുന്നു.

**Dinesh K.T.**

**Ph: 9946309061, 9387425579**

**NEELGIRI POOJA STORES & AVS POOJASTORE**

**Thali, Calicut**

ഭക്ത ജനങ്ങളുടെ വിശ്വസ്ത സ്ഥാപനം

**നിർമ്മാല്യം ശ്രീ ധർമ്മശാസ്ത ട്രാവൽസ്**

Mob: കെ. പുരുഷു, – 9387500618, 9539036575

നജീഷ് പുരുഷു – 9961100702

ഉല്ലാസ യാത്രയ്ക്കും തീർത്ഥാടന യാത്രയ്ക്കും

മാങ്കാവ്, കോഴിക്കോട് – 673 007

ഫോൺ : 0495 2331828





എല്ലാതരം ടൂറിസ്റ്റ് ബസ്സുകളും മിനി ബസ്സുകളും

**ന്യൂ കാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്**



മൂരിയാട് റോഡ്
പുതിയപാലം
കോഴിക്കോട്



**ഫോൺ : മണി 9400741434**

കാർ സ്പ്രേപെയിന്റിങ്ങ്,
ബോഡി വർക്സ്,എഞ്ചിനിയറിംഗ് വർക്സ്

# GLAMOUR GENTS WEAR




**Whole Sale & Retail**

**Mankave,**
**Calicut - 7**

**Mob: 9847756569**
**8891901404**




**Pants, Jeans, Shirt, T. Shirts etc...**

**CARE SMART**

**Home improvemet Proffessionals**

**Near Panjab nationl bank, Lakshmi Building, Kallittanada, Ph : 0495 235 9153**

**എല്ലാ തരം മെയിന്റനൻസ് വർക്കുകളും ചെയ്ത് കൊടുക്കുന്നതാണ്**

പെയിന്റിങ്, വാട്ടർപ്രൂഫിങ്ങ്, കോൺക്രീറ്റ് കട്ടിങ്ങ്,
കെട്ട്, പടവ്, തേപ്പ്, വർക്കുകൾ etc...

**CONTACT 9207434340, 9539434340**

# ഓം സ്വാമിയേ ശരണമയ്യപ്പാ... ഓം

## അഖിലഭാരത അയ്യപ്പസേവാസംഘം

## കൊമ്മേരി ശാഖ Reg. No.3792/09 നടത്തുന്ന



## 14-മത്

# കർപ്പൂരാഴി മഹോത്സവം

**2019 ഡിസംബർ 21 (1195 ധനു 5)ശനിയാഴ്ച കൊമ്മേരിയിൽ വെച്ചു നടന്നു.**





**അന്നേ ദിവസം നടന്ന കാര്യപരിപാടികൾ:**
**പുലർച്ച: ഗണപതി ഹോമം ഓം ഉച്ചയ്ക്ക് 12 മണി: അന്നദാനം**
**വൈകിട്ട് 6 മണിക്ക്**
**ശ്രീ വളയനാട് ദേവീ ക്ഷേത്ര സന്നിധിയിൽ നിന്നും**
**ആന, ചെണ്ട, വാദ്യമേളം താലപ്പൊലിയോടെ കർപ്പൂരാഴി എഴുന്നള്ളത്ത്**







**ആഘോഷകമ്മറ്റി ഭാരവാഹികൾ**


**ചെയർമാൻ:**
**എൻ.എം. അനിൽ**

**ജനറൽ കൺവീനർ:**
**പി. ഹരിദാസൻ**

കവിത

# ഉണരുവിൻ

സരിത സുസ്മിത്ത് ലാൽ



തിരിച്ചു പോവുക മകളേ നീയെൻ-
ഗർഭപാത്രത്തിലേക്കായ് വീണ്ടും
അവിടെയല്ലാതൊരു രക്ഷയുമില്ലിനി-
പാഴ് വാക്കെങ്കിലും ആശിച്ചിടട്ടെ ഞാൻ.
വിടരാനായ് വെമ്പും മുൻപേ കടിച്ചുപറിച്ചു-
ചവിട്ടിമെതിക്കുന്നൊരാ കുഞ്ഞു മുകുളങ്ങളെയാ-
മദോൻമത്തരാം രാക്ഷസ വൃന്ദങ്ങൾ.
ഭേദമില്ലവർക്കുപോൽ
അമ്മയും അമ്മൂമ്മയും പിഞ്ചു പൈതലും
പിന്നെയോ ജന്മംകൊടുത്തൊരാമക്കളെത്തന്നെയും.
കാണുന്നു അവർ അവരിലെ കാമാഗ്നി മാറ്റുന്ന
മാംസപിണ്ഡമായ് മാത്രം
മനുജൻ മൃഗമായ്മാറുന്നപഴം ചൊല്ലെ മാറിപ്പോ,
മൃഗങ്ങൾപ്പോലുമതോർത്തിപ്പോൾ-
നാണിച്ചു നിൽക്കുന്നു
ജിഷയായ്, ദിശയായ്, നിർഭയയായ്, ആസിഫയായ്-
സൗമ്യയായ്, പിന്നെ എണ്ണിയാൽ-
തീരാത്ത ആർത്തനാദങ്ങളാൽ
നെഞ്ചകം പിളരുന്നു
ചിലതിനെയറിയുന്നു നമ്മൾ
അറിയാത്തതെത്രയോ മൗനമായ് തേങ്ങുന്നു
ചീന്തിയെറിഞ്ഞിട്ടും ഇടറാതെ തളരാതെ-
മുന്നോട്ടായ് വന്നുവോ ചിലർ
തീഷ്ണമാം വഗ്നിയിൽ എറിയുന്നിതാ-
അവരെയാ കിരാത കിങ്കരർ.
ഭാരത സ്ത്രീത്വത്തെ മാനിച്ചെഴുതിയ കവി മനമേ
കാണുന്നുവോ നിങ്ങളാ താണ്ഡവത്തിന്റെ-
ബാക്കി പത്രങ്ങളെ
എവിടയാണാ നീതി, തുല്യത, സ്വാതന്ത്ര്യം
പുസ്തക താളിലൊതുക്കുവാനല്ലാതെ-
തിന്നു കൊഴുക്കാനോ ഗോവന്ദചാമിമാർ
പിന്നേയും മാതാവിൻ നെഞ്ചകം തേങ്ങുന്നു
ക്ഷമതൻ പര്യായമാം ധരിത്രി പോലും
ഒരു വേള ഞെട്ടിതരിച്ചു നിന്നീടുന്നു.
ഒടുവിൽ ക്ഷമിച്ചു സഹിച്ചു മടുത്തവൾ
പ്രതികാര ദുർഗ്ഗയായ് പ്രളയമായ്-
പിന്നെ ചുഴലിയായ് മാറിയോ
എങ്കിലോ പഠിച്ചിട്ടും പഠിക്കാതെ
പിഞ്ചുമടിക്കുത്തഴിച്ചീടുവാൻ
ആർത്തി പൂണ്ടോടുന്ന കാട്ടാളവൃന്ദങ്ങൾ
ലജ്ജിക്കു ഭാരതാംബേ, നിൻ മടിത്തട്ടിൽ
ചിന്നി ചിതറുന്നു പെൺകുരുന്നുകൾ.
ഇല്ല പിന്നോട്ടില്ല, ഭീരുവായ് മാറില്ല
ഒന്നായ് അണിചേരാൻ വരിക സഹജരേ
ഒരു നല്ല ജനതയെ വാർത്തെടുത്തീടുവാൻ
ഉടച്ചുവാർക്കണമാരാജ്യത്തിന്നഭിമാനമാം-
നിയമ സംഹിതയെ
അമ്മയെ അമ്മയെ കാണാൻ പഠിപ്പിക്കാം,
നെല്ലും പതിരും അറിയാൻ പഠിപ്പിക്കാം
ഒരൊറ്റലക്ഷ്യമായ് ഒരേമനസ്സായ്-
ഒരു നവയുഗം പിറവിയെടുക്കട്ടെ,
അതിൽ പാറിപ്പറക്കട്ടെ ചിറകറ്റു വീഴാതെ, ഇടറാതെ
നാളെയുടെ വാഗ്ദാനമായ്...

ഗാനം



# നീലാകാശം

"നീലാകാശപൂംന്തോപ്പിൽ
നീയൊരു സുന്ദരി മാൻ പേട
നിത്യവും നിന്നെകാണാൻ
ഞാൻ കാത്ത് നില്ക്കുന്നു...
(നീലാകാശ...)

നിൻമൊഴി കേൾക്കാനെന്തുരസം
നിൻമിഴി കാണാൻ എന്തു ഭംഗി
ഇന്നലെ രാത്രിയിൽ എൻ കിനാവിൽ
എന്തിനു നീ വീണ്ടും വന്ന...
എന്തിനു നീ വീണ്ടും വന്ന...
(നീലാകാശ...)

രാഗിണി നീയെൻ മനസ്സിൽ...
രാഗമരാളമായൊഴുകി
രാഗപരാഗമായ്യ് ഈ രാത്രിയിൽ
രാധികേ നിൻ രൂപം...
രാധികേ നിൻ രൂപം..."
(നീലാകാശ...)

# ചിലമ്പൊലി കലാമേള

2020 ജനുവരി 19-20 തിയ്യതികളിൽ കൊമ്മേരി എ.എൽ.പി സ്ക്കൂളിൽ "ചിലമ്പൊലി" എന്ന പേരിൽ നടത്തിയ കലാമേള പ്രശക്ത ബാലസാഹിത്യകാരൻ മലയത്ത് അപ്പുണ്ണി ഉത്ഘാടനംചെയ്തു. വാർഡ് കൗൺസിലർ എം.സി.അനിൽ കുമാർ മുഖ്യാഥിതി ആയിരുന്നു.

പി.ടി.എ പ്രസിഡണ്ട് സുവിൽ കുമാർ അധ്യക്ഷനായിരുന്നു. ഹെഡ്മിസ്ട്രസ് പി.ബേബി മിനി സ്വാഗതം പറഞ്ഞു. എസ്.എസ്.ജി ചെയർമാൻ ചെമ്പയിൽ ബാബുരാജ്, പി.ടി.എ വൈസ് പ്രസിഡണ്ട് പ്രവീൺ, എം.പി.ടി. എ പ്രസിഡണ്ട് ആഷിത, റഷ്മാൻ മാസ്റ്റർ, പി.ടി.എ വൈസ് പ്രസിഡണ്ട് നൗഫൽ എന്നിവർ ആശംസകൾ നേർന്നു. കലാമേള കൺവീനർ സിജീഷ് ചടങ്ങിനു നന്ദി പ്രകാശിപ്പിച്ചു.




ഓം നമ:ശിവായ

# ശ്രീ എരവത്തുകുന്ന് മലേത്തേവർ ശിവക്ഷേത്രം

രജി: നമ്പർ: 508/80, പി.ഒ കൊമ്മേരി, കോഴിക്കോട്- 673007

ആഘോഷ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ശിവരാത്രി മഹോത്സവം.

2020 ഫിബ്രവരി 19, 20, 21 ബുധൻ, വ്യാഴം, വെള്ളി (1995 കുംഭം 6,7,8 )

**വിശേഷാൽ പൂജകളോടെ പൂർവ്വാതികം ഭംഗിയായി തന്ത്രി ബ്രഹ്മശ്രീ പാടേരി നാരായണൻ നമ്പൂതിരിപ്പാടിന്റെ മുഖ്യ കാർമ്മികത്വത്തിൽ ആഘോഷിക്കുന്നു.**



ശിവരാത്രി ദിവസം രാത്രി 9 മണിക്ക്

കോഴിക്കോട് നാന്തലക്കൂട്ടം **ആട്ടവും പാട്ടും**

സാക്ഷാത്കാരം മജീഷ് കാരയാട്

പങ്കെടുക്കുക, വിജയിപ്പിക്കുക.



Yes Key Electricals & Engineering Works
Puthiyapalam, Calicut
Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikreema Rectifiers etc
കൂടാതെ എല്ലാവിധ ഇലക്ട്രിക്ക് ഉപകരണങ്ങളും റിപ്പയർ ചെയ്തുകൊടുക്കുന്നു.
NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്.
K.P. Sunil Kumar Mob:9847390950
Ph:04952702073,Resi:9048594525

HASBI
TOURS & TRAVELS



Meenchanda
Areekad
Calicut-27

Mob: SAHIR
9895 999 100
9349 666 100




# ഐശ്വര്യ സ്വയംസഹായ സംഘം

## മുക്കണ്ണിപറമ്പ്, കൊമ്മേരി IDC Reg No 224/04 കോഴിക്കോട 673 007

ഐശ്വര്യ സ്വയംസഹായ സംഘവും സഹോദര സംഘമായ സൂര്യ വനിത സ്വയം സംഘവും സംയുക്തമായി 2020–ൽ തിരുവാതിര ആഘോഷ പരിപാടിസംഘടിപ്പിച്ചു.

പരിപാടിയിൽ നിശാന്ത് വി.പി (സെക്രട്ടറി) സ്വാഗതം പറഞ്ഞു, ബാബുരാജ് ചമ്പയിൽ (പ്രസിഡണ്ട്) അദ്ധ്യക്ഷനും, നക്ഷത്രരാജ്യം ത്രൈമാസിക എഡിറ്ററും, നാടക പ്രവർത്തകനുമായ എടോളി രാധാകൃഷ്ണൻ ഉദ്ഘാടനവും നിർവ്വഹിച്ചു.ആശംസകൾ നേർന്നുകൊണ്ട് സൂര്യയുടെ പ്രസിഡണ്ട് ധനലക്ഷ്മി മോഹൻ ദാസ്, സൂര്യയുടെ സ്ക്രട്ടറി






ത്രിവേണി വിജയൻ, മുക്കണ്ണിയിൽ ഉണ്ണി, മുക്കണ്ണിയിൽ ചന്ദ്രൻ, കൊമ്മേരി എ.എൽ.പി. സ്ക്കൂൾ പി.ടി.എ. പ്രസിഡണ്ട് സുവിൽ, പി.സി. രാധാകൃഷ്ണൻ, കെ.എം.പി. രമേശൻ, ബിജു, സൂര്യയുടെ രക്ഷാധികാരി വി.പി. ബാലൻ, ചിറക്കൽ സുധീഷ്കുമാർ എന്നിവര് സംസാരിച്ചു. ഐശ്വര്യയുടെ വൈസ് പ്രസിഡണ്ട് സുഭിലൻ നന്ദി പ്രസംഗം നടത്തി.

കലാപരിപാടികൾക്ക് ബിനു, എടോളി ശ്രീഷാന്ത്, വിജയകുമാർ, മോഹൻ ദാസ്, പരമേശ്വരൻ, ഷിജിത്ത്, കെ. എം. ചന്ദ്രൻ, രാജൻ, കൊമ്മേരി സുകുമാരൻ എന്നിവർ നേതൃത്വം നൽകി.

# ആത്മപ്രഭാലയ ഗുരുദേവ ദർശനങ്ങൾ

**നിയമലംഘനം എന്നാൽ എന്ത്?**

സത്യവും ധർമ്മവും നീതിയുമുള്ള ഭരണാധികാരികൾ ഉൾകണ്ണുകൊണ്ട് ഭാവിയിൽ ഉണ്ടാകുന്ന ഭരണാധികാരികളെ മുൻകൂട്ടി മനസ്സിലാക്കുകയും അവരുടെ സ്വാർത്ഥതാല്പര്യംകൊണ്ട് എല്ലാ നിയന്ത്രണങ്ങളും അട്ടിമറിക്കപ്പെടും എന്നു ബോദ്ധ്യമുള്ളതുകൊണ്ടുമാണ് നിയമവും നിയന്ത്രണങ്ങളും മുൻക്കൂട്ടി ഒരുക്കിവെച്ചത്. ലോകാവസാനം എന്നതരത്തിലുള്ള ഭാവന ഇവിടെയില്ല. സത്യവും ധർമ്മവും നീതിയും വിരുദ്ധമായി എന്നു ആരു ചിന്തിക്കുന്നുവോ അതു തന്നെയാണ് നിയമലംഘനം. ഈ പ്രപഞ്ചം രാജാവോ മന്ത്രിയോ സൃഷ്ടിച്ചതല്ല. ഈശ്വരസൃഷ്ടിയാണ് എന്നു പറയാം. കാരണം നമ്മളാരും ജനിക്കുമെന്ന് നമ്മൾ കരുതിയിരുന്നില്ല. നമുക്കൊരു മാതാവും പിതാവും ഉണ്ടായതുകൊണ്ട് നമ്മൾ ജന്മമെടുത്തു. അതുപോലെത്തന്നെ നമ്മുടെ അച്ഛനും അമ്മയ്ക്കും ഒരു അച്ഛനും അമ്മയും ഉണ്ടായിരുന്നു അതുകൊണ്ടാണ് അവരും ജനിച്ചത്. ഇത് ഒരു പരമ്പരയായി നിലനിന്നുകൊണ്ടിരുന്നു. ഇതു ബോധ്യമുള്ളതുകൊണ്ടാണ് സത്യവും ധർമ്മവുമുള്ള രാജാക്കന്മാർ ഭൂമിയിൽ നീതിമാനായി വാഴുവാനാകുന്നതിനു വേണ്ടതായ സൗകര്യത്തിനു നിയമം ഉണ്ടാക്കി നിലനിർത്തിയത്.

ആയിരത്തി ഇരുന്നൂറ് വർഷങ്ങൾക്കു മുമ്പ് നാട് ഭരിച്ചത് പന്തളത്ത് രാജ്യവംശമായിരുന്നു. അതേ രാജ്യവംശത്തിലെ രാജാവ് ശബരിമല ക്ഷേത്രം നിർമ്മിച്ചു. രാജ്യഭരണം പിന്നീട് അവസാനിക്കുമെന്നും ജനങ്ങളാൽ തിരഞ്ഞെടുത്തവർ പിന്നീട് രാജ്യം ഭരിക്കുമെന്നും ഇക്കാലയളവിൽ ഇവിടെയെന്തൊക്കെ അനിഷ്ടങ്ങൾ സംഭവിക്കുമെന്നും മുൻ ധാരണയുണ്ടായിരുന്ന രാജാവായിരുന്നു പന്തളം രാജാവ്. അനിഷ്ടങ്ങളെ അതിജീവിക്കുവാനും ധർമ്മത്തിന്റെയും സ്നേഹത്തിന്റേയും പ്രതീകമായ അയ്യപ്പനെ ആരാധിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ഭക്തരെ സംരക്ഷിക്കുവാനും ചൈതന്യം തുളുമ്പുന്ന സമ്പ്രദായത്തിൽ അയ്യപ്പക്ഷേത്രം സംരക്ഷിക്കുവാനും ശബരിമല ശാസ്താവിന് കഴിവുണ്ടെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. ഈ പ്രപഞ്ചത്തിലെ പൂർവ്വികന്മാരായ മുനികൾ, സർവ്വ ജീവജാലങ്ങൾക്കും നിഷ്ഠയായ ജീവിതചര്യ ആചരിച്ച് ഭൂമിയിൽ ജീവിക്കുവാനുള്ള നിയമങ്ങളും നിയന്ത്രണങ്ങളുമുണ്ടാക്കി വെച്ചിരുന്നു. മനഷ്യജീവിതത്തിനു അനുയോജ്യമായി പർവ്വതങ്ങൾ, സമതലങ്ങൾ, വയലുകൾ, തോടുകൾ, പുഴകൾ, കടൽ എന്നിവ നിലനിൽക്കണമെന്നവർ നിഷ്ക്കർഷിച്ചു. ജീവൻ നിലനിർത്തുവാൻ ആഹാരം വേണം. ജലം ശുലഭമായി കിട്ടുന്ന സ്ഥലം വയലുകളായി നെൽകൃഷിക്കും, ബാക്കിയോരോ പ്രദേശത്തിന്റെയും ഗുണത്തിനനുസരിച്ച് വെവ്വേറെ കൃഷി സമ്പ്രദായവും, ഗൃഹ നിർമ്മാണത്തിനു യോജിച്ചത് ഗൃഹത്തിനും, തോട്ടത്തിന് പറ്റിയവ തോട്ടത്തിനുമെല്ലാം ഒരു നിയന്ത്രണത്തിൽ അവർ ചേർത്തുവെച്ചു.

അറിവുള്ളവർ(സത്യവും, ധർമ്മവും, നീതിബോധവുമുള്ളവർ) എങ്ങിനെയാണ് ഈ പ്രപഞ്ചത്തെ നിയന്ത്രണവിധേയമായി നിലനിർത്തിയത്? കുന്നും മലകളും കാടും നശിപ്പിച്ചല്ല, കുന്നും മലകളും, കാടും സംരക്ഷിച്ചുകൊണ്ട് കൃഷിക്ക് എങ്ങിനെ ഗുണമുണ്ടാക്കാം എന്നാണ് അവർ ചിന്തിച്ചത്. മലമുകളിൽ മരങ്ങൾ നട്ടാലും മരങ്ങൾ കാടായി രൂപാന്തരപ്പെട്ടാലും കാലവർഷം ആരംഭിക്കുമ്പോൾ മലമുകളിൽനിന്നുള്ള ജൈവസമ്പത്തുകൾ പാടത്തേക്ക് ഒഴുകിയെത്തും. ആങ്ങിനെയായാൽ പ്രത്യേകിച്ച് യാതൊരു തരവളവും കൃഷിക്ക് വേണ്ടി പ്രത്യേകമായി ചെയ്യേണ്ടിവരികയില്ല. മുൻകൂട്ടിയുള്ള അവരുടെ നിഗമനം എന്നും വിജയമായിരുന്നു.

പരിശ്രമം ചെയ്യുകിലെന്തിലേയും വശത്തിലാക്കാൻ കഴിവുള്ളവണ്ണം ദീർഘങ്ങളാം കൈകളെ നൽകിയത്രെ മാനുഷ്യരെ പാരിലയച്ചതീശ്വൻ.

കാലവർഷം തുടങ്ങുമ്പോൾ വീടുകളും കടകളും റോഡുകളും വെള്ളത്തിൽ മുങ്ങുന്നതിനു കാരണം, പ്രകൃതിയ്ക്കു വിരുദ്ധമായി എന്തുചെയ്താലും ഗുണത്തേക്കാൾ ദോഷമേ ഉണ്ടാകൂ. പലകാരണങ്ങൾ പറഞ്ഞ് ജനങ്ങളെ തെറ്റിധരിപ്പിക്കുക മാത്രമാണ് ഭൗതികവാദം. ജനസംഖ്യ വർദ്ധിച്ചതുകൊണ്ടാണോ ഇവിടെ പ്രശ്നങ്ങൾ ഉടലെടുക്കുന്നത്! രാജ്യത്ത്തനതായ സംസ്ക്കാരമില്ലായ്മയാണ് ഇതിനുകാരണം. ഒരു രാജ്യത്തിന്റെ തനതായ സംസ്ക്കാരത്തിലൂടെ രാജ്യം ഉന്നതിയിലെത്തും. പുരോഗതി പ്രാപിക്കും. നാറാണത്ത് ഗുരുദേവൻ കാണിച്ച വഴികളാണ് ഇന്ന് രാജ്യത്ത് നടക്കുന്നത്. ഒരു ഉരുളൻ പാറ കുന്നിൻ മുകളിൽ എത്തിക്കുവാൻ എത്ര പ്രയാസമുണ്ടെന്നോ! അത് താഴെക്കിട്ട് കൈക്കൊട്ടിച്ചിരിക്കുന്ന അവസ്ഥയാണ് സംസ്ക്കാര ശൂന്യരായ ഓരോ ഭരണാധികാരികളും കാലാകാലങ്ങളിൽ ചെയ്യുന്നത്.

പ്രണാമങ്ങളോടെ



എം. മോഹൻദാസ്, സൂക്തനിലയം, അരീക്കോട്ട് പറമ്പ്, പി.ഒ. കോട്ടൂളി, കോഴിക്കോട്,
ഫോൺ: 9744960052,9744741865

ഗുരുദേവ സ്മൃതിയിൽ സഹകരിക്കുവാനും സംഘടിക്കുവാനും താല്പര്യമുള്ളവർ ബന്ധപ്പെടുക

## നക്ഷത്രരാജ്യം ത്രൈമാസിക മാനേജ്മെന്റ് "ത്രൈമാസിക" നേരിട്ട് സപ്ലൈ ചെയ്യുന്ന കോഴിക്കോട് സിറ്റി, കൊയിലാണ്ടി, മഞ്ചേരിയിലെ പ്രധാനപ്പെട്ട കടകൾ

*ശാസ്താസ്*
(Near K.S.R.C stand)
സിറ്റി ടവറിന് എതിർവശം
മാവൂർറോഡ്, കോഴിക്കോട്.

*ക്വാളിറ്റി സ്റ്റേഷനറി*
7/940,കോർട്ട് റോഡ്
രണ്ടാം റെയിൽവേ ഗേറ്റിന് സമീപം
കോഴിക്കോട്- 673001
ഫോൺ: 2721358

*കെ.ആർ. ബ്രദേഴ്സ്*
എസ്.എം. സ്ട്രീറ്റ്
കോഴിക്കോട്- 673001, ഫോൺ: 2720565

*അളകാപുരി സ്റ്റേഷനറി,*
പാളയം, കോഴിക്കോട്, ഫോൺ: 9946267474

*മലബാർ സ്റ്റേഷനറി,*
(മിംസ് ആശുപത്രിയ്ക്ക് എതിർവശം)
കോഴിക്കോട്

*ലക്കിബുക്ക്സ്*
ന്യൂബസ്സ്റ്റാന്റ്, കൊയിലാണ്ടി
ഫോൺ: 9846544326.

*അസീസ് സ്റ്റേഷനറി*
*കൊയിലാണ്ടി ബസ്സ്റ്റാന്റ്. കോഴിക്കോട്,*

*നെല്ലിക്കുത്ത് ബുക്ക് സ്റ്റാൾ*
(Op) ന്യൂ ബസ്സ് സ്റ്റാന്റ്, മഞ്ചേരി,
ഫോൺ: 9946628758

*വി.എം. സ്റ്റേഷനറി*
ശ്രീകൃഷ്ണ തിയേറ്റർ ഗെയ്റ്റ്
മഞ്ചേരി. ഫോൺ: 9995337568

*ശ്രീദേവി ബുക്ക്സ & പേപ്പേഴ്സ്,*
(കോടതിക്കടുത്ത്), കച്ചേരിപ്പടി
മഞ്ചേരി, ഫോൺ:

*കെ. ആർ. കൂൾബാർ*
(കരിമ്പ് ജ്യൂസ് കട), പഴയ ബസ്സ് സ്റ്റാന്റ്
മഞ്ചേരി ഫോൺ: 9946999413

*യൂണിക്ക് ബുക്ക് സ്റ്റാൾ*
(കോടതിക്കടുത്ത്), മഞ്ചേരി
ഫോൺ: 8281019502

*അപെക്സ് ബുക്ക് സ്റ്റാൾ,*
ബസ്സ് സ്റ്റാന്റ് , രാമനാട്ടുകര
ഫോൺ: ........................

*ഗുഡ്ലൈൻ ബേക്കറി*
(കോയാസ് പോസ്പിറ്റലിനു മുൻവശം)
(കോഴിക്കോടചെറുവണ്ണൂർ)

*അക്ഷര ബുക്ക്സ്* (രാമനാട്ടുകര)
*എം. കെ. ബുക്ക്സ്* (രാമനാട്ടുകര)
*ബുക്ക് ലാന്റ്* (രാമനാട്ടുകര)
*കുട്ടിയാപ്പു സ്റ്റേഷനറി* (രാമനാട്ടുകര)
*മലയാളി ഫാൻസി* (ഫറോക്ക്)
*ചന്ദ്രൻ സ്റ്റേഷനറി* (ഫറോക്ക്)
*രാജൻ സ്റ്റേഷനറി,* (പൊയിൽകാവ്)
*വിജയൻ, ജനറൽമർച്ചന്റ് & സ്റ്റേഷനറി* (പൊയിൽകാവ്)
*അബുബക്കർ സ്റ്റേഷനറി* (പൂക്കാട്)
*ശ്രീൻ സ്റ്റോർ* (അത്താണിക്കൽ)
*പ്രതീത സ്റ്റോർ (മിൽമ)* (പന്തീരാങ്കാവ്)
*ഇ.എൻ. ജി. സ്റ്റോർ* (പന്തീരാങ്കാവ്)
*ടി.കെ. ഗോപാലൻ സ്റ്റേഷനറി* (പൊറ്റമ്മൽ)
*കൃഷ്ണൻക്കുട്ടി സ്റ്റേഷനറി* (പൊറ്റമ്മൽ)
*വാസു സ്റ്റേഷനറി* (മാങ്കാവ്)
*കെ. ജയരാജൻ സ്റ്റേഷനറി* (കാളൂർറോഡ്)
*ഫ്രണ്ട്സ് സ്റ്റേഷനറി* (കാളൂർറോഡ്)
*പ്രമീള സ്റ്റോർ* (കോന്തനാരി)
*കേരളാ സ്റ്റോർ,* 6-ാം മൈൽ, (വെള്ളിപറമ്പ്)
*കൃഷ്ണൻക്കുട്ടി സ്റ്റേഷനറി,* (അത്താണിക്കൽ)
*ജയചന്ദ്രൻ(കുട്ടൻ)സ്റ്റേഷനറി* (വെസ്റ്റ്ഹിൽചുങ്കം)
*വി.കെ.ബി. സ്റ്റോർ* (വെസ്റ്റ്ഹിൽ ചുങ്കം)
*ചുങ്കം സ്റ്റേഷനറി* (വെസ്റ്റ്ഹിൽ ചുങ്കം)
*രാമചന്ദ്രൻ സ്റ്റേഷനറി* (പുതിയപാലം)
*ധർമ്മരാജ് സ്റ്റേഷനറി* (പുതിയപാലം)
*അനിൽ കുമാർ(ബാബു)സ്റ്റേഷനറി* (പുതിയപാലം)
*സുരഭി സ്റ്റേഷനറി* *(ഒളവണ്ണ ബസാർ)*
*രാമകൃഷ്ണൻ സ്റ്റേഷനറി* (നിയർ അപ്സര തിയേറ്റർ ടിക്കറ്റ് കൗണ്ടർ), (കോഴിക്കോട്)
*രാമദാസ് സ്റ്റോർ,* കല്ലായി റോഡ്, (നിയർകല്ലിക്കോട്ടെ ഫണ്ട്സ്, (കോഴിക്കോട്)
*ടി.പി സ്റ്റോർ,* (ശാരദമന്ദിരം)
*കെ.എസ്. സ്റ്റേഷനറി& കൂൾബാർ* (കൈമ്പാലം)
*സാഗരൻ സ്റ്റേഷനറി,* (ഈസ്റ്റ് നടക്കാവ്)
*കവിത സ്റ്റോർസ്,* ദേവഗിരി ബിൽഡിംഗ്,ഫോൺ: 04952355921 (കാലിക്കറ്റ്മെഡിക്കൽകോളേജ)
*എം.സി. ആലിക്കോയ,* വ്യാപാരഭവൻ, (മാങ്കാവ്)
*നാരായണൻ ബുക്ക് സ്റ്റാൾ,* (ഇംഗ്ലീഷ് പള്ളി)
*ബേബി സ്റ്റേഷനറി* (കാരന്തൂർ)

കവിത



രജികുമാർ പുലാക്കാട്

# ടച്ച് സ്ക്രീൻ

എന്റെ മെനുവിൽ
നിൻ വിരൽ മൃദുസ്പർശങ്ങൾ
അനാഛാദനം ചെയ്യപ്പെടുന്ന
ജാലക രഹസ്യങ്ങൾ.

ഞാൻ പോലുമറിയാതെ
എന്നെത്തന്നെ ഡിലിറ്റാക്കുന്ന
നിന്റെ പ്രണയ ചേഷ്ടകൾ
വൈറസാക്രമണത്തിൽ
വീണ്ടും വീണ്ടും തകരുന്ന
ഓർമ്മകളുടെ വിമാനത്താവളം.
മണ്ണിനും പെണ്ണിനുമായി
ചരിത്രാതീത ചോരച്ചൂരുകളുടെ
അടർ നിലങ്ങൾ
മറക്കാനും പൊറുക്കാനുമില്ലാത്ത
സൈബറിടങ്ങൾ.

സന്ദേശങ്ങൾ സ്വകാര്യതകൾ
എല്ലാം ഷെയർ ചെയ്യുന്ന നിനക്ക്
ജീവിതം തുറന്നുവെച്ച പുസ്തകം
നിന്റെ ഇഷ്ടങ്ങളിൽ നിന്നും
പങ്കുവെക്കലുകളിൽ നിന്നും
സ്വാത്മ രക്ഷക്കായ്
വ്യർത്ഥമെന്നറിഞ്ഞിട്ടും
മണലിൽ തല പൂഴ്ത്തുന്ന എനിക്ക്





പാസ്‌വേഡിൽ നിന്ന്
പാസ്‌വേഡിലേക്ക് ജീവിതം-

പോത്തിൻപുറത്തെ പുണ്ണ്
കൊത്തിപ്പറിക്കുന്ന കാക്കയ്ക്കും
നിനക്കും
എന്തു വ്യത്യാസമെന്ന്
ഇടയ്ക്കു ഞാൻ
എന്റെ സഹനത്തിന്റെ
അനന്ത സീമകൾ
സ്നേഹത്തിന്റെ
അതിവിശാലതകൾ
എല്ലാം നിന്നിലെ കാക്ക-

തന്നിൽനിന്നുതന്നെ കുതിച്ചുചാടുന്ന
ഒരു വെള്ളച്ചാട്ടത്തെ
പതിവായി സ്വപ്നം കാണുമെങ്കിലും
നീ തൊടുമ്പോൾ
എല്ലാം പഴയപടിതന്നെ

അറിവോടെയാകുമ്പോൾ
ഒരിക്കലും ഹത്യയാകുന്നില്ലല്ലോ.

## New Style Dresses




Gents & Ladies
Sastha Complex
**Golden Bazar**
Mananthalathazham, Kozhikode
Mob: Mohandas 9387966863

## NAKSHATHRA SILKES & SAREES

P.S.C. BANK BUILDING
Pantheerankave, Mob: 9400931425




SilkDesigner Sarees
Churidar Materials Kids Wears

ESTD 1979

## SHOBA CLINICAL LABORTORY

**Pavangad, Calicut - 21 2392584**
**Mob: HARIDAS 9447462050**
ഞങ്ങളുടെ സഹോദര സ്ഥാപനം
ന്യൂകൃപ എക്സ്റെ & ലബോറട്ടറി, വയനാട് റോഡ്
Op. ഫാത്തിമ ഹോസ്പിറ്റൽ, കോഴിക്കോട്

## T. Kumaran Vaidyar's JAYAPRAKASH PHARMACY

**Malapparamba, Kozhikode - 9,**




**Kerala, India**
**Jayaprasad P.K.**
**Mob : 9447059880**

## DHANA LAKSHMI JEWELLERY





**P.V.S. Shopping Complex,**
**Cheriya Mankave, Kozhikode - 7**
**Prop : M.C. Vinodkumar : Mob : 9847070204**
**Shop : 2331737, Resi : 2324410**

## MANAMKULAM TIMBERS

Chalappuram P.O., Calicut 673 002, Kerala
Whole Sale and Retail Dealer of all Types of Timber logs & Sizes, Nilotika Sizes Available
Ph: Abdul mNazer - 9847010745
Mohemed Faizel - 9847133878

## P.V. ENTERPRISES

DEALERS IN ELECTRICAL & PLUMBING MATERIALS

17/1894/A6, Abba Arcade, East Kottaparamba
G.H. Road, Kozhikode- 1
Ph : 0495 2724100, 9387338100

## MANAMKULAM ENTER PRISES

Chalappuram P.O., Calicut 673 002, Kerala
Ph: **Off: 2302884, Res: 2301916, Mohemmed Ashraf - 9847755130, Faras : 8943957157, 7012461655**
WHOLE SALE DEALER OF ANCHOR PLYWOOD & WESTERN INDIA PLYWOOD / Dealers: Plywood, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc...

## Highness Cool

Refrigeration & Air Conditioning

Near Post Office, Mankave, Calicut- 7
(Service for A/C, Fridge)
Washing Machine, Spray Painting, etc...
Mob : 9349810003

## മനോജ് ടീ സ്റ്റാൾ




**കുറ്റിയിൽതാഴം**
**കോഴിക്കോട്**
**ഫോൺ: മനോജ് 9847915793**

## ശ്രീമുത്തപ്പൻ ഓം ശ്രീ സായ്റാം

കൊളത്തായ് കോംപ്ലക്സ്, പാല
ഫോൺ: 9061434339, 9497752475

**ടൂൾസുകൾ വാടകയ്ക്ക്**

കട്ടിംഗ് മെഷീൻ,സാൻട്രിംങ്ങ് മെഷീൻ, ഡ്രിൽ, കംപ്രസ്സർ,
വെൽഡിംങ്ങ് മെഷീൻ, കോൺക്രീറ്റ് കട്ടിംഗ് മെഷീൻ
തുടങ്ങിയ വിവിധ ടൂൾസ് ,മെഷീനുകൾ വാടകയ്ക്ക്

## CAR TECH

**Krishnan Nair Road Junction, Karaparamba,**
**Calicut-10 Mob: Suresh Babu 9495640243,**
**Ph: 2377017, Res: 2376189**



GOVERNMENT APPROVED
**A SERVICE CENTER FOR MECHANICHAL ENGINEERING PACH WORKS & SPRAY PAINTING FOR ALL CARS & JEEP**

# കാലിക്കറ്റ് ബാർബൽ ക്ലബ്ബ് 48-ാം വാർഷികം ആഘോഷിച്ചു

**നക്ഷത്രരാജ്യം ലേഖകൻ**

**കു**തിരവട്ടം, കാലിക്കറ്റ് ബാർബൽ ക്ലബ്ബിന്റെ 48-ാം വാർഷികവും ബാലകൃഷ്ണൻ മെമ്മോറിയൽ അവാർഡ് ദാനവും കൗൺസിലർ സലീന നിർവ്വഹിച്ചു. ക്ലബ്ബിന്റെ സ്ഥാപകനായിരുന്ന ബാലകൃഷ്ണന്റെ പത്നി ലീനാ ബാലകൃഷ്ണൻ ഭദ്രദീപം കൊളുത്തി. ക്ലബ്ബ് സെക്രട്ടറി കെ. യുഗേഷ് സ്വാഗതം പറഞ്ഞു. എസ്.കെ സാംസ്ക്കാരിക നിലയം പ്രസിഡ് രാമചന്ദ്രൻ, ക്ലബ്ബ് പ്രസിഡ് എ. പ്രകാശൻ, ക്ലബ്ബ് ജോ. സെക്രട്ടറി ബിജോയ് കുമാർ, പാലപ്പറമ്പിൽ അയൽപക്കവേദി പ്രസിഡ് അനിൽകുമാർ ആശംസകൾ നേർന്നു. ക്ലബ്ബ് ട്രഷറർ അനിൽകുമാർ നന്ദി പറഞ്ഞു. കലാപരിപാടികളും അരങ്ങേറി. ■












മാജിക്ക് പ്രദർശനം
ധ്യാൻ പി.എസ്., എൻ.ജി.ഒ. ക്വാർട്ടേഴ്സ് സ്കൂൾ



# കാവ്യശ്രീ ഇ.പി.



**ചെ**ന്നയിൽ, അളകപ്പായൂണിവേഴ്സിറ്റിയിൽ വെച്ച് നടന്ന ഓൾഇന്ത്യാ ഹോക്കി മത്സരത്തിൽ എം.ജി. യൂണിവേഴ്സിറ്റിക്കു വേണ്ടി മത്സരത്തിൽ പങ്കെടുത്ത കാവ്യശ്രീ ഇ.പി. റാഞ്ചിയിൽ നടക്കുന്ന ജൂനിയർ ഹോക്കി ചാമ്പ്യൻഷിപ്പിൽ കേരളത്തിനു വേണ്ടി കാവ്യശ്രീ കളിക്കളത്തിലിറങ്ങും. ആലുവ യു.സി. കോളേജ് വിദ്യാർത്ഥിനിയാണ്. ഫിബ്രവരിയിൽനടക്കുന്ന റോളർ സ്ക്കേറ്റിംഗ് മത്സരത്തിലും കാവ്യശ്രീ എം.ജി. യൂണിവേഴ്സിറ്റിക്കുവേണ്ടിയാണ് സ്ക്കേറ്റ് കെട്ടുക.

# ഹൃദ്യ ഇ.പി.

**ജാ**ർഖണ്ഡിൽ നടക്കുന്ന ഓൾ ഇന്ത്യ സ്ക്കൂൾസ് ഹോക്കി ടൂർണമെന്റിൽ കേരളത്തെ പ്രതിനിധാനം ചെയ്ത് ജഴ്സിയണിയുന്ന ഹൃദ്യ ഇ. പി. സബ്ജൂനിയർ നാഷണൽ മത്സരത്തിലും കേരളത്തിനു വേണ്ടി ജഴ്സിയണിയുന്നു. റോളർ സ്ക്കേറ്റിംഗിൽ സംസ്ഥാനതലത്തിൽ ബ്രോൺസ് മെഡൽ നേടിയ ഹൃദ്യനടക്കാവ് ഹയർ സെക്കന്ററി സ്ക്കൂളിൽ 9 th സ്റ്റാന്റേഡ് വിദ്യാർത്ഥിനിയാണ്.










കവിത

# ഒരുക്കം



ശ്രീധരനുണ്ണി



അഴിമുഖത്തു ഞാനിരിയ്ക്കുന്നു തിര-
യടിച്ചു കാലുകൾ കഴുകിത്തോർത്തുന്നു.
നിറന്ന സന്ധ്യതൻ സുവർണ്ണ കങ്കണം
അഴിച്ചു വയ്ക്കുന്ന തിടുക്കമാകുന്നു.
ഇവിടെ ഞാനെന്റെ പഴയ മാറാപ്പു
തുറന്നു വെച്ചെന്തോ പരതി നോക്കുന്നു
അതിലാകുന്നു ഞാൻ പഠിച്ച പുസ്തകം
അതിലാണെന്നന്തക്കരണ പേടകം.
അവിടെ സ്സൂക്ഷിച്ച തിളങ്ങും മുത്തുകൾ
ചീകഞ്ഞെടുത്തൊരു ചരടിൽ കോർക്കണം.

അമൂല്യമാമൊരു മണിഹാരമാക്കി
വരണ മണ്ഡപം തിരഞ്ഞു പോകണം
അവിടയാകുന്നു സ്വയംവരം, രാജ
കുമാരിമാരെല്ലാ മൊരുങ്ങി നിൽപോകും.
സമയമാകുന്നു തിരകളേ, കാൽകൽ
കഴുകിയാൽ യാത്ര പുറപ്പെടാറായി.
അഴിമുഖമാകെ ക്കറുത്തിരിയ്ക്കുന്നു.
വിളക്കിനു മുമ്പേ തിരിച്ചു പോകണം.


# ശ്രീ ഭദ്ര ജ്യോതിഷം

കർമ്മം, വിദ്യ, വിവാഹം, ശത്രുദോഷം, മാനസിക പിരിമുറുക്കം, ധനം എന്നിവക്ക് രേഖാ ജ്യോതിഷത്തിലൂടെ ഉത്തമ പരിഹാരം

ഭവനം, കടകൾ, പ്ലാറ്റുകൾ തച്ചുശാസ്ത്ര വിധിപ്രകാരം സ്ഥാനം നിർണ്ണയിച്ചു കുറ്റിയടി കർമ്മങ്ങൾ ചെയ്തുകൊടുക്കുന്നു.

ശില്പങ്ങളോടുകൂടി റെഡിമെയ്ഡ് പൂജാമുറികൾ തയ്യാറാക്കി കൊടുക്കും











വാസ്തു പൂജ ചെയ്തുകൊടുക്കുന്നു

ഫോണിൽ ബന്ധപ്പെട്ടശേഷം മാത്രം വരിക.

സുഷാന്ത് എം.പി.

ഫോൺ : 9207943125

തയ്യിൽതാഴം

തച്ചുശാസ്ത്ര വിധിപ്രകാരം മര സംബന്ധമായ എല്ലാ ജോലികളും ചെയ്തുകൊടുക്കുന്നു.

## സി.എം.എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ

**അർഷണ സെന്റർ, കോവൂർ, കോഴിക്കോട്**

ഫോൺ: 0495 2353022, സി.എം. സുന്ദരൻ - 9388412430








ഗ്ലാസ്സ്, പ്ലൈവുഡ്, ഫർണീച്ചർ, ഫൈബർ ഡോർ,
*ഗ്ലാസ്സ് ബെന്റിങ്ങ്, കളറിംഗ്, ബവലിംഗ്, എച്ചിംങ് വർക്സ്*
ഹാർഡ് വേർ, കിച്ചൻ ക്യാബിനറ്റ്, *അക്വേറിയം,*

## സി.എം.എസ്. ഫർണീച്ചർ

**തൊടിയിൽ ബിൽഡിംഗ്, പൊറ്റമ്മൽ , കോഴിക്കോട് 673 017**

ഫോൺ: സി.എം. സുന്ദരൻ 7592 056 056, 7592 058 058, 99950 36 186



BAJAJ FINSERV

**0% - Intrest Bajaj Finance**

പലിശ രഹിത വായ്പാ സൗകര്യം



സോഫസെറ്റ് - 14500 രൂപ മുതൽ
കട്ടിൽ & ബെഡ് - 16000 രൂപ മുതൽ
ബെഡ്റൂം സെറ്റ് - 33900 രൂപ മുതൽ
ഡൈനിംഗ് ടേബിൾ &
6 Nos ചെയർ (Wooden) 21900 രൂപ മുതൽ





ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും

## Agency : KACOPS, KOTTOOLI

**Mob : 9747868041**




**29/1552 A2, KOTTOOLI CENTERE**

**KOZHIKODE - 16**



എല്ലാവിധ ഇൻഡസ്ട്രിയൽ ജോലികൾക്കും സമീപിക്കുക




## ശാരദ
## ഇൻഡസ്ട്രിയൽസ്





**കാളൂർറോഡ് , മാങ്കാവ്**

കോഴിക്കോട് - 673 007

**Mob:9846412070**

ചെറുകഥ



മലയാമ്പള്ളം ശങ്കരൻകുട്ടി

# താഴ്‌വരയിലെ പുകച്ചുരുളുകൾ



മാർച്ച് മാസത്തെ പുലരി പുണ്യകാലമായിരുന്നു. ഇളം മഞ്ഞു കുളിരിനു കുന്നോളം കുസൃതിയും പ്രസരിപ്പും താഴ്‌വര സൂര്യനാളങ്ങളെ താലോലിക്കുകയായിരുന്നു. യൗവ്വനത്തിന്റെ മാരിവിൽ മനസ്സോടെ. ഉരുളൻ കല്ലുകളെ കൊതിപ്പിച്ച് കോരിത്തരിപ്പിക്കുന്ന വശ്യതയാർന്ന തെളിനീരരുവി.

തീരത്ത് വിളഞ്ഞു തുളങ്ങിയ ഗോതമ്പുപാടങ്ങൾ. അരുവിയിൽ നിന്നു ചാലുകീറി ഒഴുക്കിന്റെ ഊർജം പേറി ഗോതമ്പു പൊടിക്കുന്ന ആട്ടച്ചക്കിലൂടെ മുന്നിൽ നില്ക്കുകയായിരുന്നു ജംഷീദ്.

ഓറഞ്ചുവർണ്ണമുള്ള കുർത്തയും പൈജാമയുമണിഞ്ഞ അയാൾ പാടവരമ്പുകളിലൂടെ വീട്ടിലേക്കു നടന്നു.

താഴ്‌വരയിൽ കല്ലുകൾകൊണ്ടു പണിത മനോഹര വീട്. ഗ്രാമതീരം അരുവിയെപോലെ അയാൾക്കും പ്രതീക്ഷകളുണ്ട് ഏറെ.

ഉമ്മ, ബാപ്പ, സഹോദരി, ഭാര്യ ആരിഫ, ഓരോരോ പുത്രനും പുത്രിയും. ജമ്മുകാശ്മീർ പോലീസിൽ കോൺസ്റ്റബിൾ ആയി ഉദ്യോഗം.

റജൗറി മേഖലയിലാണ് പോലീസ് സ്റ്റേഷൻ. വീടും ഇക്കരെതന്നെ.

യൂണിഫോം അണിഞ്ഞ് ബൈക്ക് സ്റ്റാർട്ട് ചെയ്തപ്പഴെ മക്കൾ മുന്നിലെത്തി.

“ആജ് സ്ക്കൂൾ നഹീയെ?”

(ഇന്നു സ്ക്കൂൾ ഇല്ലേ?)

കേന്ദ്രീയ വിദ്യാലയത്തിൽ പഠിക്കുന്നതുകൊണ്ട് വീട്ടിലെല്ലാവരും ഹിന്ദിയാണ് സംസാരിക്കുന്നത്. ഉറ്ദു അത്യാവശ്യം മാത്രം.

ഇല്ലെന്നു തലയാട്ടുന്ന മക്കൾ.

ശരീയാ!

പോലീസുകാരനെന്തു ഞായറാഴ്ച.

അയാൾ അധരത്തെ കടിച്ചു അമർഷത്തെ അകത്തേയ്ക്കു ആവാഹിച്ചു.

“കാക്കാജി....”

“ങ്ും? ”

“കാക്കാജി , ആജ് ജൽദി ആ ജാനാ...”

(പിതാജി, ഇന്നെങ്കിലും നേരത്തെ വരാമോ?)

എന്തിനാണന്നയാൾ മുഖത്തെ പ്രസരിപ്പാർന്ന ചിരിയോടെ പ്രതികരിച്ചു.

“പ്രസാർ ജാനാ. കാബൂളി ചണയ്ക്കേ സാത്ത് ഘരം. ബേൽബൂരി ഘാനാ. കുൽഫി ബിചാഹീയേ”

(അങ്ങാടിയിൽ ചെല്ലണം. ചൂടൻ കടലക്കറിയും ചേർത്ത് ബൂരി തിന്നണം. ഐസ്ക്രീം വേണം.)

അവരുടെ ആവശ്യങ്ങളേറെ

മകൻ ആവശ്യം തുടരുമ്പോഴേക്കും ഭാര്യ കടന്നു വന്നു.

“സബ്ജീ ഉണ്ടി ജാനാ സാബ്ജീ”

(പച്ചക്കറിത്തെരുവിൽ പോവണം എന്റെ നാഥാ)

അവൾ പറഞ്ഞു.

കുങ്കുമപ്പൂവിന്റെ വർണ്ണശോഭയോടെ ശോണിമയാർന്ന കവിൾത്തടങ്ങളിൽ വിരിഞ്ഞ നക്ഷത്രക്കണ്ണുകളും അധരങ്ങളും.

ലജ്ജാവിവശയായി ഒരു കുടന്ന പൂക്കളെറിഞ്ഞു ആരിഫ ഭർത്താവിനെ നിർനിമേഷയായി നോക്കി.

“ആജ് ജൽദി ആവുംഗാ. മിഠാ ജാമൂൺ, ബർഫി, പ്ളം, അ ക്രൂട്ട് സബ് കിലാവുംഗാ ടീക്കേ...”

(ഇന്ന് നേരത്തെ വന്ന് മധുര പലഹാരങ്ങളും മറ്റും കഴിപ്പിക്കാം. പോരെ.)

അയാൾ സമാധാനിപ്പിച്ചു.

“വസ്വാൻ ഘാനാ നഹി ബനാനാ?”

(സ്വാദിഷ്ടമായ കാശ്മീരി ഊണ്- അത് ഉണ്ടാക്കേണ്ടേ.)

രണ്ടു പ്രസവിച്ചിട്ടും അവളിന്നും കുസൃതിക്കാരിയാണ്. തമാശമൊഴിഞ്ഞ് കളിയാക്കാൻ മിടുമിടുക്കി.

“ഖിച്ച് ടി ബനാവോ?”

(മസാലയിൽ അരിയും പരിപ്പും ചേർത്തത്.)





# സൗഹൃദം
# സ്വയം സഹായ സംഘം, കൊമ്മേരി

Reg. No. IDC1357, (Since 2015), Ph: 9895729055, 7907621374

# അഖിലകേരള വടംവലി മത്സരം
## 2020 ജനുവരി 1-ന് കൊമ്മേരിയിൽ
### മാളിയേക്കൽ നിസ്സാമുദ്ദീൻ ഫ്ളഡ് ലൈറ്റ് സ്റ്റേഡിയത്തിൽ സംഘടിപ്പിച്ചു.



**വടംവലി മത്സരത്തിൽ 20,020 രൂപ + 6 Feet ട്രോഫി: ഗ്രാന്റ് സ്റ്റാർ-പുളിക്കൽ ഒന്നാം സ്ഥാനം**

സൗഹൃദം സ്വയം സഹായ സംഘം, കൊമ്മേരിയുടെ 5-മത് വാർഷികത്തോടനുബന്ധിച്ച്, 2020 ജനവരി 1 ന് കൊമ്മേരിയിൽ പ്രത്യേകം തയ്യാറാക്കിയ മാളിയേക്കൽ നിസ്സാമുദ്ദീൻ ഫ്ളഡ് ലൈറ്റ് സ്റ്റേഡിയത്തിൽ വെച്ച് അഖിലകേരള വടംവലി മത്സരം സംഘടിപ്പിച്ചു.

കോഴിക്കോടിന്റെ ചരിത്രത്തിൽ തന്നെആദ്യമായി ഒന്നാം സമ്മാനം 20,020 രൂപയിൽ തുടങ്ങി 24-ാം സമ്മാനം 2000 രൂപവനൽകി



**15,015 രൂപ+5 Feet ട്രോഫി: ഹായ് ഫ്രണ്ട്സ്- കാലിക്കറ്റ് രണ്ടാം സ്ഥാനം**

കൊണ്ടുള്ള ഏറ്റവുംവലിയ വടംവലി മാമാങ്കം.

കേരളത്തിന്റെ വിവിധ ജില്ലകളിൽനിന്നായി മുപ്പത്തിയൊന്നോളം ടീമുകൾ പങ്കെടുത്തു.

പ്രാർത്ഥനയോടെ കാര്യപരികൾ ആരംഭിച്ചു. സ്വാഗതം സുരേഷ്കാമാർ (സഹൃദ സ്വയം സഹായ സംഘം), അദ്ധ്യക്ഷൻ ശരേഷ് ചെറോളി (സഹൃദ സ്വയം സഹായ സംഘം),



**12,012 രൂപ+ 4 Feet ട്രോഫി ഉദയ പുളിക്കൽ മൂന്നാം സ്ഥാനം**

ഉദ്ഘാടനം കെ. അഷറഫ് (കോഴിക്കോട് നോർത്ത് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ), മുഖ്യതിഥി എം.സി. അനിൽകുമാർ (കോഴിക്കോട് കോർപ്പറേഷൻ നഗരാസൂത്രണ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ) എന്നിവർ നിർവ്വഹിച്ചു.

വടംവലി മത്സരത്തിൽ വിജയികളായ 20,020 രൂപ+ട്രോഫി: ഗ്രാന്റ് സ്റ്റാർ- പുളിക്കൽ ഒന്നാം സ്ഥാനം,

15,015 രൂപ+ട്രോഫി: ഹായ് ഫ്രണ്ട്സ്- കാലിക്കറ്റ് രണ്ടാം സ്ഥാനം,

12,012 രൂപ+ട്രോഫി ഉദയ പുളിക്കൽ മൂന്നാം സ്ഥാനം എന്നി ടീമുകൾക്ക് ലഭിച്ചു.





ഖിച്ച് ടീ ഉണ്ടാക്കാൻ പറഞ്ഞു അയാൾ പ്രാർത്ഥിച്ചു പോയി:

"ഇൻഷാ അള്ളാ...!"

പിള്ളേരേക്കാളും നാണം അമ്മക്കാണ്. ശരീരങ്ങളും മനസ്സുകളും അത്രയേറെ അലിഞ്ഞു ചേർന്നിരിക്കുന്നു.

തുടർകഥകളാകുന്ന ദിനചര്യ ദൈന്യതയുടെ താളമായി അവളിലേക്കു പടരുകയായിരുന്നു. ജമ്മു കാശ്മീർ പോലീസുകാരന്റെ ഭാര്യയുടെ മാനസിക സമ്മർദ്ദ തുടിപ്പുകൾ.

ജോലിയ്ക്കു പോവുന്നതറിയാം. എപ്പോൾ വരുമെന്നറിഞ്ഞുകൂടാ. തണുത്തുറഞ്ഞ ഉച്ചയൂണും അത്താഴവും കഴിച്ചുറങ്ങാൻ വിധിക്കപ്പെട്ടവർ. ബാപ്പയുടെ സ്നേഹമറിയാതെ വളരുന്ന മക്കൾ.

ഭീകരവാദികളുടെ വെടിയോച്ചകൾ. ശത്രുസൈന്യത്തിന്റെ ഷെല്ലാക്രമണം. ഭയവിഹ്വലതയുടെ കരിനാഗച്ചീറ്റലും പെരുംപാറ മുഴക്കങ്ങളും. പ്രതികരിക്കാനാവാതെ ബങ്കറിലൊളിക്കേണ്ട രാപ്പകലുകൾ.

തീവ്രവാദികളുടെ പത്തിയരിയുന്ന പട്ടാളക്കാർക്കുനേരെ കല്ലെറിയുന്ന കലാപകാരികൾ.

അവരെന്തു പിഴച്ചു?

പട്ടാളക്കാരും അർദ്ധ സൈനികരുംപോലീസുകാരും മനുഷ്യജീവികളല്ലെ? അവർക്കും മാതാപിതാക്കളും സഹോദരീ സഹോദരന്മാരും ഭാര്യയും മക്കളും ബന്ധുക്കളുമില്ലേ?

ഇവരുടെയെല്ലാം മാനസിക സമ്മർദ്ദങ്ങൾ ആരറിയും? നിഴലുകൾ മനസ്സിനെ കീഴടക്കുമ്പോൾ രാഷ്ട്രീയ റൈഫിൾസിന്റെ സദ്ഭാവനയിടങ്ങളിൽ ചെന്നിരിക്കും സൗഹൃദങ്ങൾ ഊഷ്മളത പകർന്നു കൊണ്ടിരിക്കും.

ഭയവും നൈരാശ്യവും സദാ വേട്ടയാടപ്പെടുമ്പോഴുണ്ടാകുന്ന വിരക്തി.

പോലീസുകാരെ തട്ടികൊണ്ടുപോയി വധിക്കുന്ന തീവ്രവാദികൾ. കുടുബാംഗങ്ങളെ തട്ടികൊണ്ടുപോയി വിലപേശുന്നവർ.

ജംഷീദിന്ന് അന്നത്തെ ഡ്യൂട്ടി എയ്ഡ് പോസ്റ്റിലായിരുന്നു. മാഗസിനിൽ റൗണ്ട് നിറച്ച് റൈഫിളിൽ സില്ലിംഗ് ഘടിപ്പിച്ച് തോളിലിട്ടു.

സഹപ്രവർത്തകനൊരു വിമുക്തഭടനായിരുന്നു.

ജെ ആൻഡ് കെ ലൈറ്റ് ഇൻഫൻട്രിയിലെ എക്സ്. ഹവിൽദാർ അഹമ്മദ് മുന്ന. പട്ടാളത്തിലെ വീരകഥകൾ. പെൻഷൻ പറ്റി സ്വദേശത്തേക്കു ചെന്നപ്പോഴുണ്ടായ ദുരനുഭവങ്ങൾ. വിമുക്തഭടന്മാരെ തേടി അർധരാത്രി വീട്ടിൽ കയറി വരുന്ന ഭീകരവാദികൾ. റൈഫിൾ ചൂണ്ടിയാവും ആക്രോശം. ഭീകര സംഘടനയിൽ ചേരണം. അല്ലെങ്കിൽ മരണം.

സ്വന്തം രക്ഷപ്പെടലാണ് ഈ ജോലി. ചേട്ടൻ ഡിഫൻസ് സെക്യൂരിറ്റി കോറിലാണ്.

സ്വന്തം നാട്ടിനുവേണ്ടി പടപൊരുതി രക്തം ചിന്തിയ സൈനികർക്കാവില്ലല്ലോ അതേ നാടിനെതിരെ കോക്ക്ലിവർ ചലിപ്പിക്കാൻ.! ജമ്മു– നഗ്രോത്ത– പൂഞ്ച് റോഡിലൂടെ പട്ടാളകോൺവോയ് ട്രക്കുകളുടെ യാത്രയിൽ ആവേശഭരിതനായിരിക്കുകയായിരുന്നു ജംഷീദ്.

സ്വന്തം നാടുകളിലെ നീരുറവയ്ക്ക് അസഹ്യമായ ചൂടും ഉപ്പുരസവും. കേട്ടറിവ് ശരിയാണെങ്കിൽ ഇതൊരു സ്വർഗ്ഗീയ തീരമായിരുന്നു. സമാധാനവും സംമൃദിയും നൂറുമേനി വിളഞ്ഞിരുന്ന താഴ്വരകൾ.

ഈ പകലിൽ ഉരുണ്ടു കൂടിയ കാർമേഘങ്ങളും കൂരിരുട്ടും പോയിക്കഴിഞ്ഞ് നാളത്തെ പുലരിയിൽ പൂക്കൾ വിരിഞ്ഞിരുന്നെങ്കിൽ! ■

ലേഖനം



# പ്രാർത്ഥനയുടെ അകവും പൊരുളും

എ.കെ.എ റഹ്മാൻ, എഡിറ്റർ, ദേശീയോദ്ഗ്രഥനം മാസിക
കൊടുങ്ങല്ലൂർ.

എന്താണ് പ്രാർത്ഥന? സർവ്വസാധാരണമായി കേൾക്കുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മാനുഷികമായ ഒരു കർമ്മമാണ് പ്രാർത്ഥന. സ്രാഷ്ടാവും സൃഷ്ടികളും തമ്മിലുള്ള അഥവാ സൃഷ്ടികൾ സ്രാഷ്ടാവിനോട് എന്തെങ്കിലും ഉദ്ദേശ ലക്ഷ്യം നിറവേറ്റുവാൻവേണ്ടി നിർവ്വഹിക്കുന്ന മാനുഷിക കർമ്മമാണ്.

പ്രാർത്ഥന അർത്ഥനയാണ്, അഭ്യർത്ഥനയാണ്, അപേക്ഷയാണ്. വിശ്വാസി സമൂഹത്തിന്റെ നൈസർഗ്ഗികപ്രവണതയാണത്. സൃഷ്ടാവായ ഭഗവാനും (ദൈവവും) ഭക്തജനങ്ങളും തമ്മിലുള്ള ആത്മീയമായ കൂടിക്കാഴ്ചയാണത്. ആ കൂടിക്കാഴ്ചയിൽ ഇരുകൂട്ടരുടെയും സാന്നിധ്യമുണ്ടാവുകയില്ല. ഭക്തരുടെ സാന്നിദ്ധ്യമുണ്ടാകും. എന്നാൽ ദൈവം മറഞ്ഞിരിക്കുന്നു. അരോചകമായ ശക്തിയാണല്ലൊ, പരാശക്തിയാണല്ലൊ ദൈവം. പ്രപഞ്ചമാകട്ടെ ദൃശ്യവും. പ്രപഞ്ചസ്രഷ്ടാവ് അദൃശ്യനുമാണ്. അതാണ് പ്രപഞ്ച പ്രതിഭാസത്തിന്റെ അടിത്തറ.



നമുക്ക് എന്തെങ്കിലും വിഷമമോ ബുദ്ധിമുട്ടോ അനുഭവപ്പെടുമ്പോൾ നാം നാമുമായി ഏറ്റവും ബന്ധപ്പെട്ടവരുമായി അതുപങ്കുവെക്കുന്നു. പങ്കുവെക്കുകമാത്രമല്ല, പരിഹാരം കാണാൻ കഴിയുന്നതിനും ശ്രമിക്കുന്നു. എന്നാൽ അതിലെത്രയോ ഉയർന്നതാണ് നമ്മെ സൃഷ്ടിച്ചു വളർത്തി പരോക്ഷമായെങ്കിലും നിർണ്ണായകമായ പങ്കുവഹിക്കുന്ന ഭഗവാനോട്, ഈശ്വനോട് അപേക്ഷയെന്ന പ്രാർത്ഥനയിൽ മുഴുകുന്നത് ആശ്വാസകരമാകുമല്ലൊ. ഒരുയഥാർത്ഥ ഭക്തൻ ആശ്വാസം കിട്ടാൻ ഭഗവാനോടായിരിക്കണം പ്രാർത്ഥിക്കേണ്ടത്. ഭക്തി പ്രകടിപ്പിക്കേണ്ടതു ഭഗവാനോടായിരിക്കണം. ഭക്തിയെന്നത് ഭക്തന് ഭഗവാനോട് നിർവ്വഹിക്കാനുള്ള കടപ്പാടാണ്. എല്ലാറ്റിനേക്കാളും കൂടുതൽ ഭക്തന് ബന്ധമുണ്ടാകേണ്ടത് ഭഗവാനോടാണ്. ഭഗവാൻ, ഭക്തൻ, ഭക്തി എന്ന ത്രീമൂല സമവാക്യം ഭക്തിവിജ്ഞാന ശാഖയിലെ അടിസ്ഥാന കർമ്മസൃഷ്ടികളാണ്. മറ്റൊരു സഹായഘടകമുണ്ട്. അതാണ് മനുഷ്യഹൃദയം. ഹൃദയം തുറന്ന് പ്രാർത്ഥിക്കയെന്ന് പറയാറില്ലേ?

ഹൃദയത്തിന് പൂട്ടിട്ടിരിക്കുന്നുവോ? എന്നൊക്കെ പറയാറുണ്ട്. പ്രാർത്ഥനയുടെ അന്തരാളം ഹൃദയമാണ്. ഹൃദയംഗമമായ– ഹൃദയം പൊട്ടുമാറുള്ള എന്നൊക്കെയുള്ള പ്രായോഗമില്ലേ?

അതുപോലെ ഹൃദയാന്തരാളത്തിലെ പ്രാർത്ഥന കേൾക്കാനും ഭഗവാനുണ്ടോ, ദൈവമുണ്ടോ? എന്നുള്ള പ്രയോഗശകലങ്ങൾ പ്രചാരത്തിലുണ്ട്.

പ്രാർത്ഥന ദൈവീകമായുണ്ട്, മാനുഷിക നിർമ്മിതമായതുമുണ്ട്. ഏതാണ് തെരഞ്ഞെടുക്കേണ്ടതെന്ന് തീരുമാനിക്കേണ്ടത് ഭക്തജനങ്ങളാണ്. വ്യക്തിപരവും സമൂഹപരവുമായ പ്രാർത്ഥനശീലങ്ങളും മുറകളും പ്രചാരത്തിലുണ്ട്. അതൊക്കെ പഠിക്കുകയും പ്രായോഗിക ജീവിതത്തിൽ നടപ്പിലാക്കുകയും ചെയ്യുക. അതാണ് കരണീയമായത്. അതിലേക്ക് വെളിച്ചം വീശുകമാത്രമാണിവിടെ നിർവ്വഹിക്കുന്നത്. ■

Printed, Published and owned by E. Radhakrishnan on behalf of E. Radhakrishnan (name of owner) Edoli House, Kommeri, P.B. 1205, Mankave P. O, Kozhikode District in Kerala state, India Pin: 673007 and printed at Redstar Printers, Calicut for Geethanjali web offsets, Geethanjali building, NH 17, Kundayithode, Kolathara P O, Kozhikode - 673055 and published at Kozhikode- Editor E. Radhakrishnan.



# K. V. CURTAINS

CURTAIN, SOFA, CUSHIN ETC, WORKS

കർട്ടൻ വാഷ് ചെയ്തുകൊടുക്കുന്നു



Near Kuthiravattom Hospital, Kuthiravattom, Kozhikode-673016

Ph : 9387421203, 9747531203


## നക്ഷത്രരാജ്യം–തകഴി അവാർഡ്

2020ലെ നക്ഷത്രരാജ്യം - തകഴി അവാർഡ് പ്രശസ്ത സാഹിത്യകാരനായ ശ്രീ. ഇയ്യങ്കോട് ശ്രീധരൻ പാലക്കാട് കൊല്ലങ്കോടിലെ പി. സ്മാരകനിലയം ഹാളിൽ വെച്ച് ഏറ്റുവാങ്ങും. പ്രഥമ അവാർഡ് ശ്രീ. യു.എ. ഖാദറിനും പിന്നീടുള്ള വർഷങ്ങളിൽ ശ്രീ. പി.ആർ. നാഥൻ, ശ്രീമതി കെ.പി. സുധീര എന്നിവർക്കുമാണ് ലഭിച്ചിട്ടുള്ളത്. മാർച്ച് 1-ാം തീയതി ഞായറാഴ്ച രാവിലെ 11.30ന് നടക്കുന്ന സമ്മേളനപരിപാടിയിലേക്ക് എല്ലാ മാന്യ സാഹിത്യകാരന്മാരെയും കവികളെയും കലാകാരന്മാരെയും പുസ്തക ആസ്വാദകരെയും മഹാജനങ്ങളെയും കൊല്ലങ്കോട് പി. സ്മാരക നിലയത്തിലേക്ക് ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.



**സെക്രട്ടറി**
**മഹാകവി പി. സ്മാരക നിലയം,**
**കൊല്ലങ്കോട്.**

**ഇയ്യങ്കോട് ശ്രീധരൻ**
**പ്രശസ്ത സാഹിത്യകാരൻ**

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**
**മാനേജിംഗ് എഡിറ്റർ**
**നക്ഷത്രരാജ്യം ത്രൈമാസിക**

**നക്ഷത്രരാജ്യം ബുക്സ് "അഗ്നിജ്വാലകം" കവിതാസമാഹാരം**
**മാർച്ച് അവസാനവാരം കോഴിക്കോട് വെച്ച് പ്രകാശനം ചെയ്യുന്നു.**

വിവരങ്ങൾക്ക് ബന്ധപ്പെടുക: നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ
ഫോൺ : 9847649567, 9744233997, 9072832823

Vol : 3, Issue : 7
RNI Reg. No: KERMAL 16195

NAKSHATHRARAJYAM
TRI-MONTHLY (QUARTERLY)

2020 FEBRUARY
MARCH, APRIL







Printed, published and owned by E.Radhakrishnan on behalf of E.Radhakrishnan (name of owner) Edoli House, Kommeri, P B No.1205,Mankavu P O, Kozhikode District in Kerala State, India Pin:673007 and printed at Redstar Printers, Calicut for Geethanjali Web Offsets, Geethanjali Bldg., NH-17, Kundayithode, Kolathara P.O., Kozhikode-673055 and Published at Kozhikode, Editor E.Radhakrishnan.